KOTTAYAM PUBLIC LIBRARY

Call No MA2 Acc. No 13240

Author [illegible]

Title [illegible]

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

### CALLING ENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# രഘുവംശം

13240

ഗ്രന്ഥകർത്താ:—
വിദ്വാൻ, ഇ. പി. ഭരതപ്പിഷാരടി.

പ്രസാധകന്മാർ:
പ്രകാശകൌമുദി പ്രിൻടിങ്ങ് വർക്ക്സ്,
കോഴിക്കോട്.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

1955] [വില: 1—4—0

First Edition 1955.

MA2

*Copyright to publishers.*

Registered Publishers:
The Prakasakaumudi Printing Works, Calicut.
Regd. No. 402

Printed at
The Prakasakaumudi Printing Works, Calicut.

# ആമുഖം.

പഴയ പണ്ടങ്ങഠം നാം പെട്ടിയുടെ കള്ളറയിൽവെച്ചു് സൂക്ഷിക്കാറുണ്ടു്. അവ മിക്കവാറും ആധുനികകാലത്തു് അപരിഷ്കൃതങ്ങളെന്നവഗണിക്കപ്പെട്ടിരിക്കയാണു്. ചില സാഹസികർ, അവയുടെ മാഹാത്മ്യത്തെപ്പററി അറിവില്ലായ്ക്കകൊണ്ടായിരിക്കാം, അവയെ ആധുനികരീതിയനുസരിച്ചു് ഉടച്ചുപണിയുകയും പതിവാണു്. നൂററാണ്ടുകഠംക്കു മുമ്പു് മുത്തുമുത്തശ്ശിമാരണിഞ്ഞിരുന്ന ആ പഴയ ഈടുവെപ്പുകളുടെ ഒരു ശകലംമതി, നവീനപരിഷ്ക്കാരത്തിൽ അസംതൃപ്തകളായ മഹിളാമണികഠംക്കു് ആകഷ്ണീയമായ ആകാരചാരുത അരുളുവാൻ. ഈ പുസ്തകത്തിൻെറ നിമ്മിതിയെസ്സംബന്ധിച്ചിടത്തോളം ഞാനും അങ്ങനെയുള്ളൊരു സാഹസികൻതന്നെയായിത്തീന്നിരിക്കുന്നു. പക്ഷേ ഒരു സമാധാനമാണുള്ളതു്. ഉടച്ചു പണിയുമ്പോഠം അതിന്നാധാരമായ പണ്ടം ആകെത്താറുമാറായിത്തീരുന്നു. ഒരു കവിസൂക്തി എത്രതന്നെ രൂപാന്തരപ്പെടുത്തിയാലും അതിന്നുള്ള മാററും മിഴിവും ഒരു കാലത്തും പോയ്പോകുന്നതല്ല. അല്ലെങ്കിൽ 'വ്യയേ കൃതെ വദ്ധത ഏവ നിത്യം' എന്ന പ്രാമാണികവചനം വിജ്ഞാനസാമാന്യത്തിൻെറ ഒരു വിലക്ഷണധമ്മമാണല്ലോ.

രഘുവംശം ഒരു പൌരാണികരാജവംശാവലിയുടെ ചരിത്രമാണെന്നു സമ്മതിക്കാം. പക്ഷേ അതു് വെറുമൊരു ചരിത്രം മാത്രമല്ല. മരിച്ചു മൺതരികളായിത്തീൎന്ന ആ പൌരാണികവ്യക്തികളെ കല്ലറകളിൽനിന്നുയിൎത്തെഴുന്നേല്പിച്ചു് ചിരഞ്ജീവിത്വത്തിലേക്കുയൎത്തുവാനുള്ള ഒരു കലാവിരുതു് അതിലുടനീളം കാണാം. വിഷ്ണുപുരാണത്തിൽ നാം കണ്ട ആ പൌരാണിക കഥ ഒരു മഹാകാവ്യപദത്തിലേക്കുയരാനുള്ള കാരണവുമതുതന്നെയാണു്.

ദിലീപൻമുതൽ അഗ്നിവൎണ്ണൻവരെ ഒട്ടധികം രാജാക്കന്മാരുടെ വിചിത്രജീവിതങ്ങൾ, തികഞ്ഞ കലാമൂല്യത്തോടെ വൎണ്ണിച്ചുകാട്ടുന്ന ഒരു മഹാകാവ്യമാണു് രഘുവംശം. രാജവാഴ്ചയിൽ സംഭവിക്കാവുന്ന സകല നേട്ടങ്ങളും കോട്ടങ്ങളും ഇതിലുടനീളം നമുക്കു് കാണാം. ഭൂമുഖത്തെ മുഴുവനും സസ്യശ്യാമളമാക്കാൻവേണ്ടി കടലിൽനിന്നു വെള്ളം വലിച്ചെടുത്തു് മലമുകളിൽ വൎഷിക്കുന്ന പരാൎത്ഥവൃത്തികളായ കനത്ത മേഘങ്ങളെ നമുക്കതിൽ കാണാൻകഴിയും. അളിഞ്ഞുനാറിയ വിഷയാസക്തിയുടെ ചളിയിൽകിടന്നു പുളയുന്ന ചാണകപ്പുഴുക്കളേയും അതിൽ കണ്ടെത്താം. എന്തുമാവട്ടേ, മനുഷ്യജീവിതത്തിൻെറ കുന്നും കുഴിയും മണവും നാററവും വിടൎച്ചയും വീഴ്ചയും തള്ളലും തകൎച്ചയും നാമതിലുടനീളം കാണുന്നു.

ഉൽകൃഷ്ടമായൊരു മഹാകാവ്യമെന്ന നിലക്ക് കാളിദാസൻ പൌരാണിക കഥാതന്തുവിൽ പല കലാവിരുതുകളും ഗ്രന്ഥനംചെയ്തു ചേർത്തിട്ടുണ്ട്. അവയുടെ പരിമളവും പരഭാഗഭംഗിയും കുറഞ്ഞൊരു ശതമാനമെങ്കിലും ഈ ആഖ്യായികയിലും പ്രതിഫലിപ്പിക്കണമെന്ന് ഞാൻ അഭിലഷിച്ചിട്ടുണ്ട്. അതു് കരുതിയപോലെ പ്രായോഗികമല്ലെന്ന് ആൎക്കും അറിയാവുന്നൊരു പരമാൎത്ഥമാണ്. ആശയങ്ങളുടെ അപാരതയെ ആക്കവും ഒതുക്കവും അഴകുമുററ അല്പം ചില പദങ്ങൾകൊണ്ടാവിഷ്ക്കരിക്കാൻ അസാധാരണമായൊരു കഴിവാണ് കാളിദാസന്നുള്ളതു്. അവയെ ഒരു സാധാരണക്കാരൻെറ അവിദഗ്ദ്ധഹസ്തം പകൎത്തുവാൻ ഒരുമ്പെട്ടുകയാണ് ചെയ്യുന്നതു്. ആ നിലക്ക് എങ്ങനെയതു് പ്രായോഗികമാകും. അല്ലെങ്കിൽ ആ കവിസാൎവ്വഭൌമൻെറ പിറകെനിന്ന് ഞാനും ആഗാനമേററുപാടട്ടേ.

* "മന്ദഃ കവിയശഃ പ്രാൎത്ഥീ
ഗമിഷ്യാമ്യുപഹാസ്യതാം.
പ്രാംശുലഭ്യേഫലേലോഭാൽ
ഉദ്ബാഹുരിവവാമനഃ"

ഈ സാഹസംകൊണ്ട് ഞാൻ ഇത്രമാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ. കാളിദാസൻെറ കലാനിൎമ്മിതിയുടെ ഒരേകദേശ

---

*മറയൻ ഞാൻ പേർകൊതിച്ചു പരിഹാസ്യതയാൎന്നിടാം;
ഉയൻകാണും മാങ്ങക്ക് കൈനീട്ടും കുറിയൻവിധം.

ബോധമെങ്കിലും സംസ്കൃതമറിയാത്ത മലയാളികൾക്കുണ്ടാക്കിക്കൊടുക്കുക അതോടുകൂടി ആ കലാകേന്ദ്രത്തിൻെറ ഹൃദയത്തിലേക്ക് ഒരു പ്രവേശനദ്വാരം തെളിയിച്ചുകൊടുക്കുക. ഈ ഉദ്ദേശം എത്രമാത്രം ഫലിച്ചിട്ടുണ്ടോ ?

ഒരു കൊച്ചുകുട്ടി കറൻസി നോട്ടെടുത്ത് കടലാസുവഞ്ചിയുണ്ടാക്കിയെന്നിരിക്കട്ടെ. അവൻെറ നിഷ്കളങ്കമായ ആ അജ്ഞതയിൽ അച്ഛന് തോന്നുന്ന മനോഭാവമെന്തോ, അതാണ് ഞാൻ വായനക്കാരിൽനിന്നു പ്രതീക്ഷിക്കുന്നതു്. അവർ തല്ലുമായിരിക്കാം, തലോടുമായിരിക്കാം; രണ്ടിനും കുനിഞ്ഞ ശീർഷവുമായി ഞാൻ അവരുടെ മുമ്പിൽ നില്ക്കുന്നു.

എരനെല്ലൂർ,
29—6—'55.

ഗ്രന്ഥകർത്താ

# രഘുവംശം.

## അദ്ധ്യായം 1.

വളരെക്കാലം മുമ്പാണതു്; വൈവസ്വതമനു രാജ്യം ഭരിച്ചിരുന്നു. അദ്ദേഹം ആദ്യത്തെ രാജാവായിരുന്നുവത്രെ.

പരിശുദ്ധമായ ആ രാജവംശത്തിൽ ദിലീപനെന്നൊരു രാജാധിരാജൻ വാണിരുന്നു. ഉറച്ച മാറു്, ഉയൎന്ന ചുമൽ, നീണ്ട കൈകൾ, ഒത്ത ഉയരം; അങ്ങനെ ലക്ഷണമൊത്ത ആ ശരീരം കണ്ടാൽ കറകളഞ്ഞ ക്ഷത്രിയതേജസ്സ് ഉടലെടുത്തുദയംകൊണ്ടതാണെന്നേ തോന്നൂ.

ആകൃതിക്കൊത്ത ബുദ്ധി, ബുദ്ധിക്കൊത്ത പഠിപ്പ്, പഠിപ്പിനൊത്ത പ്രവൃത്തി, പ്രവൃത്തിക്കൊത്ത അഭിവൃദ്ധി; ഇവയെല്ലാം കൈകോൎത്തുപിടിച്ചാണു് അദ്ദേഹത്തിൽ കുടികൊണ്ടിരുന്നതു്.

ആ ചക്രവൎത്തിയിൽ പല ഗുണങ്ങളും പരിലസിച്ചിരുന്നു. ചിലതു തീക്കട്ടപോലെ തീക്ഷ്ണവുമുജ്ജ്വലവുമാണു്. ചിലതോ, പനിനീൎപ്പൂവുപോലെ പരിമളം പരത്തുന്നതും. അതുകൊണ്ടു് പ്രജകൾക്കു് അദ്ദേഹവുമായി അടുക്കാനും അടുക്കാതിരിക്കാനും വയ്യെന്ന നിലയായി. അഗാധമായ ആഴിപ്പരപ്പില്ലേ? തിമിം

ഗലമുണ്ടെന്നു കരുതി ആരുമതിനെ കൈവെടിയാറില്ലല്ലോ. അളവററ അമൂല്യരത്നങ്ങൾ അതിലല്ലേ കിടക്കുന്നതു്. പ്രജകളെദ്ദേഹത്തെ സമീപിക്കുന്നതെങ്ങിനെ? സമീപിക്കാതിരിക്കുന്നതെങ്ങനെ?

സൂൎയ്യൻ സമുദ്രത്തിൽനിന്നു് വെള്ളമാവിയായി വലിച്ചെടുക്കാറുണ്ടു്, വരണ്ട കുന്നിൻചെരിവുകളിൽ സമൃദ്ധിയായി വൎഷിക്കാൻ. നികുതി പിരിക്കുന്ന കാൎയ്യത്തിൽ ആ രാജാവു് ആദിത്യഭഗവാനെയാണു് മാതൃകയാക്കിയതു്. ഉള്ളവരിൽനിന്നു പിരിച്ചെടുക്കും. ഇല്ലാത്തവരിലതു വൎഷിക്കും. ആ ഭരണത്തിൽ വല്ലായ്മതോന്നിക്കുന്ന വരൾച്ചയില്ല, വീൎപ്പുടക്കുന്ന വെള്ളപ്പൊക്കവുമില്ല.

സർവ്വവിഷയങ്ങളിലും അവിടേക്കു് അഗാധമായ അറിവുണ്ടു്. അതു നാക്കുകൊണ്ടദ്ദേഹം വെളിപ്പെടുത്തുകയില്ല. അസാധാരണമായ ശക്തിയുണ്ടു്. പക്ഷേ, ക്ഷമ അതിനെ പുറത്തുകാട്ടുവാൻ അനുവദിക്കുകയില്ല. ആൎക്കുമെന്തും അവിടന്നു കൊടുക്കും. എങ്കിലും വലംകൈകൊണ്ടു കൊടുത്തതു് ഇടംകൈ പോലും അറിയാറില്ല. ഇങ്ങിനെ ഗുണങ്ങളുടെ പുറകെ ഗുണങ്ങൾ തുടരുകയാൽ അവയെല്ലാം ഉള്ളതിലധികം മിഴിവുകൂടിയപോലെ തോന്നി.

ഭൂമി ആ രാജാധിരാജന്നു് ഒരു വെറും കോട്ടമാത്രമാണു്. കടലാണതിൻെറ കിടങ്ങു്. മണൽത്തിട്ടു് മതിൽക്കെട്ടും. ആ വലിയ സാമ്രാജ്യത്തെ ഒരു കൊച്ചുകോട്ടപോലെ അദ്ദേഹം ഭരിച്ചുപോന്നു.

അവിടേയ്ക്കൊരു സഹധർമ്മിണിയുണ്ട്. സുദക്ഷിണ. ഒരു റാണിക്കൊത്ത ഗൌരവം; കാമിനിയ്ക്കു വേണ്ട സൌന്ദര്യം; പത്നിക്കുവേണ്ട പരിശുദ്ധി, ഇതെല്ലാമവൾക്കുണ്ട്. പക്ഷെ അതുകൊണ്ടൊന്നും ആ ദമ്പതികൾ പരിപൂർണ്ണരായില്ല. എല്ലാമുണ്ടെന്നാലും ആ ജീവിതങ്ങൾക്കൊരു പോരായ്മയുണ്ട്. ഒരില്ലായ്മയുണ്ട്. ഒരു സന്താനം.

അദ്ദേഹം രാജ്യഭാരമെല്ലാം തൽക്കാലം മന്ത്രിമാരിലർപ്പിച്ച് സഹധർമ്മിണിയുമൊത്ത് വസിഷ്ഠമഹർഷിയുടെ ആശ്രമത്തിലേക്കെഴുന്നെള്ളി.

രഥം ആ തപോവനത്തിലെത്തിക്കഴിഞ്ഞു. വളരെ കുറച്ചു പരിവാരം മാത്രമേ അദ്ദേഹത്തിൻെറ കൂടെയുള്ളു. ആശ്രമമാണ്, തപസ്വികളാണ്, ആ പ്രശാന്തതയ്ക്കു ഭംഗം വരരുതല്ലോ. ആ വിനയശീലൻ വളരെ മനസ്സിരുത്തി.

ആശ്രമപരസരമായി കാററിന്നു അസാധാരണമായൊരു കുളിരുണ്ട്. അടുത്തടുത്തു വരുന്ന തേരൊലി കേട്ട് മയിലുകൾ പീലി വിടർത്തിയാടുകയാണ്. അങ്ങുമിങ്ങും അമ്പരപ്പിലല്പമൊന്നു വിടൎന്ന കണ്ണുകൾനീട്ടി മാനുകൾ നില്ക്കുന്നുണ്ട്.

സന്ധ്യാസമയമായിരിക്കുന്നു. അവർ ആശ്രമത്തിൻെറ പടിക്കലെത്തി. മഹർഷികളെതിരേററു. അവർ തേരിൽനിന്നിറങ്ങി. ആതിഥേയരുമൊത്ത് ആ രാജദമ്പതികൾ വസിഷ്ഠൻെറ അന്തികത്തിലെത്തി.

സന്ധ്യാസമയത്തെ നിത്യകൎമ്മങ്ങൾ കഴിഞ്ഞേ ഉള്ളൂ. അരുന്ധതീദേവിയുടെ പരിചൎയ്യയേററ് ആ മഹൎഷിപുംഗവനങ്ങനെ ഇരുന്നരുളുകയാണ്. ആ രാജദമ്പതികൾ മഹൎഷിദമ്പതികളുടെ കാൽ പിടിച്ചഭിവന്ദിച്ചു. അവർ പ്രത്യഭിവാദ്യം ചെയ്തു.

അരുന്ധതീദേവിയുടെ സൽക്കാരരസത്തിൽ അവരുടെ തളൎച്ചമുഴുവൻമില്ലാതായി. അനന്തരം മുനി കുശലപ്രശ്നത്തിന്നു രംഗമൊരുക്കി.

'ക്ഷേമം തന്നെയല്ലേ?'

രാജാവിനവസരം കിട്ടി; അദ്ദേഹം പറഞ്ഞു.

"അതെ ക്ഷേമം തന്നെ. അതിനൊട്ടുമാശ്ചൎയ്യപ്പെടാനില്ല. കാരണം, അങ്ങാണല്ലോ എന്നെ സൎവ്വാപത്തുകളിൽനിന്നും പരോക്ഷമായ കററിനിൎത്തുന്നതു്. എൻെറ അസ്ത്രങ്ങൾ ഈയിടെയായി പ്രയോജനശൂന്യങ്ങളായിരിയ്ക്കയാണ്. അങ്ങയുടെ മന്ത്രങ്ങൾ അകലെനിന്നുതന്നെ ശത്രുക്കളെ അകററുന്നുണ്ടു്. ഒരാൾപോലും എൻെറ ശരലക്ഷ്യമാവുന്നില്ല. അവിടത്തെ തിരുവുള്ളം; എങ്ങും സുഭിക്ഷം തന്നെ. എങ്ങും ക്ഷേമം തന്നെ.

പക്ഷേ, ഒന്നോക്കുമ്പോഴാണ് വല്ലാതെ വേദനിക്കുന്നതു്. എല്ലാമുണ്ടായിട്ടെന്തുകാൎയ്യം? സൂൎയ്യവംശത്തെ നിലനിൎത്താൻ ഒരു സന്തതിയില്ലല്ലോ. ഈയൊരു കടപ്പാടാണെനിക്കസഹ്യമായിട്ടുള്ളതു്. ഇതിൽനിന്നൊരു മോചനം ലഭിക്കാനെന്തുവേണം? അവിടന്നു കല്പിച്ചരുളണം."

പരിതാപകരമായ ഈ സംഗതി മഹർഷിയ്ക്കുള്ളിൽതട്ടി. അദ്ദേഹം അല്പമൊന്നാലോചിച്ചുനോക്കി. കുറച്ചുനേരം ഒരു മൌനം.

അല്പനേരത്തെ ആ ധ്യാനത്തിൽ അദ്ദേഹം അതിൻെറ കാരണം കണ്ടെത്തി. ആ സർവ്വജ്ഞൻ അരുളിച്ചെയ്തു.

'അങ്ങു വലിയൊരപരാധം ചെയ്തിട്ടുണ്ട്. അതിൻെറ ഫലമാണിതു്.'

'എന്താണാവോ അതു്.'

രാജാവു് ഉൽക്കണ്ഠ പ്രദർശിപ്പിച്ചു.

മുനി തുടന്നു.

"അങ്ങു മുമ്പൊരിക്കൽ ഇന്ദ്രനു സഹായത്തിന്നുവേണ്ടിദേവലോകത്തു പോയിരുന്നില്ലേ? മടങ്ങുന്ന അവസരത്തിൽ കാമധേനു ആ കല്പകവനത്തിൽ കിടന്നിരുന്നു. അവളെ ഒന്നു കണ്ടുപോരേണ്ടതായിരുന്നു. പക്ഷെ, അതങ്ങയുടെ കുററവുമല്ല. അങ്ങയുടെ ഈ സഹധർമ്മിണി അന്നു് ഋതുസ്നാനം ചെയ്തിരുന്നു. അന്നുതന്നെ രാജധാനിയിലെത്താനുള്ള ധൃതികൊണ്ടു് അങ്ങതു മറന്നുപോയി. ആ ഗോമാതാവിന്നതു പരിഭവത്തിന്നു കാരണമായി. അങ്ങൊന്നു് പ്രദക്ഷിണംവെച്ചു മടങ്ങേണ്ടതായിരുന്നു. ആദരിക്കേണ്ടിടത്തു വന്ന ആ അശ്രദ്ധയാണു് അങ്ങയുടെ ഈ ആഗ്രഹപൂർത്തിക്കു് പ്രതിബന്ധമായി നില്ക്കുന്നതു്."

രാജാവു് ഒരപരാധബോധത്തോടെ ചോദിച്ചു.

“ശരിയാണങ്ങുന്നേ; അതു ശരിയാണു്. പക്ഷേ, ഇനി എന്തുവഴി? ആ മാതാവിനെ പ്രസാദിപ്പിക്കാൻ ഇനിയെന്താണു് മാർഗ്ഗം?”

‘ഇല്ല, ഇനി അതിന്നു തൽക്കാലമൊരുമാർഗ്ഗവുമില്ല. അവളിപ്പോഴും പാതാളത്തിലാണു്. വരുണൻ ഒരു യാഗം തുടങ്ങിയിട്ടുണ്ടു്. ആയിരമാണ്ടുകളോളം അതു നീണ്ടുനില്ക്കും. അതു നിറവേററുവാൻ അവളേററിരിക്കയാണു്. അതു കഴിഞ്ഞേ ഇനി അവളെക്കാണാൻ സൌകൎയ്യപ്പെടുകയുള്ളു.

മുനി തുടൎന്നു.

‘ആട്ടേ, അതിനൊരു നിവൃത്തിയുണ്ടു്. അവളുടെ കുട്ടി ഇവിടെയുണ്ടു്. അവളെക്കൊണ്ടുപോയി അങ്ങു പരിപാലിച്ചുകൊള്ളൂ. അങ്ങയുടെ ഇംഗിതം നിറവേറും.’

ആ അവസരത്തിൽ അവരുടെ അഭിലാഷമെന്നോണം നന്ദിനി കാട്ടിൽനിന്നു തിരിച്ചെത്തി. കൊഴുത്തുമിനുത്ത ഉടൽ, പ്രഭാതത്തിൻെറ വണ്ണം, നെററിമേൽ ചന്ദ്രക്കലയുണ്ടു്. മഹൎഷി അവളെ മാടിവിളിച്ചു. നന്ദിനി അരികത്തെത്തി ചെവി കൂൎപ്പിച്ചുനില്പായി. മുനി അവളെ രാജാവിനേല്പിച്ചു.

‘വത്സ! അങ്ങൊട്ടും വ്യസനിക്കേണ്ട. ഇതാ ഇതങ്ങയുടെ അഭിലാഷമാണു്. അങ്ങിവളെ സ്വീകരിക്കൂ. ഇവളെക്കൊണ്ടുപോയി പരിചരിക്കൂ. കാലത്തു കാട്ടിലേക്കഴിച്ചുവിടണം. സന്ധ്യക്കു് മടക്കി

കൊണ്ടുവരുകയും വേണം. അങ്ങിനെ അവൾ പ്ര സാദിക്കുംവരെ ചെയ്യണം. അങ്ങയുടെ അഭിലാ ഷം ഫലിക്കും. നല്ലതുവരട്ടേ.''

രാജാവു് ഭക്ത്യാദരഹഷങ്ങളാൽ കോൾമയി ർക്കൊണ്ടു. ആ ദിവ്യഹസ്തത്തിൽനിന്നു് ആ ദിവ്യ ധേനുവിനെ അദ്ദേഹം സ്വീകരിച്ചു.

രാത്രി രാജദമ്പതികൾ ആശ്രമത്തിൽ കഴിച്ചു കൂട്ടി. പണ്ണശാലയിൽ; മരവുരിമെത്തയിൽ; മനം മയക്കുന്ന പ്രശാന്തതയിൽ.

## അദ്ധ്യായം 2.

നേരം പുലന്നു. സുദക്ഷിണ നന്ദിനിയെ അണി യിച്ചൊരുക്കി. കുട്ടിയെ കുടിപ്പിച്ചുകെട്ടി. ആ ദി വ്യധേനുവിനെ അവൾ ഭത്താവിന്നരികത്തു കൊ ണ്ടുവന്നുനിത്തി. ആ മഹാരാജാവു് അവളെ കാട്ടി ലേക്കു നയിച്ചു.

ധമ്മപത്നി അല്പമൊന്നനുയാത്രചെയ്തു. അവ ളെ പിരിച്ചയച്ചതിന്നുശേഷം രാജാവു് ഒററയ്ക്കു് പശുവിനെ പരിചരിച്ചുകൊണ്ടുനടന്നു.

അവൾക്കു് രുചിക്കുന്ന പുല്ലുകൾ പറിച്ചുകൊ ടുക്കും. ഇടയ്ക്കു് തണലത്തുനിവൃത്തി താടചൊറിയും. ചെള്ളെടുത്തുകളയും. ഇഷ്ടംപോലെ സഞ്ചരിക്കാന നുവദിക്കും. അങ്ങനെ പലവിധത്തിലും അവളെ അദ്ദേഹം പ്രീണിപ്പിച്ചു.

അദ്ദേഹം അനാഡംബരമായ വേഷത്തിലാണ് നടന്നത്. അനുചരന്മാരില്ല, അലങ്കാരങ്ങളില്ല. എങ്കിലും ആ ലോകനാഥന് കാട്ടിലും രാജകീയാതിഥ്യം സ്വീകരിക്കാനിടയായി.

കിളികൾ ജയശബ്ദംമുഴക്കി. ചെറുലതകൾ പുഷ്പവൃഷ്ടിചെയ്തു. കാററടിയേററു മൂളുന്ന ഓടക്കുഴങ്ങളിൽനിന്ന് വനദേവതകൾ തന്നെപററിപ്പാടുന്ന പാട്ടുകേട്ടു. മഞ്ഞരുവിയിൽനിന്നുവരുന്ന കുളിർതെന്നൽ അദ്ദേഹത്തെ ഒരു പരിചാരകനെന്നോണം സേവനംചെയ്തു.

രാജാവിന്ന് ആ പ്രയത്നം വളരെ തൃപ്തികരമാണ്. കാട്ടിലൂടെ ഒന്നു സഞ്ചരിക്കുകയെന്നതുതന്നെ വല്ലാത്തൊരുല്ലാസമാണ്. പല കാഴ്ചകളും അദ്ദേഹത്തിൻെറ കൺകുളുർപ്പിച്ചു.

വൈകുന്നേരമായി. അദ്ദേഹം പശുവുമൊത്ത് ആശ്രമത്തിലേക്കുമടങ്ങി. സുദക്ഷിണവിടർന്ന കണ്ണുകളുമായി അവരെ എതിരേററു. മുമ്പിൽ സുദക്ഷിണ, പിറകേ നന്ദിനി, അവസാനം ദിലീപൻ, അങ്ങനെ അവരുടെ ആശ്രമത്തിലേക്കുള്ള വരവ് മഹർഷികുമാരന്മാക്ക് കൌതുകമുളവാക്കി.

അങ്ങിനെ ഇരുപത്തൊന്നുദിവസം കഴിഞ്ഞു.

പിറേറദിവസം അവർ പതിവുപോലെ പുറപ്പെട്ടു. നന്ദിനി മേഞ്ഞുമേഞ്ഞു വളരെ വിദൂരത്തെത്തി അതു മനഃപൂർവ്വമായിരുന്നു. ദിലീപനു് തൻെറ പേരിൽ എത്രമാത്രം ദൃഢമായ വിശ്വാസവും ഭക്തി

യുമുണ്ടെന്നവർക്കറിയണം. അവർ ചിലതെല്ലാം മനസ്സിൽകണ്ടു. അങ്ങിനെ അവർ മേഞ്ഞുമേഞ്ഞു ഹിമാലയത്തിലെ ഗുഹാപരിസരത്തിലെത്തി

എന്തൊരു ഗംഭീരതയാണാവനത്തിന്ന്! അദ്ദേഹം വന്യസൌന്ദര്യത്തിൽ മുഴുകിനില്ക്കുകയായിരുന്നു. അതാ ഒരു സിംഹം! ഒററച്ചാട്ടത്തിന്ന് അതു നന്ദിനിയുടെ മുതുകത്തെത്തിക്കഴിഞ്ഞു. നന്ദിനി നിലവിളിച്ചു. ആ ഗുഹാപ്രദേശമൊട്ടാകെയൊന്നു മുഴങ്ങി. രാജാവു് പെട്ടെന്നു് ഒന്നു തിരിഞ്ഞുനോക്കി. ആകസ്മികമായ ആ കാഴ്ച, അദ്ദേഹത്തെ ജാഗരൂകനാക്കി.

അദ്ദേഹം കുറച്ചടി മുന്നോട്ടുനടന്നു. ചുമലിൽനിന്നു വില്ലെടുത്തു. ആവനാഴിയിൽനിന്ന് അമ്പു് ഊരിയെടുക്കാൻ നോക്കി. കയ്യ് ആവനാഴിയിലിടാനേ സാധിച്ചുള്ളു. അമ്പു് വലിച്ചെടുക്കാൻ സാധിച്ചില്ല. അദ്ദേഹത്തിൻെറ കയ്യ് പെട്ടെന്നു സ്തംഭിച്ചുപോയി.

എന്തു്? ആ മഹാഭുജൻെറ കൈ സ്തംഭിക്കുകയോ? ഇത്രവേഗം! ഇതു് സംഭാവ്യമല്ലതന്നെ. എന്തോ ഇതൊരു മറിമായമാണു്. ആ വീരൻ വെറും മറിമായത്തിന്നടിമപ്പെട്ടു് ക്ഷതവീര്യനാവുകയോ! അതും ഈ സന്ദർഭത്തിൽ! ഒരു പശുവിനെ സംരക്ഷിക്കുവാൻ സാധിച്ചില്ലെങ്കിൽ അദ്ദേഹമെങ്ങനെ തൻെറ പ്രജകളുടെ മുമ്പിൽ ഒരു രാജാവായി നില്ക്കും? അദ്ദേഹത്തിന്നു ലജ്ജതോന്നി. അടക്കാനാവാത്ത അരിശം വന്നു. പക്ഷേ, ആ സന്ദർ

ത്തിലദ്ദേഹമെന്തു് ചെയ്യാനാണു്! ആ ആത്മവീര്യം അന്തരംഗത്തിൽ കത്തിക്കാളുന്നപോലെത്തോന്നി.

അദ്ദേഹമങ്ങനെ ഇതികർത്തവ്യതാമൂഢനായി നില്ക്കുകയാണു്. അതുകണ്ടു് സിംഹം പറഞ്ഞു:—

"മഹാരാജാവേ, ഇതുകൊണ്ടൊന്നും ഒരു കാര്യവുമില്ല അങ്ങക്കു് അസ്ത്രം പ്രയോഗിക്കാൻ സാദ്ധ്യമല്ല. അഥവാ പ്രയോഗിച്ചാൽതന്നെ എന്നിൽ ഫലിക്കയുമില്ല. കാററിന്നു മരം പുഴക്കാൻ കഴിഞ്ഞേക്കാം. പക്ഷേ പാറയോടുണ്ടോ വല്ലതും ഫലിക്കുന്നു!

"ഞാൻ സാധാരണസിംഹമെന്നങ്ങു കരുതരുതു്. ഞാൻ കുംഭോദരനാണു്. ശിവൻെറ സേവകനാണു് ഞാൻ. അവിടന്നു കാളയുടെ പുറത്തേക്കു് എൻെറ പുറത്തു ചവിട്ടിയാണു് കയറുക പതിവു്. അങ്ങവിടേക്കു നോക്കു, അതാ ഒരു ദേവതാരം നില്ക്കുന്നു. അതു പാർവ്വതീദേവി കൊച്ചുമകനോടൊപ്പം വളർത്തിയതാണു്. ഒരു ദിവസം ഒരു കാട്ടാന വന്നു് അവൻെറ ചെന്നി അതിലൊന്നുരസി. അതിൻെറ തോലടന്നുപോയി. ദേവിക്കതുകണ്ടപ്പോൾ മകന്നു പരുക്കേററപോലെ വേദനതോന്നി. അന്നു മുതൽക്കു് ഈ വനവൃക്ഷങ്ങളെ പരിരക്ഷിക്കുവാൻ ശിവനെന്നെ നിയോഗിച്ചിരിക്കയാണു്. ഈ കാട്ടിൽ വന്നുചേരുന്ന മൃഗങ്ങളെയെല്ലാം കൊന്നുതിന്നുകൊള്ളാനാണു് അവിടത്തെ കല്പന ഇന്നു് എനിക്കു് കിട്ടിയ ഇര ഇതാണു്. അങ്ങു് ഇതിനെ സംരക്ഷി

ക്കുവാൻ തുനിയേണ്ട. അതങ്ങേക്കു സാദ്ധ്യമല്ല. ഒരി ക്കലും അങ്ങയ്ക്കിതിൽ ലജ്ജിക്കേണ്ട ആവശ്യമില്ല. ഇതു് ശിവൻെറ കല്പനയാണു്.'

ദിലീപനാശ്വാസമായി. ഈശ്വരശക്തിയ്ക്കു മുമ്പിൽ ക്ഷാത്രവീര്യം നിർജ്ജീവമായെങ്കിൽ അ തിലെന്താണു് ലജ്ജിക്കാനുള്ളതു്. പക്ഷെ, ആ ആശ്വാസം കൊണ്ടായില്ലല്ലൊ. നന്ദിനിയിതാ ആ ഹിംസ്രമൃഗത്തിന്നിരയാവുകയാണു്. അവളെ എ ങ്ങിനെയെങ്കിലും സംരക്ഷിയ്ക്കണം. അതിനെന്തു വേണം അല്പമൊന്നാലോചിച്ചു് അദ്ദേഹം മറുപടി പറഞ്ഞു.

"സകല ചരാചരങ്ങളുടേയും സൃഷ്ടിസ്ഥിതി സംഹാരങ്ങൾക്കു കാരണഭൂതനായ ആ ഭഗവാൻെറ കല്പന ഞാൻ ശിരസാ വഹിക്കുന്നു. പക്ഷെ, കുല ഗുരു വസിഷ്ഠമഹർഷിയുടെ സമ്പത്തായ ഈ പശു വിനെ എനിക്കുപേക്ഷിക്കാനും വയ്യ. അതിന്നു് നീയൊരു കാര്യം ചെയ്യു. പശുവിനെ വിട്ടു. പകരം എന്നെ തിന്നുകൊള്ളു.

സിംഹത്തിനു് ചിരിവന്നു. ആ മൃഗേന്ദ്രൻ തുടന്നു:—

"കഷ്ടം! അങ്ങിത്ര മൂഢനായല്ലോ. ഈ ഒരു നിസ്സാരകാര്യത്തിന്നുവേണ്ടി അങ്ങെന്തെല്ലാമുപേ ക്ഷിക്കുന്നു. ഒരു ചക്രവത്തിപദവി. നല്ലയൌവനം. നല്ല സൌന്ദര്യം. ഇതെല്ലാം അങ്ങു് ഈ പശുവിന്നു വേണ്ടി ബലികഴിക്കാൻ മുതിരുന്നല്ലോ. എന്തൊ രന്തമില്ലായ്മയാണിതു്!

"ഇതൊരു ജീവാനുകമ്പയാണെന്നാണോ അങ്ങു കരുതുന്നത്? എങ്കിൽ അതൊരു തെററിദ്ധാരണയാണ്. ഇതിനെ കൊന്നാൽ ഒരു പശുവേ ഈ ലോകത്തിന്ന നഷ്ടപ്പെടുന്നുള്ളു. അങ്ങയെക്കൊന്നാലോ, അസംഖ്യം ജീവികളെ സംരക്ഷിക്കുന്ന ഒരു ജീവനാണ് നഷ്ടപ്പെടുന്നത്. അതൊരിക്കലും അങ്ങു ചെയ്യരുത്."

രാജാവിന്നു് അതിന്ന് മറുപടിയൊന്നുമില്ല. അദ്ദേഹം ആകെ വിഷമിച്ചു. നന്ദിനി നിലവിളിച്ച് അദ്ദേഹത്തെ ദയനീയമായിനോക്കുന്നുണ്ട്. അദ്ദേഹത്തിന്നതു സഹിക്കാൻവയ്യ ആ മഹാരാജാവിന്നു് മറെറാരു യുക്തിതോന്നി.

'ക്ഷത്രിയനാരാണ്? അപകടങ്ങളിൽനിന്നു സംരക്ഷിക്കുന്നനവനല്ലേ ക്ഷത്രിയൻ? അപകടത്തിൽപെട്ടിരിക്കുന്നതു് ആരായാലെന്തു്, സംരക്ഷിക്കുകയാണവൻെറ കടമ. അതു ചെയ്യാത്തവനൊരു രാജാവാണോ? അവനെക്കൊണ്ടു രാജ്യത്തിനെന്തുകിട്ടാനാണ്? അതുകൊണ്ടു് ഞാൻ ഇതു് തീരുമാനിച്ചു. ഞാനീ പശുവിനെ സംരക്ഷിക്കും. പകരം നീയെന്നെക്കൊന്നുകൊള്ളണം. അങ്ങിനെയായാൽ രണ്ടു കാര്യവും നടന്നു. ഈശ്വരവിഹിതമായ ഇന്നത്തെ ഭക്ഷണം നിനക്കുകിട്ടി. എനിക്കാണെങ്കിൽ വസിഷ്ഠൻെറ പശുവിനെ സംരക്ഷിക്കാനും കഴിഞ്ഞു."

“ശരി” സിംഹം അതു സമ്മതിച്ചു. ദിലീപന്റെ കൈകൾക്കു സ്വാധീനത വന്നു. അമ്പുംവില്ലുമെല്ലാം ആ വില്ലാളിതാഴെവെച്ചു. ഒരു വെറും ബലിപിണ്ഡമെന്നപോലെ സ്വന്തം ശരീരം ആ സിംഹത്തിന്നു സമപ്പിച്ചു. വന്യഭൂവിൽ കമിഴ്ന്നു കിടന്നു.

‘അതാ വീണുകഴിഞ്ഞു. മുതുകത്തുവീണുകഴിഞ്ഞു!’ ആ നിമിഷവുംപാത്തു് അക്ഷമനായവിടെ കിടക്കുകയാണു് അദ്ദേഹം. പക്ഷേ സിംഹമല്ല അദ്ദേഹത്തിൻെറ പുറത്തുവീണതു്; ദേവന്മാർ ആഹ്ലാദാരവത്തോടെ പൊഴിച്ച പുഷ്പവൃഷ്ടിയാണു്.

‘ഉണ്ണീ എഴുന്നേൽക്കു’ എന്നൊരു സ്നേഹമസൃണമായ ശബ്ദമാണു് അടുത്തനിമിഷത്തിലദ്ദേഹം കേട്ടതു്. മഹാരാജാവെഴുന്നേററു നോക്കിയപ്പോൾ കണ്ടതു് സിംഹത്തെയല്ല; മുലചുരത്തിനില്ക്കുന്ന നന്ദിനിയെയാണു്. അവൾ പറഞ്ഞു.

നന്ദിനി:—“ഉണ്ണീ, ഞാൻ നിന്നെയൊന്നു പരീക്ഷിച്ചതാണു്. ഇതെല്ലാം എൻെറ മായയാണു്. അതല്ലാതെ എന്നെക്കൊല്ലാൻ കഴിവുള്ള ഒരു വന്യമൃഗം ഇല്ലതന്നെ. ഇതെൻെറയല്ലാ, മഹഷിയുടെ വൈഭവമാണു്. നിൻെറ ഈപ്രവൃത്തിയിൽ മഹഷി വസിഷ്ഠനും ഞാനും പ്രസാദിച്ചിരിക്കുന്നു. നിനക്കദ്ദേഹത്തിൽ ഭക്തിയുണ്ടു്. എന്നിലനുകമ്പയുണ്ടു്. നിനക്കെന്താണു് വരം വേണ്ടതെങ്കിൽ ചോദിക്കാം.”

ദിലീപൻ:—"ജനനി, എനിക്ക് മാറെറാന്നുമാവശ്യമില്ല, സൂര്യവംശം നിലനിൎത്താൻ ത്രാണിയും തന്റേടവുമുള്ള ഒരു പുത്രൻ! അതുമാത്രമേ ഞാനാശിക്കുന്നുള്ളു. അത് അമ്മ സുദക്ഷിണയിൽ എനിക്കു നല്കണം."

നന്ദിനി:—"ശരി, നിന്റെ ഇച്ഛകളെല്ലാം നിറവേറും. അതാ ഒരിലയിങ്ങുപൊട്ടിച്ച് കുമ്പിളാക്കി കുറച്ചു പാൽ കറന്ന് കുടിച്ചുകൊള്ളു. എല്ലാം നിറവേറും."

ദിലീപൻ:—അമ്മേ! അങ്ങനെയായ്ക്കൊള്ളാം. പക്ഷെ, ഇപ്പോഠം വേണമെന്നില്ല. കുട്ടി കുടിച്ച് വസിഷ്ഠന്റെ ആവശ്യം കഴിഞ്ഞ് ബാക്കിയുള്ളത് ഞാൻ കറന്നുകൊള്ളാം. എന്നിട്ട് അദ്ദേഹത്തിന്റെ ആജ്ഞാനസാരം കുടിച്ചുകൊള്ളാം."

നന്ദിനിയതു സമ്മതിച്ചു.

സന്ധ്യയായി അവർ ആശ്രമത്തിൽ തിരിച്ചെത്തി. സുദക്ഷിണ എതിരേല്ക്കാൻ വന്നുനിന്നിരുന്നു. ആകസ്മികമായി അന്നുണ്ടായ സംഭവങ്ങളെല്ലാം ദിലീപൻ സഹധൎമ്മിണിയെ ധരിപ്പിച്ചു. അവരുടെ സന്തോഷത്തിന്നതിരില്ല. അന്നും അവർ ആ പൎണ്ണകുടിയിൽതന്നെ കഴിച്ചുകൂട്ടി.

പുലൎന്നു. മഹൎഷി അവരെ അനുഗ്രഹിച്ചു യാത്രയാക്കി. ആ ദമ്പതികഠം ആശ്രമത്തിലെ പുൽക്കൊടിയെപ്പോലും പ്രദക്ഷിണംവെച്ചു നമസ്കരിച്ചു. ചരിതാൎത്ഥരായ അവർ ആശ്രമംവിട്ടു.

രാജധാനിയിലെത്താറായി. പ്രജകൾക്കെല്ലാമെന്തൊരാഹ്ലാദമാണെന്നോ! ആയിരമായിരംകണ്ണുകൾ ആ യുവദമ്പതികളുടെമേൽ ഉഴറിവീണു.

മന്ത്രിമാരിൽനിന്ന് രാജ്യഭാരം ആ നൃപൻ തിറിയെ കയ്യേററുവാങ്ങി. ആ രാജവംശത്തിൻെറ പാരമ്പര്യം നിലനിൎത്താൻ സുദക്ഷിണ ഗൎഭം ധരിച്ചു.

## അദ്ധ്യായം 3

ഗൎഭലക്ഷണങ്ങൾ ആ തരുണിയിൽ ക്രമേണ കണ്ടുതുടങ്ങി. ആഭരണങ്ങൾ അവൾക്കണിയാൻ വിഷമം ഭക്ഷണം ഒന്നും ചെല്ലാത്തതുകൊണ്ട് കവിൾത്തടം മെലിഞ്ഞ് വിളറിയിരിക്കുന്ന ആ മുഖം മുകൎന്നു മുകൎന്നു ദിലീപന്ന് തൃപ്തിവന്നതേയില്ല. എന്താണവൾ പറയുന്നത്, എന്താണവൾ ആഗ്രഹിക്കുന്നത്, എന്താണവൾക്കിഷ്ടം, ഇതെല്ലാം ദിലീപൻ മണത്തറിഞ്ഞ് നിറവേററിക്കൊടുത്തു

ക്രമേണ ക്ഷീണമെല്ലാം മാറി. ഇലകൊഴിഞ്ഞ വള്ളിപോലെ അവൾ ആകെ തളിരിട്ടു തഴച്ചു. അതാതു കാലങ്ങളിൽ അനുഷ്ഠിക്കേണ്ട ക്രിയകളെല്ലാം ആഘോഷപൂൎവ്വം കൊണ്ടാടി.

ഗൎഭം പൂൎണ്ണമായി. ആ സുമംഗല ഒരു മംഗലമുഹൂൎത്തത്തിൽ ഒരാൺകുട്ടിയെ പ്രസവിച്ചു.

ദിക്കുകളുടെ മുഖം തെളിഞ്ഞു. ഇളംകാററു വീശി. ഹോമാഗ്നിജ്വാലകൾ വലംവെച്ച് ഹവിസ്സ് കയ്യേററു. അങ്ങനെ ആ മുഹൂൎത്തമാകെ മംഗ

ളമായിത്തോന്നി. ലോകത്തിനെന്തോ ഒരു ദിവ്യ ചൈതന്യം സംസിദ്ധമായി കഴിഞ്ഞിരിക്കുന്നു.

ഉണ്ണിപിറന്ന വിവരം ദിലീപനെ അറിയിച്ചു അദ്ദേഹം ആഹ്ലാദത്തിലാറാടി. വന്നവക്കെല്ലാം പണവും പണ്ടങ്ങളും വാരിവാരിക്കൊടുത്തു

ആഹ്ലാദവാദ്യങ്ങൾ മുഴങ്ങി. നഗരനാരികൾ നൃത്തം തത്തി. പുരോഹിതന്മാർ ജാതകകർമ്മം നടത്തി. അവിടെ സദ്യ, ഇവിടെ ദാനം. ആ നഗരമൊട്ടാകെ ആനന്ദത്തിൽ വേലിയേററംകൊണ്ടു.

ഉണ്ണിയ്ക്കു രഘുവെന്നു് നാമകരണം ചെയ്തു. വെളുത്തപക്ഷത്തിലെ ചന്ദ്രക്കലപോലെ ആ ഉണ്ണി അനുദിനം വളൎന്നുവന്നു. പിതാവിന്നു് മകൻെറ കളി കണ്ടു് മതിവന്നില്ല. എടുക്കും, ഉമ്മവെക്കും, മടിയിലിരുത്തും, മാറത്തുകോറും, ഓമനിക്കും; അങ്ങനെ ആ പിതാവു് അപാരമായൊരാനന്ദം അനുഭവിച്ചു.

പതിനൊന്നായി വയസ്സ്. അദ്ദേഹം ഉണ്ണിയ്ക്കു പനയനം കഴിച്ചു. പരിമിതമായൊരു കാലത്തിന്നുള്ളിൽ സകല വിദ്യകളും രഘു അഭ്യസിച്ചു.

ആ ബാലൻ യൌവനത്തിലേയ്ക്കു കാലൂന്നിക്കഴിഞ്ഞു. ചെട്ടെന്നുള്ള വളൎച്ച് ആ ശരീരത്തിന്നു് ആകപ്പാടെ ഒരഴകുളവാക്കി. സരളമായ ആ മുഖം ഗംഭീരമായി മാറി. ചെങ്കതിരോൻെറ തേജസ്സും പൂന്തിങ്കളിൻെറ ആകൎഷണീയതയും ആ മുഖത്തു് ഒരേ വിധത്തിലൊത്തുചേൎന്നു

കൈകറാകള കരുത്തുകൂടി. ചുമൽ ഉയൎന്നിന്നു. മാറിടം പരന്നു. കഴുത്തിന്നു കട്ടികൂടി. ആ യുവാവു് ശാരീരികമായി പിതാവിനെക്കവെച്ചുവെച്ചു. പക്ഷേ, മാനസികമായി വിനയത്തിൻെറ അടിത്തട്ടിലേക്കതാണു.

രഘു യുവരാജാവായി പ്രഖ്യാപിക്കപ്പെട്ടു. രാജ്യലക്ഷ്മി പിതാവിൽനിന്നു് യുവരാജാവിലേയ്ക്കു് സങ്ക്രമിച്ചു അതു മഹാരാജാവിന്നഭിമാനത്തിന്നു കാരണമായി.

ദിലീപൻ ലൌകികമായ സകല ഐശ്വൎയ്യത്തിൻേറയും കൊടുമുടിയിലെത്തിക്കഴിഞ്ഞു. ഇനി ഒരാഗ്രഹം മാത്രമേയുള്ളു. പാരത്രികമായ പദവിയുടെ പാരമ്യത്തിലെത്തുക. ഇന്ദ്രപദം കരസ്ഥമാക്കുക. അതുമാത്രമേ അദ്ദേഹത്തിന്നിനി നോട്ടമുള്ളൂ. അതിന്നു് നൂറുയാഗം നടത്തണം.

യുവരാജാവിൻെറ സംരക്ഷണത്തിൽ തൊണ്ണൂററിഒമ്പതുയാഗവും അദ്ദേഹം ഭംഗിയായി നടത്തി.

നൂറാമത്തതു് ആരംഭിച്ചു. രഘുവിൻെറ സംരക്ഷണത്തിൽ കുതിരയെവിട്ടു. അതു് ഒരു തട്ടും തടവുമില്ലാതെ പലദിക്കും സഞ്ചരിച്ചു അസൂയാലുവായ ദേവേന്ദ്രൻ അശ്വസംരക്ഷണസൈന്യത്തിൻെറ മുമ്പിൽ വെച്ചുതന്നെ കുതിരയെ മായയിൽ മറഞ്ഞുവന്നു് തട്ടിക്കൊണ്ടുപോയി.

ആ സൈന്യമാകെ അമ്പരന്നു. കുതിര നിന്നിടത്തുനിന്നു കാണാനില്ല. ഇതെന്തൊരാശ്ചൎയ്യം! എത്ര

ദയനീയം. എന്താണ് ചെയ്യേണ്ടതെന്നറിയാതെ രഘു പരിഭ്രമിച്ചു നില്പായി.

അതിനിടക്ക് നന്ദിനി അവിടെ എത്തി, അവൾ ചുരത്തി. ആ ദിവ്യക്ഷീരം കൊണ്ടു രഘു കണ്ണുകൾ കഴുകി. അദ്ദേഹത്തിന്ന് അതീന്ദ്രിയങ്ങളായ പലതും ലക്ഷ്യമായി. ദേവേന്ദ്രൻ കുതിരയെ അതാ കൊണ്ടുപോകുന്നു. കുറെ അകലത്തെത്തിയിരിക്കുന്നു. മാതലി വിലക്കുന്നുണ്ട്. ഇന്ദ്രൻ കൂട്ടാക്കുന്നില്ല. അദ്ദേഹത്തിന്ന് കുതിരയെ സ്വർഗ്ഗത്തിൽ കൊണ്ടുചെന്നൊളിപ്പിക്കണം, അതിന്നു വെമ്പുകയാണ്. രഘു ഇടിവെട്ടുന്ന സ്വരത്തിൽ പറഞ്ഞു.

“അല്ലയോ ദേവേന്ദ്ര! ഞങ്ങൾ ചെയ്യുന്ന യാഗത്തിൻെറ പ്രധാനഭാഗം അങ്ങക്കാണ്. അങ്ങനെയാണ് ഞങ്ങൾക്കറിവ്. ആ നിലക്ക് അങ്ങു തന്നെ ഈ പരിശുദ്ധകർമ്മം മുടക്കുവാൻ തുനിയുന്നതെന്താണ്? അതിൻെറ താല്പര്യമെന്ത്? ഞങ്ങൾ നടത്തുന്ന യാഗത്തിന്നു വിഘാതം വരുത്തുന്നവരുണ്ടെങ്കിൽ അവരെ അങ്ങു നശിപ്പിക്കുകയാണ് വേണ്ടത്. ആ അങ്ങ് ഇങ്ങനെ ചെയ്യുന്നല്ലോ. എന്തൊരുമട്ടാണിതു്? ഇതു ചെയ്യരുത്. ഇതെല്ലാം ചില ബാലിശന്മാരുടെ പണിയാണ്. ഇന്ദ്ര! അങ്ങിങ്ങനെ കൊള്ളരുതായ്മ ചെയ്യരുത്. ഇതങ്ങയുടെ നിലക്കു യോജിച്ചതല്ല.

ഇന്ദ്രൻ ആ ഇടിമുഴക്കംകേട്ടു രഥംതിരിച്ചു നിൎത്തി ഉത്തരം നല്കി.

"രാജകുമാര, അങ്ങയ്ക്കറിയില്ല; എന്റെ പദവി അങ്ങയുടെ അച്ഛൻ കൈക്കലാക്കാൻ തുടങ്ങിയിട്ട് നാളേറെയായി. അതു സംരക്ഷിയ്ക്കേണ്ടതെന്റെ കടമയാണ്. ഇതു നൂറാമത്തെ യാഗമാണ്. ഇതുകൂടി നിർവ്വിഘ്നം നിറവേറിക്കഴിഞ്ഞാൽ എന്റെ പദത്തിന്നദ്ദേഹമവകാശിയായി. അതും കണ്ടുകൊണ്ടിരിക്കുന്നതു് എനിക്കു യോജിച്ചതാണോ?"

ഇന്ദ്രൻ വിട്ടില്ല. രഘു കൂസിയുമില്ല. ആ യുവരാജന്റെ ശബ്ദത്തിന്നു് കുറച്ചുകൂടി രൂക്ഷതകൂടി. അദ്ദേഹം യുദ്ധത്തിന്നൊരുങ്ങി. മുകളിൽനിന്നു ദേവേന്ദ്രൻ; താഴെനിന്നു ആ ധീരകുമാരൻ. അവർ പരസ്പരം ശരവർഷം തുടങ്ങി.

അധികം താമസമുണ്ടായില്ല. രഘുവിന്റെ ഒരമ്പ് ഇന്ദ്രന്റെ മാറിൽചെന്നു തറച്ചു. ഇന്ദ്രൻ ഒന്നു നടുങ്ങി. രഘുവിന്റെ മറെറാരമ്പ് ഇന്ദ്രന്റെ കൊടിമരം മുറിച്ചു താഴെ ഇട്ടു. അടുത്ത ഒരമ്പ് ഇന്ദ്രചാപത്തിന്റെ ഞാൺ മുറിച്ചു. ഇന്ദ്രനു ക്രോധം സഹിക്കാനാവാതെയായി. അദ്ദേഹത്തിന്നു പൊറുതിമുട്ടി. അവസാനത്തെ കയ്യ് പ്രയോഗിക്കാൻ തന്നെ ശക്രൻ തീരുമാനിച്ചു. ആ വൃത്രഹന്താവ് വജ്രമെടുത്തു് പ്രയോഗിച്ചു. അതു് രഘുവിന്റെ മാറിടത്തിൽ ആഞ്ഞടിച്ചു അദ്ദേഹം പെട്ടെന്നു മലന്നടിച്ചുവീണു. സൈന്യങ്ങളുടെ ഇടയിൽ ആർത്തനാദം മുഴങ്ങി. പക്ഷേ രഘു കുലുങ്ങിയില്ല. അദ്ദേഹം പിടഞ്ഞെണീററു വീണ്ടും ഇന്ദ്രന്റെ നേക്ക് തിരിഞ്ഞു.

ആ കുസലില്ലായ്മ ഇന്ദ്രനതിശയമുളവാക്കി. അദ്ദേഹം അകമഴിഞ്ഞഭിനന്ദിച്ച് ആ കുമാരനോട് പറഞ്ഞു.

"ഉണ്ണീ ഞാൻ നിന്നിലത്യധികം സന്തോഷിച്ചിരിക്കുന്നു. എൻെറ ഈ വജ്രമേററ് ഇന്നേവരെ നീയല്ലാതെ മറെറാരാളും ജീവിച്ചിട്ടില്ല. ഉണ്ണീ, നിന്നെ ഞാൻ അഭിനന്ദിക്കുന്നു. കുതിരയൊഴികെ മറെറന്തുവരം വേണമെങ്കിലും ചോദിച്ചുകൊള്ളൂ. ഞാൻ തരാനൊരുക്കമാണ്."

രഘു പിന്നെ യുദ്ധത്തിന്നൊരുങ്ങിയില്ല അദ്ദേഹം ഊരിയ അമ്പ് ആവനാഴിയിൽതന്നെയിട്ട് ദേവേന്ദ്രനോട് പറഞ്ഞു.

"ശരി അങ്ങിനെയാണെങ്കിൽ അങ്ങു കുതിരയെ വിടേണ്ട. യാഗം അവസാനിക്കുകയും വേണ്ട. അച്ഛന് നൂറുയാഗം ചെയ്തതിൻെറ ഫലം കിട്ടിയാൻ മതി. അത് അങ്ങയുടെ സന്ദേശവാഹകൻ യാഗശാലയിൽചെന്നു പറയുകയും വേണം."

ദേവേന്ദ്രനതു സമ്മതിച്ചു. രഘു സൈന്യസമേതനായിമടങ്ങി. ഇന്ദ്രദൂതനിൽനിന്നു വിവരമറിഞ്ഞ ദിലീപൻ തൻെറ മകൻെറ ധീരതയിലഭിമാനംകൊണ്ടു. അദ്ദേഹം മകനെ കെട്ടിപ്പുണന്നു.

യാഗാനന്തരം രഘു മഹാരാജാവായി. ദിലീപൻ സുദക്ഷിണയുമൊത്തു വാനപ്രസ്ഥത്തിന്നു കാട്ടിലേയ്ക്കുപോയി.

# അദ്ധ്യായം 4.

സന്ധ്യാസമയത്ത് സൂൎയ്യൻ തൻെറ സ്വന്തം തേജസ്സ് അഗ്നിക്കുകൊടുത്താണ് അസ്തമിക്കുക പതിവ്. അതു അഗ്നിക്ക് കൂടുതൽ പ്രകാശത്തിന്ന് കാരണമാകുന്നു. അതുപോലെ അച്ഛനിൽനിന്നുള്ള രാജപട്ടം കിട്ടിയതോടുകൂടി രഘുവിൻെറ തേജസ്സ് വൎദ്ധിച്ചുവന്നു. പ്രജകൾക്കദ്ദേഹത്തിൽ തികച്ചും ശുഭപ്രതീക്ഷയുണ്ടായിരുന്നു. തികഞ്ഞ ഐശ്വൎയ്യം, അതിനുതകുന്ന ഭരണക്രമം, ഭരണസംവിധാനത്തിന്നു പൎയ്യാപ്തമായ വിശാല വിജ്ഞാനം, എന്നിവയാൽ ആ രാജാധിരാജൻ തൻെറ പൂൎവ്വികരെപ്പോലുമതിശയിച്ചു

ഒരു ശരൽക്കാലമാണ്. തെളിഞ്ഞ വിണ്ടലത്തിൽ വെണ്മുകിലുകൾ ജൈത്രയാത്ര തുടങ്ങിയിരിക്കുന്നു. രഘുവിൻെറ പ്രതാപംപോലെ സൂൎയ്യപ്രകാശം ഏതു് മുക്കിലും മൂലയിലും വ്യാപിച്ചുതുടങ്ങി. നദികൾ തെളിഞ്ഞൊഴുകി. വഴികളിലെ ചളിയെല്ലാമടങ്ങി. അതേ, അതു ജൈത്രയാത്രക്കു പററിയ സമയമാണ്.

രഘു ദിഗ്ജയത്തിന്നു പുറപ്പെട്ടു. തൻെറ തലസ്ഥാനവും പൎയ്യന്തപ്രദേശവും സംരക്ഷിക്കുവാൻ വേണ്ട ഏൎപ്പാടുകൾ ചെയ്തു. പലതരത്തിലുള്ള സൈന്യങ്ങളുമായി അദ്ദേഹം യാത്രയായി.

ആദ്യം കിഴക്കോട്ടായിരുന്നു യാത്ര. അന്നാട്ടിലെ ശത്രുക്കളുടെ നേൎക്ക് കൊടിക്കൂറകൊണ്ടു

കൈവിരൽ ചൂണ്ടിക്കൊണ്ടുപോകുന്ന ആ സൈന്യം പലരേയും കിടുകിടുക്കി മരുപ്രദേശങ്ങളെല്ലാം പുൽത്തകിടികളാക്കി. വലിയ നദികളെ തുഴച്ചാലുകളാക്കി. കാടുകളെല്ലാം വെട്ടിവെളുപ്പിച്ചു എതിരിട്ട രാജാക്കന്മാരെയെല്ലാം പിഴുതെറിഞ്ഞുകളഞ്ഞു.

അങ്ങനെ അദ്ദേഹം കിഴക്കെ കടൽകരയിലെത്തി. സുഹ്മദേശം (ബർമ്മയുടെ വടക്കെ അററം) കീഴടക്കി തിരിയെ അല്പം പടിഞ്ഞാട്ടുനീങ്ങി വംഗ (ബംഗാൾ)ത്തിലെത്തി. ഗംഗയുടെ തീരത്തിലവിടവിടെ ജയസ്തംഭങ്ങൾ നാട്ടി.

അവിടന്നദ്ദേഹം തെക്കോട്ടുതിരിച്ചു. ആനകളെക്കൊണ്ടു ചിറകെട്ടി കളമാനദികടന്നു് ഉൽക്കല (ഒറീസ്സ)യിലൂടെ കലിംഗ (ആന്ധ്ര)ത്തിന്നു നേരെ തിരിച്ചു. മഹേന്ദ്രപർവ്വതത്തിന്നുമേലെ അദ്ദേഹം ജയക്കൊടിനാട്ടി.

കലിംഗരാജനതു പിടിച്ചില്ല അദ്ദേഹമെതിക്കാൻ മുതിന്നു. വളരെയെളുപ്പത്തിൽ ആ ജയശീലൻ കലിംഗനെ വിജയിച്ചു. അതിലാഹ്ലാദിച്ച ഭടന്മാർ കടലോരപ്രദേശങ്ങളിൽ വെററിലത്തളിർകൊണ്ടുണ്ടാക്കിയ വിരികളിൽ വട്ടം കൂടിയിരുന്നു് തെങ്ങിൻകള്ളു് മൂക്കററം കുടിച്ചുമദിച്ചു

പിടിച്ചടക്കിയ ഭൂമികളെല്ലാം ആ ധർമ്മരാജാവു് മടക്കിക്കൊടുത്തു. തന്നെ സ്വയം വന്നാലിംഗനംചെയ്ത വിജയലക്ഷ്മിയെമാത്രം അദ്ദേഹം സ്വയമാസ്വദിച്ചു. അങ്ങനെ അദ്ദേഹം തെക്കെ അററ

ത്തെത്തി. പാണ്ഡ്യരാജാക്കന്മാർ അദ്ദേഹത്തിന്ന് താമ്രവർണ്ണിയിലെ മുത്തുകഠംകൊണ്ടുപഹാരമൎപ്പിച്ചു. മലയപർവ്വതം കടന്ന് ആ സൈന്യം കേരളത്തിലെത്തി. ആഴിയുടെ അരുമസ്സന്താനമായ അതിനെ അദ്ദേഹം സ്വന്തം അധീശതയിലാക്കി, ആ കടൽക്കരയിലൂടെത്തന്നെ വടക്കോട്ടുനടന്നു അപരാന്ത (മലബാർ) രാജാക്കന്മാരുമായി യുദ്ധം നടന്നു. ആ വിശ്വവിജയി അവരിൽ നിന്നും കപ്പംവാങ്ങി.

അങ്ങനെ അദ്ദേഹം അറബിക്കടലിൻെറ കരയിലൂടെ വടക്കോട്ടുനീങ്ങി. വിന്ധ്യപർവ്വതമുല്ലംഘിച്ച് പാരസീക (പേർഷ്യ)ത്തിലെത്തി. യവനന്മാരുമായി ഭയങ്കരയുദ്ധംനടന്നു. അവൎക്കു പ്രധാനമായി കുതിരപ്പട്ടാളമേ ഉണ്ടായിരുന്നുള്ളു. രഘുവിൻെറ വിവിധതരത്തിലുള്ള സൈന്യങ്ങഠംക്ക് അവിടെ ഈച്ചയെ കൊല്ലുന്ന പണിയേ വേണ്ടിവന്നുള്ളു.

അവിടന്നദ്ദേഹം വടക്കോട്ടുനീങ്ങി സിന്ധുനദി കടന്നു കാംബോജ (കാശ്മീർ)ത്തിലെത്തി. തുടൎന്ന് ആ സൈന്യം ഹിമാലയത്തിലെ നാട്ടുരാജ്യങ്ങളിലേക്കാണ് തിരിച്ചത്; അവിടെ വിവിധതരത്തിലുള്ള യുദ്ധങ്ങളിലദ്ദേഹത്തിന് ഏൎപ്പെടേണ്ടിവന്നു. എങ്കിലും അവിടെയുള്ള കിരാതരേയും കിന്നരരേയും അടിച്ചമൎത്തുവാൻ അധികം പ്രയാസം വേണ്ടിവന്നില്ല.

വീണ്ടും അദ്ദേഹം കിഴക്കോട്ടുനീങ്ങി. ലൌഹിത്യനദി (ബ്രഹ്മപുത്രയുടെ ഉത്ഭവനദി) കടന്ന് കാമ

ത്രൂപ (ആസാം)ത്തിലെത്തി. ഹിമാലയത്തിലെ വിലപിടിച്ച രത്നങ്ങൾ ആ വിശ്വവിജയിക്ക് അവിടത്തുകാർ കാഴ്ചയപ്പിച്ച് അടിപണിതു.

അദ്ദേഹത്തിനിനി എവിടേയും പോവാനില്ല. ഒരു രാജ്യവും പിടിച്ചടക്കാനില്ല കൃതകൃത്യനായ ആ രാജപുംഗവൻ ആഹ്ലാദഭരിതമായ സൈന്യവുമൊത്ത് തലസ്ഥാനനഗരിയിലേക്കു തിരിച്ചു

വിശ്വവിജയം കഴിഞ്ഞാൽ അടുത്തു നടത്തേണ്ട ഒരു യാഗമാണ് വിശ്വജിത്ത് അതുവരേയും നാനാമാഗ്ഗമായി സമാർജ്ജിച്ച കനത്ത ഭണ്ഡാരം മുഴവനും പൊതുവായി ദാനം ചെയ്യുകയാണതിൻെറ സമ്പ്രദായം. ആ ത്യാഗി അതു ഭംഗിയായി നടത്തി.

## അദ്ധ്യായം 5.

രഘുചക്രവത്തി അരമനയിലിരുന്നരുളുകയാണ്. രാജഭണ്ഡാരത്തിൽ ഒരു പൈപോലുമില്ലാത്ത സമയമാണ്. എല്ലാം ദാനംചെയ്തു കഴിഞ്ഞു. ആ സമയത്താണ് വരതന്തുമഹഷിയുടെ ശിഷ്യനായ കൌത്സൻ അവിടെ വന്നെത്തിയത്.

അദ്ദേഹത്തിൻെറ വിദ്യാഭ്യാസം പൂത്തിയായിരിക്കുന്നു. ഗുരുവിനോട്ട് അഭീഷ്ടമായ ദക്ഷിണയെന്താണെന്നദ്ദേഹം സവിനയം ചോദിച്ചു. അതേവരേയുംചെയ്ത സേവനംകൊണ്ടുതന്നെ സന്തുഷ്ടനായ

ഗുരുവിന്നു് മറെറാന്നും ശിഷ്യനിൽനിന്നാവശ്യമായിരുന്നില്ല. ഗുരുശുശ്രൂഷയിൽ കവിഞ്ഞൊരു ദക്ഷിണയില്ലെന്നു കൌത്സനോടു പറഞ്ഞു. കൌത്സൻ സംതൃപ്തനായില്ല. വീണ്ടും ദക്ഷിണ സ്വീകരിക്കാനപേക്ഷിച്ചു. ആ നിർബ്ബന്ധം ഗുരുവിനത്ര പിടിച്ചില്ല. അദ്ദേഹം കോപിച്ചു. പഠിച്ച പതിനാലു വിദ്യകൾക്കുംകൂടി പതിന്നാലുകോടി ഉറപ്പിക വേണമെന്നാവശ്യപ്പെട്ടു. ശിഷ്യൻ അത്ര കണക്കാക്കിയിരുന്നില്ല. തൻെറ നില കണ്ടറിഞ്ഞു് അതിന്നനുരൂപമായ എന്തെങ്കിലുമാവശ്യപ്പെടുമെന്നായിരുന്നു പ്രതീക്ഷ. പക്ഷേ എന്തുചെയ്യാം. പറഞ്ഞുകഴിഞ്ഞില്ലേ? ഇനി നിറവേററാതെ നിവൃത്തിയില്ലല്ലോ. കൌത്സൻ ആ ആവശ്യവുമായി പുറപ്പെട്ടിരിക്കയാണു്. മഹാരാജാവിനെ സമീപിച്ചേ അതു നിറവേറുകയുള്ളു.

13240.

മഹാരാജാവു് മൺപാത്രത്തിൽ വെള്ളമെടുത്തു് ആഗതൻെറ കാൽ കഴുകിച്ചെതിരേററിരുത്തി.

ആതിഥേയന്നു് പലതുമറിയാനുണ്ടു്. വരതന്തുമഹർഷി ക്ഷേമത്തോടെയിരിക്കുന്നില്ലേ? അദ്ദേഹത്തിൻെറ തപശ്ചര്യകളെല്ലാം നിർവ്വിഘ്നം നടക്കുന്നില്ലേ? ആശ്രമമൃഗങ്ങളും വൃക്ഷങ്ങളുമെല്ലാം പ്രാകൃതികോപദ്രവങ്ങളൊന്നുമേല്ക്കാതെ വളർന്നുവരുന്നില്ലേ! കുളിക്കാനുള്ള പുഴക്കടവുകളും കുടിക്കാനുള്ള കിണറുകളും ആരുമശുദ്ധപ്പെടുത്തുന്നില്ലല്ലോ? കൌത്സൻെറ പഠിപ്പു കഴിഞ്ഞുവോ? ഗാർഹസ്ഥ്യം സ്വീകരി

ക്കവാൻ ഗുരുവിൻെറ അനുവാദം ലഭിച്ചുവോ! അങ്ങിനെ പലതുമദ്ദേഹത്തിന്നറിയാനുണ്ട്. അദ്ദേഹം ചോദിച്ചു

"കുലഗുരു വരതന്തുവിന്നു് ക്ഷേമംതന്നെയല്ലേ? അവിടന്നെന്തെങ്കിലും കല്പിച്ചയച്ചിട്ടുണ്ടോ? അതോ, അങ്ങയ്ക്കു സ്വന്തമായി വല്ല ആവശ്യവുമുണ്ടോ? അങ്ങിനെ വല്ലതുമുണ്ടെങ്കിൽ ആ വിശ്വാസത്തിന്നു നന്ദി. ഞാനതൊരനുഗ്രഹമായിക്കരുതുന്നു."

കൌത്സന്നു മഹാരാജാവിൻെറ താല്ക്കാലിക സ്ഥിതി മനസ്സിലായി. മൺപാത്രത്തിലാണദ്ദേഹം വെള്ളമെടുത്തതു്. അതല്ലാതൊന്നും അവിടെ അവശേഷിച്ചിട്ടില്ല. വററിച്ചതീന്ന ആ തടാകം മഴവെള്ളംകൊണ്ടിനി നിറഞ്ഞുവരണം കെട്ടുപോയ ആതീനാളം അല്പാല്പമായി ഇനി കത്തിപ്പിടിച്ചുവരണം. തൻെറ ഉദ്ദേശം ഒന്നും അവിടെനിന്നു നിറവേറാൻ പോകുന്നില്ല. ഒരു നിരാശാസ്വരത്തിൽ കൌത്സൻ തൻെറ ആവശ്യങ്ങൾ ഇങ്ങനെ ഉപസംഹരിച്ചു.

"പ്രഭോ, എൻെറ വിദ്യാഭ്യാസം പൂർത്തിയായിരിക്കുന്നു. ഗുരുദക്ഷിണ ചെയ്യണമെന്നുണ്ട്. പതിനാലുകോടി ഉറപ്പികയാണതിന്നാവശ്യം. പക്ഷേ, ഇന്നത്തെ അവിടത്തെ നില എന്താണെന്നു ഞാനിപ്പോൾ അറിഞ്ഞുകഴിഞ്ഞു ഞാനിനി അവിടത്തെ ഉപദ്രവിക്കുന്നില്ല. എനിക്കതിൽ ഒട്ടും വിഷമമില്ല. കാരണം ഇതൊരു വലിയ തുകയാണ്. അതു് അവിടത്തേക്കു് ഇന്നു് തരാൻ വിഷമമുണ്ടെന്നെനിയ്ക്കറിയാം."

കൌത്സൻെറ ആ വാക്കുകറം മഹാരാജാവിൻെറ ഉദാരതയെ ഒന്നാളിക്കത്തിക്കുകയാണുണ്ടായത്. അദ്ദേഹത്തിൻെറ ആത്മാഭിമാനത്തെ അതൊന്നുണൎത്തിവിട്ടു. ഒരു വിശിഷ്ടനായ ബ്രാഹ്മണൻ ഗുരുദക്ഷിണക്കുവേണ്ടി തന്നെ സമീപിക്കുക. ആഗ്രഹം നിറവേറാതെ മടങ്ങിപ്പോകേണ്ടിവരിക. മററൊരാളെ സമീപിക്കുക. അയ്യോ! അതെന്തൊരവമാനമാണ്. അതിന്നിടവരാതിരിക്കട്ടെ. ആ മഹാരാജാവു് പറഞ്ഞു.

"അങ്ങ് രണ്ടുമൂന്നുദിവസമെങ്കിലും ഈ രാജധാനിയിൽതന്നെ താമസിക്കു. ഞാനൊന്നു പരിശ്രമിച്ചു നോക്കട്ടെ"

ശരി, കൌത്സനതു സമ്മതിച്ചു. രഘു മററു യാതൊരു വഴിയുമില്ലാതെ വൈശ്രവണൻെറ ഗൃഹത്തിൽനിന്ന് ആവശ്യമുള്ളത്ര പണം പിടിച്ചുപററുവാൻ തീരുമാനിച്ചു.

പിറെറദിവസം കാലത്താണ് യാത്ര തീരുമാനിച്ചതു്. യുദ്ധസാമഗ്രികളെല്ലാമൊരുക്കാൻ കല്പനകൊടുത്തു് അദ്ദേഹം കിടന്നുറങ്ങി.

കാലത്തു് പുറപ്പാടായി. പെട്ടെന്ന് ഖജാനയിലെ ശിപായികളോടിവന്നു ആശ്ചര്യകരമായൊരു സംഭവമുണൎത്തിച്ചു.

"പ്രഭോ, ഖജാനയ്ക്കകത്തു് ഒരു സ്വൎണ്ണമഴ പെയ്തിരിക്കുന്നു. ഇന്നലെരാത്രി."

രഘു യാത്ര തല്ക്കാലം നിൎത്തിവെച്ചു. അദ്ദേഹം ഖജാനയിൽചെന്നുനോക്കി എവിടേയും സ്വൎണ്ണം തന്നെ. ആ ദാനശീലൻ അതെല്ലാംതന്നെ കൌത്സന്നു ദാനംചെയ്തു. ഇരുപേൎക്കും കൃതാൎത്ഥതയ്ക്കതിരില്ല. ചോദിച്ചതിലധികം രാജാവിന്നു കൊടുക്കാൻകഴിഞ്ഞു; ആഗ്രഹിച്ചതിലേറെ കൌത്സന്നു ലഭിക്കുകയും ചെയ്തു.

സ്വൎണ്ണമെല്ലാം ചാക്കിലാക്കി ഒട്ടകത്തിൻെറ പുറത്തുകയററി അദ്ദേഹം കൌത്സനെ യാത്രയാക്കി. കൌത്സൻ പുറപ്പെട്ടു; പോകുന്ന അവസരത്തിൽ ആ കൃതാൎത്ഥൻ മഹാരാജാവിൻെറ നേക്ക് നോക്കി പ്പറഞ്ഞു.

"അങ്ങയ്ക്കു നന്മ വരട്ടെ. അങ്ങയെപ്പോലുള്ള ഒരു പുത്രൻ അങ്ങയ്ക്കു താമസിയാതെ ജനിക്കുമാറാകട്ടെ."

ആശീൎവ്വാദം അടുത്തുതന്നെ ഫലിച്ചു. അധികം കാലവിളംബം വേണ്ടിവന്നില്ല; രഘുവിനൊരു പുത്രനുണ്ടായി.ആ കുട്ടിക്ക് അജനെന്നു പേരിട്ടു.

ശിശു ക്രമേണ വളൎന്നുവന്നു. അച്ഛൻെറ അതേരൂപം, അതേ ഓജസ്സ്, അതേ പ്രഭാവം. അധികം താമസിയാതെ ആ കൊച്ചുകുമാരൻ തിരിയിൽനിന്നുകൊളുത്തിയ തിരിപോലെ പൂൎണ്ണവളൎച്ചയിലെത്തി.

വിദ്യാഭ്യാസം കഴിഞ്ഞു വിവാഹത്തിന്നു സമയമായി.

അങ്ങനെയിരിക്കെ വിദർഭരാജാവു് രഘുവിൻെറ സമീപത്തേക്കു ഒരു ദൂതനെ അയച്ചു. അദ്ദേഹത്തിന്നു് ഇന്ദുമതിയെന്നു പേരായ ഒരു സഹോദരിയുണ്ടു്. ആ യുവതിയുടെ സ്വയംവരമാണു്. അവളെ അജൻനല്കി തനിക്കു് രഘുവുമായി ഒരു ബന്ധം സ്ഥാപിച്ചാൽ കൊള്ളാമെന്നൊരാഗ്രഹം. സമത്ഥനായ ദൂതൻ വിവരമറിയിച്ചു

രഘുവിന്നു് ആ ബന്ധം നന്നായിത്തോന്നി. മകനാണെങ്കിൽ വിവാഹത്തിന്നു കാലമായിരിക്കുന്നു. കുലീനമായ ഒരു കുലത്തിൽനിന്നുള്ള അഭ്യത്ഥന അദ്ദേഹം നിരസിക്കുന്നതെങ്ങനെ? ഒട്ടും മടിച്ചില്ല. പുത്രനെ ഒരു സൈന്യത്തിൻെറ അകമ്പടിയോടെ വിദഭ്ത്തിലേക്കു യാത്രയാക്കി

അവർ നമ്മദയുടെ തീരത്തെത്തി. തളിത്തു തഴച്ചുനില്ക്കുന്ന ഉങ്ങിൻമരങ്ങളുടെ തണലിൽ അല്പമൊന്നു വിശ്രമിക്കാൻ തീരുമാനിച്ചു. ആനകളെ തളച്ചുനിത്തി. കുതിരകളുടെ ജീനിയഴിച്ചുവിട്ടു. ആ സൈന്യം അങ്ങനെ മരത്തണലിൽ പുഴയിലെ കുളിർകാററുമേററു് വിശ്രമിക്കുകയാണു്.

അതാ, പുഴയിലെ വെള്ളത്തിൽനിന്നൊരു ശബ്ദം. അവരുടെ കണ്ണുകളൊന്നായി അവിടേക്കു പാഞ്ഞു ഒരു കൂററൻ മത്തഗജം അതിൽനിന്നതാ പൊന്തിവരുന്നു! അതൊരു കാട്ടാനയാണു്. മടപ്പാടു നല്ലപോലെ കാണാൻ കഴിയും. അവൻ തുമ്പിക്കയ്യുചുരുട്ടി ആ ഒഴുക്കുള്ള വെള്ളത്തിൽ ഒന്നാഞ്ഞടി

ച്ചു. അതിൽനിന്നു പൊങ്ങിയ തിര ആ തീരപ്രദേശത്തെ വിഴുങ്ങാനോടിയെത്തി.

അവൻ ആ ഉങ്ങിൻപടപ്പിലേക്കൊന്നുനോക്കി. അവിടെ അനവധി എതിരാളികൾ നില്ക്കുന്നതായി കണ്ടു അവന്റെ മസ്തകം മദംപൊട്ടിയൊഴുകി. സൈന്യഗജങ്ങൾ ചിന്നംവിളിച്ച് ഓടാൻ തുടങ്ങി. കുതിരകളെയൊന്നും കാണാനേയില്ല. കാലാൾപ്പടകൾ ആർത്തുവിളിച്ചു. ആകെ പരിഭ്രമിച്ച ആ സേനയിൽനിന്ന് അജൻ ആനയുടെനേർക്ക് ഒന്നു മുന്നിട്ടടുത്തു രാജാക്കന്മാർക്ക് കാട്ടാനയെക്കൊല്ലാൻ പാടില്ല. നേരിട്ടടുക്കുന്ന ആനയെ പിന്തിരിപ്പിക്കുക മാത്രമേ അപ്പോൾ നിർവ്വാഹമുള്ളു അദ്ദേഹം അവന് നോവേല്ക്കുന്ന വിധത്തിൽ മസ്തകത്തെ ലക്ഷ്യമാക്കി ഒരമ്പ് എയ്തു

അത്ഭുതംതന്നെ! അമ്പുകൊണ്ടമാത്രയിൽ ആ ആന ഒരു ഗന്ധർവ്വനായിമാറി.

പ്രിയംവദനെന്നൊരു ഗന്ധർവ്വകുമാരനാണവൻ. എന്തോ, മതംഗമഹർഷിയുടെ ശാപംമൂലം അവൻ ആനയായിത്തീർന്നിരിക്കയാണ്. അദ്ദേഹം ശാപമോക്ഷം കൊടുത്തിട്ടുണ്ട്. "ഇക്ഷ്വാകുവംശത്തിൽ അജനെന്നൊരു രാജകുമാരൻ ജനിക്കും. അദ്ദേഹം നിന്റെ മസ്തകം ഭേദിക്കും. അന്നു നീ സ്വന്തം രൂപം കൈക്കൊള്ളും."

പ്രിയംവദൻ പറഞ്ഞു:

"മഹാരാജാവേ, അങ്ങെനിക്കുചെയ്ത ഈ ഉപകാരത്തിന്നു് പ്രത്യുപകാരം ചെയ്യാൻ ഞാനാളല്ല. എങ്കിലും ഞാൻ അങ്ങയ്ക്കു് ഒരസ്ത്രം ഉപദേശിച്ചു തരുവാൻ തീരുമാനിച്ചിട്ടുണ്ടു്. അങ്ങതു് സ്വീകരിക്കണം. സമ്മോഹനമെന്നാണതിൻെറ പേർ. അതുള്ളിടത്തോളംകാലം അങ്ങക്കു് പരാജയമെന്നൊന്നനുഭവപ്പെടില്ല"

അജൻ അതു സ്വീകരിച്ചു. അവർ അങ്ങനെ പിരിയുകയും ചെയ്തു. ഒരാൾ ഒററക്കു് ഗന്ധർവ്വലോകത്തിലേക്കും മററാൾ സൈന്യസമേതം വിദർഭരാജ്യത്തിലേക്കും.

ആ സൈന്യം വിദർഭത്തിലെത്തി. വിദർഭാധിപതി അദ്ദേഹത്തെ യഥാവിധി സൽക്കരിച്ചെതിരേററു.

സ്വയംവരത്തിൻെറ തലേദിവസമാണതു്. ആഡംബരപൂർണ്ണമായ ആ രാജധാനിയിൽ ആസകലം ബഹളംതന്നെ. എങ്കിലും അജനെ അവയിൽനിന്നെല്ലാമകററി പ്രശാന്തമായൊരു മണിമേടയിൽ താമസിപ്പിക്കാനേർപ്പാടുചെയ്തു.

# അദ്ധ്യായം 6.

നേരം പുലന്നു. രാജധാനിയിൽ തിക്കും തിരക്കും കൂടിവരികയാണു്. ആഗതരായ അരചന്മാർ ഇരുന്നരുളുന്നുണ്ടു്. അന്തസ്സമഴകും തികഞ്ഞ അജൻ അവരുടെ ഇടക്കിരിപ്പുണ്ടു്. ആ കോമളകളേബ

രൻ മററരാജാക്കന്മാരുടെ കരളിൽ നിശ്ശബ്ദമായി നിരാശയുളവാക്കി.

സ്വയംവരസമയമായി സ്തുതിപാഠകന്മാർ മഞ്ചത്തിലിരിപ്പുള്ള രാജാക്കന്മാരെയെല്ലാം വെവ്വേറെ സ്തുതിച്ചുപാടി. പരിമളം പരക്കുമാറ് സുഗന്ധദ്രവ്യങ്ങൾ കത്തിയെരിഞ്ഞു. മംഗളശംഖം മുഴങ്ങി. അതാ, ഒരു ചതുരപ്പല്ലക്കിൽ പരിമിതമായ പരിവാരങ്ങളോടെ ഇന്ദുമതി ആ രംഗത്തിലെത്തിക്കഴിഞ്ഞു.

ഒരു വലിയ വിതാനപ്പന്തലിൽ രണ്ടു വരിയായി ആഡംബരപൂർണ്ണമായ മഞ്ചങ്ങൾ കിടപ്പുണ്ട്. അവയിലെല്ലാം ഓരോ രാജാക്കന്മാരിരിക്കുന്നുണ്ട്. അതിൻെറ മദ്ധ്യത്തിലൂടെ ഒരു വിസ്താരമുള്ള വഴിയുണ്ട്. പല്ലക്കുകാർ കന്യകയെ ആ വഴിയിലൂടെ മുന്നോട്ടു നയിച്ചു.

എല്ലാവരുടേയും നയനങ്ങൾ ആ സൌന്ദര്യ്യസാരമാസ്വദിക്കാനുഴറി. അവരുടെ അന്തഃകരണങ്ങളെല്ലാം ആ ശരീരങ്ങളിലില്ല. ദേഹപിണ്ഡങ്ങൾ മാത്രമേ ഇരിപ്പിടങ്ങളിലുള്ളു.

അവരറിഞ്ഞില്ല, അവരെന്തെല്ലാം ഗോഷ്ടികളാണ് കാട്ടിക്കൂട്ടിയതെന്ന്. ഒരാൾ കയ്യിലെ കളിത്താമരയൊന്നു ചുഴററി. മറെറാരാൾ മാറത്തെ മാലയൊന്നു ശരിപ്പെടുത്തി. വേറൊരാൾ ഉദാസീനഭാവം നടിച്ച് സംഭാഷണം തുടങ്ങി. ചിലർ കീഴ്പോട്ടുനോക്കി. ചിലർ ഒളിഞ്ഞുനോക്കി. അങ്ങിനെ പല ശൃംഗാരചേഷ്ടകളും അവരിലുളവായി.

സുനന്ദ ഇന്ദുമതിയുടെ തവണക്കാരിയാണ്. അവിടെ സന്നിഹിതരായ രാജാക്കന്മാരെപ്പററിയെല്ലാം അവൾക്കു നല്ലപോലെ അറിയാം. അവൾ ആ രാജകന്യകക്കു് രാജാക്കന്മാരെ ഓരോന്നായി പരിചയപ്പെടുത്താൻ തുടങ്ങി.

ആദ്യമായി അവൾ മഗധരാജാവിൻെറ സമീപത്തേക്കാണ് കുമാരിയെ നയിച്ചതു്. അവൾ പരിചയപ്പെടുത്തി.

"ഇതാ, ഇദ്ദേഹമാണ് മഗധരാജൻ. പരന്തപനെന്നാണ് പേർ. വളരെ ദയാലുവും പ്രതാപിയുമാണ്. ഇദ്ദേഹത്തെവരിക്കുക. കുടിവെപ്പുസമയത്തു് പാടലീപുത്രത്തിലെ പൌരനാരികൾക്കു് നീ കണ്ണിലുണ്ണിയാവും."

ആ കന്യകക്കു് അദ്ദേഹത്തെ അത്രപിടിച്ചില്ല. നോക്കിയപ്പോൾ നമസ്കരിക്കാനാണ് തോന്നിയതു്. അവൾ അദ്ദേഹത്തെ ഒന്നു വണങ്ങി അടുത്ത മഞ്ചത്തിലേക്കു തിരിഞ്ഞു

അവിടെ അംഗരാജനാണിരിക്കുന്നതു്. സുനന്ദ പരിചയപ്പെടുത്തി.

"ഇദ്ദേഹം ഒരസാധാരണനാണ് ശത്രുരാജാക്കന്മാരുടെ സ്ത്രീകൾക്കു കണ്ണീർക്കണം കൊണ്ടു് എന്നെന്നും പുതിയ മുത്തുമാലയണിയിക്കുന്നവനാണിദ്ദേഹം. രണ്ടു ഭാര്യമാരുണ്ടു് ഇദ്ദേഹത്തിന്നു് ഒന്നു ലക്ഷ്മി; മറെറാന്നു സരസ്വതി മൂന്നാമത്തവളായി നീ ഈ നൃപപുംഗവനെ വരിച്ചാനന്ദിക്കു."

'നടക്കൂ' ഇന്ദുമതി അതൃപ്തിയോടെ തവണക്കാരിയോടു പറഞ്ഞു.

അവന്തിരാജനാണ് അടുത്തത്. മഹാകാള ക്ഷേത്രത്തിലെ മഹാദേവൻെറ കാരുണ്യംകൊണ്ടു കരകവിഞ്ഞ ഐശ്വര്യമുള്ള ഒരു രാജ്യമാണ് അദ്ദേഹത്തിനുള്ളത്. സിപ്രാനദിയിലെ കുളിർകാററ് മനോഹരമായ അവിടത്തെ മലർവാടിയിൽ വിഹരിക്കുവാൻ ഏതൊരാളാണ് കൊതിക്കാത്തത്?

ആ കുമാരി കൺകോണുകൊണ്ടു എന്തോപറഞ്ഞു. സുനന്ദനിറുത്തി. അവർ വീണ്ടും നീങ്ങി.

കാർത്തവീര്യാർജ്ജുനൻെറ വംശജനായ അനൂപരാജനെയാണ് പിന്നീടു സമീപിച്ചത്. സുനന്ദ തുടർന്നു.

"ഇതാ ഇദ്ദേഹമാണ് പ്രതീപമഹാരാജാവ്. മാഹിഷ്മതിയാണിദ്ദേഹത്തിൻെറ തലസ്ഥാനം. രേവാനദിയുടെ കുളിർകാററിൽ കോൾമയിർകൊള്ളുന്ന ആ നഗരത്തിൽ നിവസിക്കാൻ തരപ്പെടുന്നതു് ഭാഗ്യാതിരേകമാണ്."

എന്തോ, ഇന്ദുമതിക്കു് ആ യുവാവിലും പ്രീതിതോന്നിയില്ല.

അടുത്തതു് സുഷേണനാണ്. പിന്നെ കലിംഗാധിപതിയായ ഹേമാംഗദൻ. പിന്നെ ദക്ഷിണാധിപനായ പാണ്ഡ്യൻ. അവരെയെല്ലാം ഓരോന്നായി പരിചയപ്പെടുത്തി. പക്ഷെ ഇന്ദുമതിക്കവരെയൊന്നും പിടിച്ചില്ല.

ഇരുവശവും ഉയൎന്നമഞ്ചങ്ങളിലിരിക്കുന്ന രാജാക്കന്മാരുടെ മദ്ധ്യത്തിലൂടെ ആ തരുണിമുന്നോട്ടുനടന്നു; ഉയൎന്നമാളികകഠം ഇരുപുറവും നിരന്നു നില്ക്കുന്ന തെരുവിലൂടെ നീങ്ങുന്നൊരു ദീപനാളം പോലെ. നീങ്ങുന്തോറും മുൻവശത്തുള്ള മാളികകഠം തിളങ്ങി. പിന്നിലുള്ളവ മങ്ങി.

അങ്ങനെ അവർ അജൻെറ അന്തികത്തെത്തി. ഇന്ദുമതിയുടെ കണ്ണുകളൊന്നു വിടൎന്നു. ആ കവിഠംത്തുടിപ്പിന്നു് രാമണീയകംകൂടി. ഒരു നോട്ടത്തിൽത്തന്നെ അവളുടെ ഹൃദയം കോളിളകി. അവഠംക്കവിടെ നില്ക്കാൻവയ്യ; നടക്കാൻ തോന്നുന്നുമില്ല. തോഴിയോടെന്തു പറയണം? അവഠംക്കു നാക്കു പൊന്തുന്നില്ല. ഹൃദയത്തിന്നു മടിപ്പുകൂടി.

സുനന്ദ ആ ഭാവഭേദം കണ്ടറിഞ്ഞു. ഒന്നുരണ്ടു വാക്കുകഠംകൊണ്ടു പരിചയപ്പെടുത്തിയാൽ പോരെന്നവഠംക്കുതോന്നി. തൻെറ സഖിയെ അവഠംക്കു് ലജ്ജയിലിട്ടൊന്നു കുഴക്കണം. ആ കാമകോമളൻെറ മുമ്പിൽവെച്ചുതന്നെ അതുവേണംതാനും. ഇനിയവഠംക്കങ്ങനെയൊരവസരം കിട്ടിയെന്നുവരില്ല. അവഠം 'സാ' എന്നു തുടൎന്നു.

"പണ്ടു് ഇക്ഷ്വാകുവംശത്തിൽ കാകുൽസ്ഥൻ എന്നു പേരായ ഒരു മഹാരാജാവുണ്ടായിരുന്നു. അദ്ദേഹം അസുരന്മാരോടുള്ള യുദ്ധത്തിൽ ദേവേന്ദ്രനെപ്പോലും സഹായിച്ചിട്ടുണ്ടു്. സ്വൎഗ്ഗലോകത്തുചെന്നാൽ ദേവേന്ദ്രൻ സ്വന്തം സിംഹാസനത്തിലൊ

പ്പം ഇരുന്നു. ആ വംശത്തിൽ ദിലീപനെന്നൊരു രാജാവുണ്ടായി. അസാധാരണമായ പ്രതാപമായിരുന്നു അദ്ദേഹത്തിന്ന്. തൊണ്ണൂറ്റൊമ്പതുയാഗം കഴിച്ച് നൂറാമത്തേതിൻെറ ഫലം കൈവരിച്ച വീരനാണദ്ദേഹം. ആ നൃപൻ ഭൂമി വാണരുളുന്ന കാലത്തെ വിശേഷമല്ലേ കേൾക്കേണ്ടതു്!"

ഇന്ദുമതി നിന്നു വിയർക്കുകയാണ്. അവൾക്കു കേൾക്കണമെന്നുണ്ട്. പക്ഷേ, അങ്ങനെ നിന്നു കേൾക്കാൻ വലിയ വിഷമം. ആ മുഖം അപ്പോൾ കാണേണ്ടതുതന്നെയാണ്. സുനന്ദ നിറുത്താൻ ഭാവമില്ല.

'അദ്ദേഹം വാണരുളുന്ന കാലത്ത് ഒരാൾക്കും ഒരു ഭയവുമില്ല. സ്ത്രീകളുടെ ചാരിത്രം സുരക്ഷിതമാണ്. പൌരന്മാർക്ക് സുഭിക്ഷമാണ്. ആ മഹാരാജാവിൻെറ മകനാണ് രഘു. ലോകംമുഴുവനും വിജയിച്ചെങ്കിലും, ലോകത്തിൻെറ മുഴുവനും അധിശനാണെങ്കിലും, ഒരൊററ ചെമ്പുതുട്ടുപോലും കൈയിൽ കരുതാതെ ഉള്ളതു മുഴുവനും ദാനംചെയ്ത മഹാനാണിദ്ദേഹം.

"ഇതാ, കൊച്ചമ്മയുടെ മുമ്പിലിരുന്നരുളുന്ന ഇദ്ദേഹമില്ലേ, ഇദ്ദേഹം ആ മഹാരാജാവിൻെറ മകനാണ്. അജനെന്നാണ് പേര്. വംശം നോക്കിയാലും വയസ്സുനോക്കിയാലും അഴകുനോക്കിയാലും കൊച്ചമ്മക്കിത്ര യോജിച്ച ഒരാളില്ലതന്നെ. ഇദ്ദേഹത്തെ വരിക്കുന്നതുനന്ന്. രത്നം സ്വർണ്ണത്തോടുകൂടിയല്ലേ ചേരേണ്ടതു്.

ഇന്ദുമതിക്ക് വീർപ്പുമുട്ടിത്തുടങ്ങി. സുനന്ദയുടെ വാക്യം അവസാനിച്ചു. ആ പുരികമൊന്നു പൊങ്ങി. കണ്ണുകളൊന്നു വിടർന്നു ആ നോട്ടം അജനെ പുളകത്തിൻെറ പൂമാലയണിയിച്ചു.

സുനന്ദ ഒന്നുമറിയാത്തമട്ടിൽ പറഞ്ഞു. കൊച്ചമ്മേ, ഇനിയുമുണ്ട് പലരും. വരൂ. ഇങ്ങോട്ടു നടക്കൂ.

ആ കൊള്ളിവാക്ക് ആ കുമാരിയുടെ ഹൃദയം ഇക്കിളിയാക്കി.

ഇന്ദുമതി പോററമ്മയുടെ സഹായത്തോടെ ആ യുവാവിൻെറ കണ്ഠത്തിൽ മംഗളചൂർണ്ണം വിതറി. ഉടലെടുത്ത അനുരാഗമെന്നോണം അഴകുററ ആ വരണമാല്യം അദ്ദേഹത്തിൻെറ കഴുത്തിലണിയിച്ചു.

ചിലർ ആഹ്ലാദംകൊണ്ടാർത്തുവിളിച്ചു. ചിലരുടെ കണ്ണുകൾ ചുവന്നു. ചിലർ ആ രംഗം വിട്ടെണീററുപോയി. ആ സ്വയംവരമണ്ഡപമാകെ ഒരു ബഹളമായി തൽക്കാലത്തേക്ക്.

---

# അദ്ധ്യായം 7.

സ്വയംവരം കഴിഞ്ഞു. വിദർഭരാജാവ് കൃതാർത്ഥനായിരിക്കയാണ്. തൻെറ സഹോദരി അനുരൂപനായ ഒരു വരനെ വരിച്ചല്ലൊ. അടുത്തചടങ്ങ് നഗരപ്രവേശമാണ്. അദ്ദേഹം അതിന്നൊരുക്കുകൂട്ടി.

പക്ഷേ, സ്വയംവരകർമ്മം എന്തോ സുകൃതംകൊണ്ടു സമംഗളം പര്യവസാനിച്ചെന്നേയുള്ളൂ. മററു

രാജാക്കന്മാരെല്ലാം ക്ഷോഭിച്ചിരിക്കയാണ്. അവ ക്കസൂയമുഴുത്തിരിക്കുന്നു. അവരുടെ മുഖം മങ്ങിയിരിക്കുന്നു. പ്രഭാതത്തിലെ നക്ഷത്രംപോലെ. തൽക്കാലം എന്തോ അവരൊന്നടങ്ങിയെന്നേയുള്ളു.

ആ വധൂവരന്മാർ തോരണം തൂക്കിയ രാജവീഥിയിലൂടെ നഗരപ്രദക്ഷിണത്തിന്നൊരുങ്ങി. ഇരുപുറത്തുമുള്ള മാളികകളിൽനിന്ന് അണിഞ്ഞൊരുങ്ങിയ കൊച്ചുബാലികമാർ മലരും പൂവും വാരിവിതറുന്നുണ്ട്. തേരിൻെറ മേൽമൂടി തുറന്നുവച്ചിരിക്കയാണ്. എങ്കിലും അവർക്കു് കൊടിക്കൂറ കുടപിടിക്കുന്നുണ്ട്.

മാളികമുകളിൽ മഹിളമാർ അണിഞ്ഞൊരുങ്ങുകയാണ്. അതിനിടക്കാണ് തെരുവിലൂടെ രഥമട്ടത്തെത്തിയതു്. ഒരുത്തി സാരി ഞെറിഞ്ഞുകുത്തിക്കഴിഞ്ഞില്ല. ഒരുത്തി ഒരു കണ്ണേ എഴുതിയിട്ടുള്ളൂ. ഒരുത്തിയുടെ കാലിൽ മൈലാഞ്ചി വലിഞ്ഞിട്ടില്ല. എന്തൊരു ബഹളമാണെന്നോ, തെരുവിന്നിരുപുറവുമുള്ള മാളികകളിൽ! ഓരോ ജനലുകളിലും താമരപ്പൂക്കാം തുറവ വിടൎന്നപോലെ തോന്നി. പലരും പെട്ടെന്നു പറഞ്ഞുപോയി. ഇന്ദുമതിയുടെ ഭാഗ്യം! എന്തൊരു യോജിപ്പാണിവർക്കു്! രതിയും കാമനും തന്നെ. ദൈവം കരുതിക്കൂട്ടിയാണ് ഇവരെ സൃഷ്ടിച്ചതു്.

ആ വധൂവരന്മാർ പൌരനാരികളുടെ മൊഴികളിൽനിന്ന് ചിലതെല്ലാം കേട്ടു. പരസ്പരം ഒന്നു നോ

ക്കാൻപോലും അവക്കു നാണമായി. അവരങ്ങനെ വിവാഹകമ്മത്തിന്നു പ്രത്യേകിച്ചൊരുക്കിയ ആഡംബരപൂണ്ണമായ മാളികയിലെത്തി. ഭോജരാജാവിൻെറ പുരോഹിതൻ അഗ്നിസാക്ഷിയായി അവരുടെ പാണിഗ്രഹണകമ്മം നടത്തി പകലിൻെറ പുറകേ രാത്രിയെന്നോണം ആ വധൂവരന്മാർ ഹോമാഗ്നിയെ പ്രദക്ഷിണംവെച്ചു. സ്വണ്ണസിംഹാസനങ്ങളിൽ ഇരുന്നരുളുന്ന അവരുടെ മൌലിയിൽ ബന്ധുക്കാം പലരും മഞ്ഞളുമരിയും വാരി വിതറി.

വിവാഹച്ചടങ്ങുകളെല്ലാം സമംഗളംനിറവേറി. ഭോജരാജൻ ഒന്നാശ്വസിച്ചു. ക്ഷണനമനുസരിച്ചു വന്ന മററു രാജാക്കന്മാരെ അദ്ദേഹത്തിന്നു സൽക്കരിക്കേണ്ടതുണ്ട്. അവർ മുതലകളുള്ള കയങ്ങാം പോലെ പുറമേക്കു പ്രശാന്തരായിനില്ലുകയാണ്. വിദഭൻ ഓരോരുത്തക്കും പല അമൂല്യവസ്തുക്കളും നല്കി സൽക്കരിച്ചു. അവർക്കതൊന്നും അത്ര പിടിച്ചില്ല അതൊന്നുമാഗ്രഹിച്ചല്ലല്ലോ അവർ വന്നതു്. സൽക്കരിക്കപ്പെട്ട സാധനങ്ങളെല്ലാം അവർ ഉപഹാരമെന്ന നാട്യത്തിൽ തിരിയെ കൊടുത്തു് അവിടംവിട്ടു

മടങ്ങുമ്പോാം അവരുടെ ആലോചനയാണ്. അത്ര വയ്യല്ലോ. ആ പെണ്ണ് എന്തുകൊണ്ടു് അജനെത്തന്നെ വരിച്ചു? എന്തുകൊണ്ടവരെ വരിച്ചില്ല? അമ്പടി കേമി. അവളുടെ കേമത്തരമൊന്നു കാണണമല്ലോ. വഴിക്കവളെ തടയണം. അവളുടെ ആ സുന്ദരവിഗ്ഗ്രഹിയുടെ ഉശിരൊന്നു കാണാമല്ലോ.

അവർ വഴിക്ക് ഒരു കാട്ടിന്നുള്ളിൽ ഒളിച്ചു കാത്തിരുന്നു.

വിദർഭരാജൻ തൻെറ പ്രതാപത്തിന്നനുസരിച്ചു ഗംഭീരമായൊരു യാത്രയയപ്പു നടത്തി. അദ്ദേഹം ആ അഭികാമ്യനായ ബന്ധുവിനെ കുറച്ചുദൂരം അനുയാത്രചെയ്തു് സ്വന്തം രാജധാനിയിലേക്കുതന്നെ മടങ്ങി.

അജൻ സ്വന്തം പരിവാരവുമൊത്തു് കൃതകൃത്യനായി പോവുകയാണു്. ഒന്നുമദ്ദേഹത്തിന്നു ശങ്കിക്കാനില്ലല്ലോ. ഒന്നും ശങ്കിച്ചിട്ടുമില്ല വഴി ഏതാണ്ടു മദ്ധ്യത്തിലെത്തിയിരിക്കുന്നു. ഒരു കാടുപിടിച്ചു മലഞ്ചെരുവാണു്. ഒന്നുരണ്ടു കാട്ടുരുവികൾമാത്രം എന്തോ പിറുപിറുക്കുന്നുണ്ടു്. അവക്കു വ്യക്തമായുരയ്ക്കാൻ ഭയമാണു്.

തക്കം പാർത്തിരുന്ന ആ രാജാക്കന്മാർ അദ്ദേഹത്തെ അവിടെവെച്ചെതിരിട്ടു. അജൻ കൂസിയില്ല. ഇന്ദുമതിയുടെ സംരക്ഷണത്തിന്നു് മന്ത്രിയെ ഏല്പിച്ചു് അദ്ദേഹം യുദ്ധത്തിന്നൊരുങ്ങി. കാലിൽ തടഞ്ഞ കരടു് തട്ടിനീക്കുകയല്ലേ നല്ലതു്.

തീപ്പറക്കുന്ന യുദ്ധം. കുതിര കുതിരയോടു് ആന ആനയോടു്; വാളു് വാളിനോടു്, മുഷ്ടി മുഷ്ടിയോടു്. പൊടികൊണ്ടു് പകൽ രാത്രിയായി. ആയുധങ്ങളേറ്റുമുട്ടിപ്പൊട്ടിത്തെറിക്കുന്ന തീകൊണ്ടു് രാവു പകലുമായി. ചോര ഒഴുകുകയാണു്. ആ ഒഴുക്കി

ൽ കൈയ്യുകൾ, കാലുകൾ, മുണ്ഡങ്ങൾ, കബന്ധ ങ്ങൾ എന്നിവ പിടഞ്ഞൊഴുകുന്നു! അവിടം അകാലമൃത്യുവിന്നു് വിരുന്നിനൊരുക്കിയിരിക്കയാണു്. ചോരയാണു് മദ്യം. വീണുകിടക്കുന്ന തൊപ്പികൾ പാനപാത്രങ്ങൾ, കഴുത്തററ ശിരസ്സുകൾ ഒന്നാന്തരം കൈതച്ചക്കകൾ. ആ ഭയങ്കരമൃത്യു നാക്കുനീട്ടി വാളുകളുടെ ചീൽക്കാരത്താൽ വലിച്ചുകൂട്ടിക്കുകയാണ്. ഭയങ്കരം! ഭയങ്കരം!

പ്രമുഖന്മാരായ ചിലർ മാത്രമേ അവശേഷിച്ചിട്ടുള്ളൂ. അവരെല്ലാവരുമൊത്തുകൂടി അജ്ജൻെറനേക്കു തിരിഞ്ഞു.

അജ്ജനു് അവസാനത്തെക്കയ്യെടുത്തു പ്രയോഗിക്കണം. ആ നിലയിലെത്തിക്കഴിഞ്ഞു. കുറെയൊക്കെ അടങ്ങിനോക്കി. സാദ്ധ്യമല്ല. അവരുടെ മുഷ്ക്കു് കൂടികൂടിവരുകയാണു്. അദ്ദേഹം തീരുമാനിച്ചു. പ്രിയംവദനിൽനിന്നു ലഭിച്ച സംമോഹനാസ്ത്രം അദ്ദേഹം പ്രയോഗിച്ചു താമസമുണ്ടായില്ല. ഓരോരുത്തരും തന്നെത്താൻ കുഴഞ്ഞുതുടങ്ങി. ഉറക്കം വരുന്നപോലെ അവക്കുതോന്നി. തല ചുമലിലേക്കുതൂങ്ങി ആയുധങ്ങളെല്ലാം ഊന്നുവീണു. അവർ കൊടിമരങ്ങളിലേക്കുചാരി കുഴഞ്ഞ സ്വരത്തിൽ അവരൊന്നായിപ്പറഞ്ഞു. 'അയ്യോ! ഞങ്ങളുടെ ജീവിതമെങ്കിലും സംരക്ഷിക്കാൻ, അല്ലയോ കോസലാധീശ്വരാ, അവിടേക്കു കനിവുണ്ടാകണേ'.

ശരി, അജൻ ഒന്നും പിന്നെ ചെയ്തില്ല. ഉടനെ ആ വേഷത്തിൽത്തന്നെ അദ്ദേഹം പ്രേയസിയെ സമീപിച്ചു. അവ൪ പേടിച്ചിരിക്കുകയാണ്. അദ്ദേഹം പറഞ്ഞു. 'പ്രിയേ, ഇതാ ഈ പടകളെമൊന്നു നോക്കു. ഇവരെല്ലാം നിൻെറ കാമുകന്മാരാണ്. നിൻെറ ഇറച്ചി കൊതിച്ചെത്തിയ കുറുക്കന്മാരാണിവർ. വരൂ നിനക്കിഷ്ടംപോലെ ഇവരെയെല്ലാമൊന്നു നടന്നുകാണാം. ഏതു കുട്ടിക്കും ഇവരെ ഇപ്പോ൪ എന്തും ചെയ്യാം.

'ആ വീരപത്നി ആര്യപുത്രനെ മനസാ അഭിനന്ദിച്ചു അവ൪ നേരിട്ടൊന്നും പറഞ്ഞില്ല നാണമാണവ൪ക്ക്. തൻെറ ഹൃദ്ഗതങ്ങ൪ അവ൪ ഒരു പുഞ്ചിരികൊണ്ടു വെളിപ്പെടുത്തി. അജന് അതേവരേയുമുളവായ തളച്ച്ച മുഴുവനും മാറി.

അവശേഷിച്ച സൈന്യവുമായി ആ ദമ്പതിക൪ അയോദ്ധ്യയിലെത്തി. രഘു ആ മക്കളെ എതിരേല്ക്കാൻ ഒരുങ്ങിനില്ക്കുന്നുണ്ടായിരുന്നു. അദ്ദേഹം അവരെ വാരിവലിച്ചുമുകന്നു ആ പിതാവ് കൃതാത്ഥനായി. രാജ്യഭാരം വിശ്വവിജയിയായ തൻെറ മകനിലപ്പിച്ച് അദ്ദേഹം വാനപ്രസ്ഥത്തിന്നു പുറപ്പെടാൻ തീരുമാനിച്ചു സൂര്യവംശരാജാക്കന്മാരുടെ പതിവാണല്ലോ അതു്.

# അദ്ധ്യായം 8.

കുടിവെപ്പിൻെറ ആഘോഷങ്ങറം അവസാനി ച്ചില്ല. അപ്പൊഴേക്കാണ് അജന്ന് അച്ഛൻെറ പക്കൽനിന്ന് ഭൂഭാരവും കിട്ടിയതു്. അദ്ദേഹം നവോഢയായ ഇന്ദുമതിയേയും നവലബ്ധയായ വസുധ യേയും ഒരുപോലെയാണ് സ്വീകരിച്ചതു്.

വസിഷ്ഠൻെറ പൌരോഹിത്യത്തിൽ രാജാഭി ഷേകം ഭംഗിയായി നടന്നു. അതിൽ ഇന്ദുമതിയെ ന്നപോലെ ഭൂമീദേവിയും കൃതാത്ഥതപൂണ്ടു.

ശത്രുക്കറംക്കദ്ദേഹത്തെ സ്മരിക്കാൻപോലും കഴിഞ്ഞില്ല. സചിവന്മാരുടെ ആലോചനാശക്തി യും കുലഗുരുവിൻെറ മന്ത്രശക്തിയും അദ്ദേഹത്തി ൻെറ രാജശക്തിക്കു് മാററുകൂട്ടി.

പ്രജകറം അദ്ദേഹത്തെ യൌവനം വീണ്ടെ ടുത്ത രഘുവെന്നുതന്നെയാണ് കണക്കാക്കിയതു്. ആ പിതാവിൻെറ സകല ഗുണങ്ങളും അദ്ദേഹ ത്തിൽ സങ്ക്രമിച്ചിരുന്നതിനാൽ അവക്കു് രാജ്യഭര ണത്തിൽ യാതൊരു പരിവത്തനവും വന്നതായി തോന്നിയില്ല. ഐശ്വയ്യത്തിൻെറ ഉച്ചകോടിയി ലിരുന്നും വിനയത്തിൻെറ അഗാധതയിൽ കഴിഞ്ഞു കൂടിയ അദ്ദേഹത്തിന്നു് പൈതൃകമായി ലഭിച്ച നവാധികാരം ഒട്ടുംതന്നെ ഭാവഭേദം വരുത്തിയില്ല.

എല്ലാവക്കും അദ്ദേഹം പ്രിയനായിരുന്നു. ഒരാ ളുടെ നേരേയും അത്ര രൂക്ഷനായിരുന്നില്ല. വെണ്ണ പോലെ അലിഞ്ഞുപോയിരുന്നുമില്ല. ശത്രുക്കളെ

പിഴുതുകളയാതെതന്നെ അദ്ദേഹം അവരുടെ തല കുനിപ്പിച്ചു. കാററ് മരങ്ങളെ കുനിപ്പിച്ചു നിൎത്താറുണ്ടു്. കടപുഴക്കാറില്ലല്ലോ.

കൃതാൎത്ഥനായ രഘു വാനപ്രസ്ഥത്തിന്നു് കാട്ടിലേക്കു് പുറപ്പെട്ടു. അജൻ കാല്ക്കൽവീണു കെഞ്ചി. വിട്ടുപിരിഞ്ഞുപോകുന്നതു് മകന്നു് വേദനാജനകമായിരുന്നു. ഊൻ്റുപോയ വള വീണ്ടുമെടുത്തണിയുക സൎപ്പം പതിവില്ലല്ലോ. രഘു വലിച്ചെറിഞ്ഞ രാജഭോഗം തിരിയെ കൈക്കൊള്ളാൻ മുതിൎന്നില്ല. അജന്റെ അപേക്ഷ നിഷ്ഫലമായതേയുള്ളു.

അച്ഛൻ അരണ്യത്തിൽ സംയമജീവിതം നയിക്കുന്നു. മകൻ സിംഹാസനത്തിൽ രാജ്യഭാരം വഹിച്ചിരുളുന്നു. ഒരാൾ മോക്ഷത്തിന്നു്; മററാൾ പ്രജകളുടെ ക്ഷേമത്തിന്നും. ഒരാൾക്കു് കൂട്ടുകെട്ടു് യോഗികളുമായാണു്. മററാൾക്കോ മന്ത്രിമാരായും. ഒരാൾ രാജ്യകാൎയ്യങ്ങൾക്കുവേണ്ടി സിംഹാസനത്തിൽ; മററാൾ മനസ്സിന്റെ ഏകാഗ്രതക്കുവേണ്ടി ദൎഭാസ്തരണത്തിൽ. സ്വന്തം നയകുശലതകൊണ്ടു് അടുത്തുള്ള രാജാക്കന്മാരെ സ്വാധീനിക്കാനൊരുങ്ങിയിരിക്കയാണൊരാൾ; സമാധി പരിശീലനംകൊണ്ടു് പഞ്ചപ്രാണങ്ങളെ പാട്ടിലാക്കാൻ മുതിരുകയാണു് മറെറയാൾ. മകൻ ഫലം സിദ്ധിക്കുംവരെ ആരംഭിച്ച പ്രവൃത്തിയിൽനിന്നു് വിരമിച്ചില്ല; അച്ഛനോ പരമാത്മാവിനെ പ്രത്യക്ഷപ്പെടുത്തുന്നതുവരെ യോഗാനുഷ്ഠാനത്തിൽനിന്നും പിന്തിരിച്ചില്ല.

അങ്ങനെ രഘു കാലധർമ്മം പ്രാപിച്ചു. വഴി യുന്ന കണ്ണുകളോടുകൂടി അജൻ പിതൃക്രിയകളെല്ലാം യഥാവിധി നിറവേററി. രഘുവിൻെറ ചരമത്തിലു ണ്ടായ ദുഃഖം ഒരു കനൽക്കട്ടപോലെ ക്രമേണ ചാരം വന്നുമൂടി. കാലമങ്ങനെ കഴിഞ്ഞു. രാജ്യ ത്തെല്ലാം ക്ഷേമം നടമാടുന്നു സപത്നിയായ രത്നഗ ർഭയെപ്പോലെ കാലക്രമേണ ഇന്ദുമതി ഗർഭിണി യായി. ആ പൊന്നുഷസ്സ് ഒരു ബാലാരുണനെ പ്രസവിച്ചു.

ആ ചോരക്കുഞ്ഞ് വളൎന്നു വളൎന്ന് ഒരുണ്ണിയാ യിക്കഴിഞ്ഞിരിക്കുന്നു. അഞ്ചെട്ടുവയസ്സായിക്കാ ണും, ഒരു ദിവസം അജനും ഇന്ദുമതിയും കൊട്ടാര ത്തിലെ പൂങ്കാവിൽ വിഹരിക്കുകയാണ്. തളിർ മെത്തയിൽ അവൾ പ്രാണനാഥൻെറ മടിയിൽ തലവെച്ചു കിടന്നു. നാരദൻ ആ സമയത്താണ് ആകാശത്തിലൂടെ പോയിരുന്നത്. ആ മഹർഷി യുടെ മണിവീണയിൽ ഒരു മാല കിടന്നിരുന്നു. നന്ദനവനത്തിലെ മലരുകളാൽ വിരചിതമായ ആ മാല എങ്ങനേയോ കാററടിച്ചു താഴെവീണു. ഇന്ദുമതിയുടെ മാറിലാണതു് വന്നുവീണതു്. മാല മാറിൽ തൊട്ടതോടെ അവളുടെ കണ്ണുകളടഞ്ഞു. ശ്വാസം നിലച്ചു.

അജൻ പരിഭ്രമിച്ചു. അദ്ദേഹം വിളിച്ചുനോ ക്കി. മിണ്ടുന്നില്ല. കൈപിടിച്ചൊന്നു പൊക്കിനോ ക്കി. തളൎന്നിരിക്കുന്നു. ഹൃദയമൊന്നു സ്പർശിച്ചുനോ

ക്കി. മിടിക്കുന്നില്ല. ആ ധീരഹൃദയൻ പൊട്ടിക്കര ഞ്ഞു് ബോധമററു നിലംപതിച്ചു.

നിലവിളികേട്ട് പരിജനങ്ങളോടിയെത്തി. ആ രംഗം കണ്ടു് അവരാത്തുനിലവിളിച്ചു. അയ്യോ! എന്തൊരു ദയനീയത! ആ പ്രജകളുടെഅച്ഛനമ്മ മാരാണവിടെ ചലനമററുകിടക്കുന്നതു്.അവരെന്തു ചെയ്യും?

കൊട്ടാരവൈദ്യന്മാർ ഇടിമിന്നലിന്റെ വേഗ ത്തിലെത്തി. അവർ പരിശോധന നടത്തി കഷ്ടം! റാണിയുടെ കഥകഴിഞ്ഞിരിക്കുന്നു മഹാരാജാവിന്നു് ബോധക്ഷയമേയുള്ളു. അവർ വേണ്ട പരിചരണ ങ്ങരം നടത്തി. അദ്ദേഹത്തിന്നു ബോധം വരുത്തി.

തന്റെ പ്രാണനാഥയതാ മരിച്ചുകിടക്കുന്നു. അദ്ദേഹം അവളെ വാരിയെടുത്തു മടിയിലേററി. ഒരു കൊച്ചുകുട്ടിയെപോലെ ആ ധീരൻ പൊട്ടിക്ക രഞ്ഞു വിലപിക്കാൻ തുടങ്ങി.

"ദൈവമേ! അവിടന്നിങ്ങനെ എന്തിനു് എ ന്നെ ശിക്ഷിച്ചു? ഒരു പൂമാലകൊണ്ടടിച്ചു് ജീവന പഹരിക്കുന്ന ഈ ഇന്ദ്രജാലം എന്തിനവിടന്നു് ഇവ ളുടെമേൽ പ്രയോഗിച്ചുനോക്കി. അല്ലെങ്കിൽ അവി ടത്തെ വൈഭവം വിചിത്രംതന്നെ. താമരപ്പൂവിനെ മഞ്ഞിൻതുള്ളികൊണ്ടല്ലേ അങ്ങു നശിപ്പിക്കുന്നതു്? ഈ പൂമാലക്കു് കൊല്ലാനുള്ള കഴിവുണ്ടെങ്കിൽ ഞാ നിതാ ഇതിനെ നൂറുവട്ടം മാറത്തണിയുന്നു. എന്താ

ണ് ഞാനും ചത്തുപോകാത്തതു്? ദൈവമേ! അവിടന്നിങ്ങനെ പക്ഷഭേദം കാണിക്കുകയോ! അല്ലെങ്കിൽ അവിടന്നെന്തിനെന്റെ ബോധമുണർത്തി. എന്തുകൊണ്ടെന്നെ അവളുടെ കൂടെ വിട്ടില്ല.''

അജൻ ആ ജീവിതേശ്വരിയുടെ നെററി തടവിക്കൊണ്ടുതുടന്നു.

''പ്രിയേ, ഞാൻ നിനക്കെന്തപരാധം ചെയ്തു? നീ എന്താണെന്നെ ഇങ്ങിനെ ഇട്ടെറിഞ്ഞു പോകുന്നതു്? ഞാനിന്നു് പേരിനുമാത്രം രാജാവാണു്. എന്റെ ഐശ്വര്യവും സൌഖ്യവും വിനോദവും എനിക്കുവേണ്ട ജീവിതംപോലും തകൎന്നുകഴിഞ്ഞു. അല്ല! പ്രിയേ! നീ ഉണൎന്നുവരുന്നുണ്ടോ? വരൂ, ഉണരൂ. നിന്റെ മുഖത്തതാ കുറുനിരകിടന്നിളകുന്നല്ലോ! നീ ജീവിക്കുന്നില്ലേ? ജീവിക്കുകയില്ലേ?.

''ഇല്ല. ഈ കണ്ണുകളിനി ഇളകുകയില്ല. ഈ ചുണ്ടുകളിനി പുഞ്ചിരിക്കുകയില്ല. അയ്യോ! ഈ മൃദുലമേനി എങ്ങിനെ ഒരാറം ചിതയിലേററി ചുട്ടുകരിക്കും? പ്രിയേ, നിന്റെ കാൽചവിട്ടേററു് പൂത്തതാണു് ഈ അശോകം. അതിന്റെ പൂക്കൾകൊണ്ടുതന്നെ നിനക്കൊരു മരണമാല്യം നിൎമ്മിക്കേണ്ടേ? അതെങ്ങനെ ഓക്കാൻ കഴിയും.

''ഹാ! കൊച്ചുമകൻ! ഇനിഅവൻ ആരുടെ മടിയിലിരുന്നു വളരും? ആരവനെ പരിലാളിക്കും. ആരവനെ താലോലിക്കും. അവനെ എന്റെ കയ്യി

ലപ്പിച്ച് നീ എവിടേക്കാണ് പോയതു്? പ്രിയേ! എൻെറ ധൈൎയ്യമെല്ലാം തകൎന്നു ജീവിതരസം വററി വരണ്ടു. എനിക്കിനി താങ്ങാരുണ്ടു്? തണലാരുണ്ടു്?

"നീയെൻെറ അഭീഷ്ടമറിഞ്ഞനുവൎത്തിച്ചിരുന്ന കുടുംബിനിയായി. കാൎയ്യാകാൎയ്യങ്ങളുപദേശിച്ചിരുന്ന ഒരു മന്ത്രിയായി വിനോദിക്കുവാനുള്ള ഒരു സഖിയായി എൻെറ ഉപദേശം അക്ഷരംപ്രതി അനുഷ്ഠിച്ചിരുന്ന ഒരു പ്രിയശിഷ്യയായി. ആ കരുണയററ വിധി നിന്നെകൊണ്ടുപോയല്ലോ. എനിക്കിനി എന്തൊന്നാണ് ബാക്കിയുള്ളതു്.

ആ നിലവിളി നില്ക്കുന്നില്ല ആ വിലപനമവസാനിക്കുന്നില്ല അടുത്തുള്ള മരങ്ങളുംകൂടി അദ്ദേഹത്തോടൊപ്പം കണ്ണുനീർതൂകി. വള്ളികൾ നെഞ്ഞത്തടിച്ചുനിലവിളിച്ചു ആ മൃതദേഹം മടിയിൽ നിന്നെടുത്ത് പട്ടടയിലേക്കുമാററുമ്പോൾ അദ്ദേഹം ഒരു ചോരക്കുഞ്ഞിനെപോലെ പിടഞ്ഞുനിലവിളിച്ചു. ആ പ്രേമസാമ്രാട്ടു ചിതയിൽ ചാടി പ്രേയസിയെ അനുഗമിക്കുമായിരുന്നു. പക്ഷേ പ്രജകളെന്തുപറയും? ആ പേടികൊണ്ടദ്ദേഹം അതു ചെയ്തില്ല.

പത്തുദിവസത്തിന്നുശേഷം ആ ഉപവനത്തിൽ വെച്ചുതന്നെ അവളുടെ അടിയന്തരം കഴിച്ച് അദ്ദേഹം രാജധാനിയിലേക്കുമടങ്ങി. ആ നിലാവില്ലാത്ത ചന്ദ്രനെകണ്ടപ്പോൾ നഗരനാരികളുടെ കണ്ണുകളിൽ പേമഴപെയ്തു. ഹൃദയത്തിൽ കൊടുങ്കാററു വീശി.

അദ്ദേഹം രാജധാനിയിലെത്തിയേയുള്ളു; വസിഷ്ഠൻ തൻെറ ശിഷ്യൻവശം ഒരു സന്ദേശമയച്ചു. ആ ശിഷ്യൻ പറഞ്ഞു.

"ഗുരു അജൻെറ ആപത്തിൻെറ കാരണമെല്ലാം ദിവ്യദൃഷ്ടികൊണ്ടറിഞ്ഞു. അവിടന്നിങ്ങനെ പറയാൻ ആജ്ഞാപിച്ചിട്ടുണ്ട്."

രാജാവ് ഉത്സുകനായി ശിഷ്യൻ തുടൎന്നു.

"തൃണബിന്ദുവെന്നൊരാഠം പണ്ട് ഭയങ്കരമായ തപസ്സനുഷ്ഠിച്ചിരുന്നു. അതിൽ ആശങ്കിതനായ ദേവേന്ദ്രൻ തപോഭംഗത്തിന്നു് ഹരിണി എന്നൊരപ്സരസ്സിനെ പറഞ്ഞയച്ചു. അവഠം അനായാസേന മുനിയുടെ വ്രതഭംഗം വരുത്തി. അദ്ദേഹത്തിന്നരിശം വന്നു 'നീ ഭൂലോകത്തിൽ ഒരു മനുഷ്യസ്ത്രീയായി പിറക്കുക' എന്നവളെ ശപിച്ചു. അവഠം പേടിച്ചു വിറച്ചു് ശാപമോക്ഷമപേക്ഷിച്ചു. ശരി, മഹൎഷി ശാപമോക്ഷംകൊടുത്തു. നന്ദനവനത്തിലെ പുഷ്പം കാണാനിടയാകുന്നതുവരെ; അതിൻെറ പരിമളമേല്ക്കുന്നതുവരെ; അതു സ്പൎശിക്കുന്നതുവരെ!

"അവഠം വിദൎഭപുത്രിയായി ഭൂമിയിൽ ജനിച്ചു. ശാപമോക്ഷത്തിന്നുള്ള കാരണം യദൃച്ഛയാ കൈവശമായി. അവഠം സ്വൎഗ്ഗംപൂകി. അങ്ങൊട്ടും അതിൽ വ്യസനിക്കരുതു്. കരഞ്ഞതുകൊണ്ടു കാൎയ്യമില്ല. വാസ്തവത്തിൽ ഒരു രാജാവിൻെറ കളത്രം ഭൂമിയാണു്. ഇന്ദുമതി മരിച്ചു. ഇനി അതിനെചൊല്ലി അതിരി

ല്ലാതെ കണ്ണീർപൊഴിക്കുന്നതു് ആ ആത്മാവിനെ വിഷമിപ്പിക്കും മഹാരാജാവേ, അങ്ങൊന്നു ധരിക്കണം നാം കാണുന്ന ഈ ജീവജാലങ്ങളുണ്ടല്ലോ, അവയുടെയെല്ലാം യഥാൎത്ഥപ്രകൃതി മരണമാണു്. ജീവിതമെന്നതു് അതിന്നു വരുന്ന ഒരു വികാരമാണു്. ഒരു ഞൊടിയിടയെങ്കിലും ഒരു ജീവിക്കു് വീൎപ്പിടാൻ സാദ്ധ്യമാകുന്നുവെന്നതു് വലിയ നേട്ടമായിത്തന്നെ കണക്കാക്കണം.

"അതുകൊണ്ടു മഹാരാജാവേ! അങ്ങു് ഈ സാധാരണക്കാരെപോലെ ദുഃഖത്തിന്നിരയാവരുതു്. കാററിന്നു മരങ്ങളെ മാത്രമെ ഇളക്കാനാവൂ. മലകളുടെനേരെ അവക്കൊന്നും സാദ്ധ്യമല്ല."

ശിഷ്യൻ യാത്രപറഞ്ഞു. ആ ഗുരുവിൻെറ ഉപദേശം ഒരു കുളിർകാറെറന്നോണം അദ്ദേഹത്തെ തല്ക്കാലം കുളിപ്പിച്ചു.

പക്ഷെ ആ യാതന അദ്ദേഹത്തെ വിട്ടുപിരിഞ്ഞില്ല. ഭിത്തിമേൽ മുളച്ച പേരാലുപോലെ കാലക്രമേണ ആ ഹൃദയത്തെ അതു പിളൎന്നു. അങ്ങിനെ എട്ടുവൎഷം അദ്ദേഹം എങ്ങിനെയോ കഴിച്ചുകൂട്ടി. അവസാനം പ്രായമാവാത്ത തൻെറ മകനെ സിംഹാസനത്തിലിരുത്തി ഗംഗയിൽചാടി ആത്മഹത്യ ചെയ്തു.

വല്ലാത്തൊരു ജീവിതപരിണാമം!

# അദ്ധ്യായം 9.

ദശരഥന്നു പ്രായമായിട്ടില്ല. എങ്കിലും അച്ഛ ന്റെ അകാലനിര്യ്യാണത്തിൽ വന്ന വിടവു നികത്തിക്കൊണ്ടുതന്നെ അദ്ദേഹം രാജ്യം ഭരിച്ചുപോന്നു. എങ്ങും സുഭിക്ഷം. എങ്ങും സമൃദ്ധി.

ആ നയകുശലന്റെ സാമർത്ഥ്യത്തിൽ ശത്രുക്കൾകൂടി മിത്രങ്ങളായി. അദ്ദേഹത്തിന്റെ ഐശ്വര്യ്യം ആ രാജ്യത്തിലൊട്ടാകെ പല രൂപത്തിൽ നടമാടി. ആവശ്യമുള്ളത്ര മഴ, അരോഗത, സസ്യങ്ങൾക്ക് പതിവിൽ കവിഞ്ഞവിളവ്, ഇതെല്ലാം ആ ഐശ്വര്യ്യത്തിന്റെ പരിവാരങ്ങളായിരുന്നു.

രാജാക്കന്മാരെ സാധാരണമായി നാലെണ്ണമാണ് മുടിച്ചുകളയുകപതിവ്. വിനോദപ്രദമായ നായാട്ട്. സമയംകൊല്ലുന്ന ചൂതാട്ടം. മാദകമായമദ്യം. മനോഹാരിണികളായ തരുണികൾ. ഇവക്കൊന്നും അദ്ദേഹത്തിന്റെ ഹൃദയമൊന്ന് സ്പർശിക്കാൻപോലും കഴിഞ്ഞില്ല: ആരുടെ മുമ്പിലും അദ്ദേഹം തലകുനിച്ചില്ല സൈന്യശക്തി അപരിമിതമാണ്. പക്ഷെ, ആ ഒരു കൈപ്പിടിയിൽ ഭുവനമെല്ലാം ആലിംഗനസുഖമനുഭവിച്ചിരുന്നു.

ആ കുമാരൻ ക്രമേണ യുവത്വത്തിന്റെ പൂർണ്ണതയിലെത്തിച്ചേർന്നു. വിവാഹത്തിന്ന് പ്രായമായി. ആ തരുണന്റെ ഭാര്യ്യാപദമഭിലഷിക്കാത്ത യുവതികൾ ആരുംതന്നെ ഉണ്ടായിരുന്നില്ല. ആ വിടർന്ന

കണ്ണുകൊണ്ടൊരുവീക്ഷണം തരുണികൾ ഒരനുഗ്രഹമായിത്തന്നെ കരുതിയിരുന്നു ആ നിലക്ക് ആ വിടന്നു മാറിലെ വിശ്രമത്തെപ്പററിയുള്ള വിചാരം അവരെ കോരിത്തരിപ്പിച്ചുകളഞ്ഞതിലാശ്ചര്യമില്ല.

ആ യുവാവിൻെറ ഭാര്യാപദത്തിനുള്ള സൌഭാഗ്യം മൂന്നുപേർക്കാണ് ലഭിച്ചതു്. കോസലരാജാവിൻെറ മകൾ കൌസല്യ കേകയരാജാവിൻെറ മകൾ കൈകേയി. മഗധരാജപുത്രിയായ സുമിത്ര. ഈ മൂന്നു തരുണികളും ആ പദത്തിൽ അത്യധികം സന്തോഷിച്ചു.

ഒരു വസന്തകാലമാണ്. മാദകമായ മധുവിധുകാലം. ആ ദമ്പതികൾ ആനന്ദത്തിൽതന്നെ കഴിച്ചുകൂട്ടി. പക്ഷികൾ ആ ആനന്ദഗാനമേററ് പാടി. പച്ചിലക്കമ്പിളിൽ തേൻ പകന്നു് അവർ പരസ്പരമാസ്വദിച്ചു പൂമ്പൊടികൾ കവിൾത്തടത്തിൽ പൂശി മതിവരാതെ ചുംബിച്ചു. പുൽത്തകിടികൾ അവക്ക് ക്രീഡാശയ്യകളായി. വള്ളികൾ ഇക്കിളിയായി പൊട്ടിച്ചിരിച്ചു. ആ മധുവിധു അവരാകാവുന്നിടത്തോളമാസ്വദിച്ചു.

അങ്ങനെ പൂക്കാലം കഴിഞ്ഞു. വേനല്ക്കാലമായി. വേട്ടയാടാൻ പററിയൊരവസരം. അതൊരു അപരിഹാര്യമായ വിനോദമാണ്. രാജാവിനെസ്സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും. ഓടുന്ന ലക്ഷ്യത്തിൽ അമ്പയച്ചേല്പിക്കുന്നതു് ഒരു നേട്ടമാണ്. മൃഗങ്ങളുടെ മനോവികാരങ്ങൾ ശരിക്കും പഠിക്കാനു

തൊരവസരമാണ്. നല്ല ആയാസം ദേഹത്തിനു ലാഘവമരുളുന്നു. അദ്ദേഹം ആ കാലം അതിന്നു വിനിയോഗിക്കാൻതന്നെ തീരുമാനിച്ചു.

ഒരു പ്രഭാതത്തിൽ അദ്ദേഹം പുറപ്പെട്ടു. നായാട്ടുകാരുടെ വേഷത്തിൽ ഒരു വെള്ളക്കുതിരപ്പുറത്ത് വില്ലും ആവനാഴിയും തോളിൽ തൂക്കിയിട്ട് രാജവീഥിയിലൂടെ കുണുങ്ങിക്കുണുങ്ങിപ്പോകുന്ന ആ കോമളനെ ആളുകൾ അങ്ങോളമിങ്ങോളം കൺകുളുർക്കെ നോക്കിക്കൊണ്ടുനിന്നു.

കാട്ടിലെത്തി മുടി മുകളിലേക്ക് കോതിക്കെട്ടി. പച്ചിലനിറത്തിലുള്ള ആടയും ആഭരണങ്ങളുമണിഞ്ഞു. അങ്ങിനെ ആ പച്ചപിടിച്ച് ഇരുളടഞ്ഞ കാട്ടിലൂടെ നിർഭയനായിപോകുമ്പോൾ വള്ളിക്കുടിലുകളിലെ ഇടയിലൊളിഞ്ഞിരുന്ന് വനദേവതകൾ അദ്ദേഹത്തിൻെറനേക്ക് കണ്ണെറിഞ്ഞു.

പരിവാരങ്ങൾ നിശ്ചിതസ്ഥലത്ത് മുൻകൂട്ടിച്ചെന്ന് താവളമുറപ്പിച്ചിട്ടുണ്ട്. കാട്ടാനകളും കാട്ടുപോത്തുകളും കരടികളും സുലഭമായി കാണപ്പെട്ടുന്നൊരിടമാണത്. ദശരഥൻ അരഞൊടിക്കുള്ളിൽ താവളത്തിലെത്തിക്കഴിഞ്ഞു.

ഒരു കൊച്ചുകുട്ടിയുടെ ചൊവ്വചൊവ്വക്കോടെ അദ്ദേഹം മൃഗങ്ങളെത്തേടി ആ ഭയങ്കരവനത്തിൻെറ ഹൃദയത്തിലേക്ക് പ്രവേശിച്ചു.

ഒരു മാൻകൂട്ടം. കലമാൻ മുമ്പിൽ തലയെടുപ്പോടെ നടക്കുന്നുണ്ട്. അകിട്ടിൽ മുട്ടിക്കുടിക്കുന്ന

കുട്ടികളെ അലങ്കോലപ്പെടുത്തി പകച്ച പെൺമാനുകൾ അതിനു പിറകെ പരിഭ്രമിച്ച് ഓടാനൊരുങ്ങുകയാണ്. അദ്ദേഹം വില്ലുകുലച്ചു പക്ഷെ ആ ദയാലുവിന് അമ്പയയക്കാൻ കൈ പൊങ്ങിയില്ല. അനുരാഗമുറയുന്ന അതേ കണ്ണുകൾ!

പന്നിക്കുട്ടങ്ങളുടെ കാൽപ്പാടുകളുള്ള ഒരു വഴി അദ്ദേഹം കണ്ടെത്തി. കാട്ടുപൊയ്കകളിലെ ചേറും ചളിയും, കടിച്ചുകൊന്നിട്ട മുത്തങ്ങാച്ചുരുളും ആ വഴി നീളെ കാണാനുണ്ട്. ഒരു തമാശക്ക് വകയായി. ആ വഴി വിടാതെ കുറെ നടന്നു. പന്നികൾ നേക്കു ചാടി. ഓരോന്നിനേയും അമ്പെയ്ത്ത് ഓരോ മരത്തോട് ചേർത്താണിയടിച്ച് നിർത്തി.

ഒരു കുതിച്ചുചാടുന്ന കാട്ടുരുവി. അദ്ദേഹത്തിന്ന് രസം പിടിച്ചിരിക്കയാണ്. അതിന്നപ്പുറമുള്ള ആ ഇരുളടഞ്ഞ കാട്ടിലേക്ക് അദ്ദേഹം തിരിച്ചു. പകച്ചുവീശിയ കൊമ്പുകളുമായി കാട്ടുപോത്തുകൾ അവിടെ മേയുന്നുണ്ട്. അവ അദ്ദേഹത്തെ എതിരിട്ടു. ആ രാജപുംഗവൻെറ കണകൾ അവയുടെ ദേഹത്തിലൂടെ മറുപുറം തുളച്ചുപോയതറിഞ്ഞതേയില്ല. അമ്പുകൾ നിലത്തുവീഴുന്നതിന്നു മുമ്പേതന്നെ ആ ഭീകരമൃഗങ്ങൾ അവിടെവിടെ വീണുകഴിഞ്ഞു. വാൾമാൻകളുടെ കൊമ്പുകൾ കത്തിയമ്പുകൊണ്ട് അദ്ദേഹം എയ്തുമറിച്ചിട്ടു. അലറിയാർത്തടുക്കുന്ന പുള്ളിപ്പുലികളുടെ വായ ആവനാഴിയാക്കി. സിംഹങ്ങ

ളുടെ ഗുഹാമുഖങ്ങളിൽചെന്നു് ഞാണൊലികൊണ്ടു് അവയെ വിറളിപിടിപ്പിച്ചു.

ആ ഭയങ്കരമൃഗങ്ങളുമായി ആ വീരോത്തംസം ഒന്നു വിനോദിച്ചതേയുള്ളു. അതിലദ്ദേഹത്തിന്നു് വല്ലാതെ ഒരിമ്പം. അദ്ദേഹം പരിവാരങ്ങളെയെല്ലാംവിട്ടു് ഒററപ്പെട്ടിരിക്കയാണു്. പകൽ മുഴുവനും വേട്ടയാടും. രാത്രിയായാൽ കണ്ട കായ്കനികൾ പറിച്ചു് വിശപ്പടക്കും. ഉയൎന്ന പാറകളിന്മേൽ തളിരും പൂവും പറിച്ചു് വിരിച്ചു് കിടന്നുറങ്ങും. ആനയുടെ ചെവിയടിയൊച്ച താളംപിടിക്കുന്ന കാട്ടുപറവകളുടെ ഗാനം അദ്ദേഹത്തെ ഉണൎത്തും. അങ്ങനെ നാലഞ്ചുനാളുകൾ കഴിഞ്ഞു.

ഒരു ദിവസം ആ ഉല്ലാസി വേട്ടയാടിക്കൊണ്ടു് തമസാനദീതീരത്തെത്തി. ചുററുപാടും താപസന്മാരുടെ ആശ്രമങ്ങളാണവിടെ. വെള്ളത്തിൽനിന്നു് എന്തോ ഒരു ശബ്ദം കേട്ടു. ആനയുടെ ചിന്നംവിളിയാണെന്നാണദ്ദേഹമോൎത്തതു്. ശബ്ദത്തെ ലക്ഷ്യമാക്കി അദ്ദേഹം അമ്പയച്ചു.

"അയ്യോ!"

ഒരു നിലവിളികേട്ടു. ആ രാജാവു് അമ്പരന്നു ടുത്തുചെന്നു ചതിച്ചു! അതാനയല്ല; ഒരു മുനികുമാരനാണു് ആ നിർഭാഗ്യൻ വെള്ളം മുക്കുകയായിരുന്നു. ആ ശബ്ദം രാജാവു് തെററിദ്ധരിച്ചുപോയി. ആ കൊച്ചുമഹൎഷി അമ്പേററു് കയ്യിൽനിന്നു് ഊൎന്നു വീണ കുടവുമായി അവിടെ കിടന്നു പിടയുന്നു.

വിവരം ചോദിച്ചറിഞ്ഞു. ഞെരുങ്ങുന്ന തൊണ്ടയിൽനിന്നു് ചില ശബ്ദങ്ങളെല്ലാം കേൾക്കുമാ

റായി. ഒരു താപസകുമാരനാണ്. അടുത്തുതന്നെ യാണാശ്രമം.

ആ കുമാരനെ അദ്ദേഹം താങ്ങിയെടുത്ത് ആശ്രമത്തിൽ കൊണ്ടുചെന്നു അവിടെ ഒരു വൃദ്ധതാപസനും താപസിയുമുണ്ട്. രണ്ടുപേക്കും കണ്ണുകാണില്ല അവക്ക് ആ വയസ്സുകാലത്തുള്ള ഒരു താങ്ങും തണലുമായിരുന്നു ആ കുമാരൻ എന്തു ചെയ്യാം മകൻെറ അത്യാപത്തറിഞ്ഞതോടെ അവർ അടമാരിപോലെ ആത്തുകരഞ്ഞു. ആ പാവം അവിടെത്തന്നെകിടന്ന് പിടഞ്ഞുമരിച്ചു.

ആ അന്ധതാപസന് ദുഃഖമടക്കാനായില്ല. അദ്ദേഹം കണ്ണീർ കയ്യിലെടുത്ത് ആ രാജപുംഗവനെ ശപിച്ചു

"മഹാരാജാവേ! അങ്ങയുടെ മരണവും പുത്രദുഃഖംകൊണ്ടായിരിക്കും."

ആദ്യം വ്യസനം തോന്നിയെങ്കിലും ആ അനപത്യന് പിന്നീടത് ഒരനുഗ്രഹമായിത്തോന്നി ദുഃഖമനുഭവിപ്പിക്കാനെങ്കിലും മക്കളുണ്ടാകുമല്ലൊ. കൃഷിനിലം തീകത്തിച്ച് ചുട്ടെരിക്കാറുണ്ട്. എരിയുന്നതോടൊപ്പം വിത്തുമുളക്കാൻ നിലം പാകപ്പെടുത്തുകക്രുടി ചെയ്യുമല്ലൊ.

ആ താപസദമ്പതികളുടെ ആവശ്യപ്രകാരം ദശരഥൻ ചുടലയൊരുക്കി. പുത്രൻെറ പട്ടടയിൽ തന്നെ ആ അച്ഛനമ്മമാരും വെന്ത് പരലോകം പൂകി.

# അദ്ധ്യായം 10.

ദശരഥൻ അസാധാരണമായ പ്രഭാവത്തോടെ വളരെക്കാലം രാജ്യംഭരിച്ചു പക്ഷെ ആ ഹൃദയം അപ്പോഴെല്ലാം വല്ലാതെ വേദനിച്ചുകൊണ്ടിരുന്നു. ആ സിംഹാസനത്തിന്ന് അനന്തരാവകാശിയായി ഇനി ആരാണുള്ളത്. ഒരു പിഞ്ചുപൈതലിനെ അടക്കിപ്പിടിച്ചാനന്ദിക്കാൻ ആ മാറിന്ന് ഭാഗ്യമില്ലാതായല്ലൊ പൂർവ്വപിതാക്കൾക്ക് തപ്പണമരുളാൻ ഒരു കുഞ്ഞിക്കൈപോലുമില്ലല്ലോ! ആ രാജാധിരാജൻെറ ഹൃദയം വേദനകൊണ്ടു് പുകയുകയാണ്. ആ തീ കത്തിയടങ്ങുന്നില്ല. കെട്ടാറുന്നുമില്ല. അദ്ദേഹത്തിന്ന് വീർപ്പുമുട്ടി.

ഋഷ്യശൃംഗൻ തുടങ്ങിയ ചില മുനിപ്രവരന്മാർ അതിന്നൊരു പരിഹാരം കണ്ടു ഒരു പുത്രകാമേഷ്ടി നടത്താൻ തീരുമാനിച്ചു അതിന്നുള്ള ഒരുക്കങ്ങളെല്ലാം തുടങ്ങി.

ദേവലോകത്ത് ആ സമയം മറെറാരു സംഭവം നടക്കുകയാണ്. ദേവഗണം വല്ലാതെ കഷ്ടത്തിലായിരിക്കുന്നു രാവണൻ സ്വർഗ്ഗം മുഴുവനും കടന്നു ഉപദ്രവിച്ചുകഴിഞ്ഞു അവക്ക് നില്ക്കള്ളിയില്ലാതെ വിഷ്ണുഭഗവാനെ സമീപിച്ചു. അവരദ്ദേഹത്തെ സ്തുതിച്ചു

പാലാഴിയിൽ പട്ടുമെത്തമേൽ പള്ളികൊള്ളുന്ന ഭഗവാൻ ഒരു പുഞ്ചിരിയോടെ ചോദിച്ചു.

'ഉം! ഇതെന്തുകഥ? എല്ലാവരുമൊരുമിച്ചുണ്ടല്ലോ. എന്താണ് വിശേഷം?'

ദേവന്മാർ അവക്ക് നേരിട്ട വിഷമതകൾ ഭഗവാനെ ഉണർത്തിച്ചു. ഭഗവാൻ പറഞ്ഞു:—

"രാവണൻെറധിക്കാരം ഞാനറിഞ്ഞിട്ടുണ്ട്. നിങ്ങളനുഭവിക്കുന്ന കഷ്ടതകളും എനിക്ക് നല്ലപോലെ അറിയാം. മാത്രമല്ല അവൻ മൂന്നു ലോകവും മുച്ചൂടും മുടിക്കാനാണ് ഭാവം. നിങ്ങളുടെ ഉള്ളിൽ നീറിക്കത്തുന്ന ഈ തീയ്യ് ആളിക്കത്തിക്കാൻ ഞാനുണ്ട്. തീ നീറുകയേ വേണ്ടു. കാററ് വഴിയെ എത്തിക്കൊള്ളും."

ദേവഗണത്തിനാശ്വാസമായി. അവർ ഉള്ളുകൊണ്ടു നെടുവീർപ്പിട്ടു ഭഗവാൻ തുടന്നു:—

"ബ്രഹ്മാവാണ് അവന്നു വരംകൊടുത്തത്. അതാണ് ഞാനിങ്ങനെ പൊറുക്കുന്നത് എങ്കിലും നിങ്ങളാരും ഭയപ്പെടേണ്ട ഞാൻ ഭൂചക്രവൎത്തിയായ ദശരഥൻെറ മകനായി ജനിച്ച് അവൻെറ കഥകഴിച്ചുകൊള്ളാം. മുടങ്ങിയ യാഗങ്ങൾ വീണ്ടും തുടങ്ങും. മുടക്കപ്പെട്ട മാൎഗ്ഗങ്ങൾ വീണ്ടും ലഭിക്കും. നിങ്ങൾ സമാധാനപ്പെട്ടു പോയ്ക്കൊൾവിൻ"

ഭഗവാൻ ഇങ്ങിനെ വാക്കുകൊണ്ടമൃത് വൎഷിച്ചു. രാവണൻെറ കൊടുംവെയിലേററു വരണ്ട ആ ദേവന്മാർ ആ വൎഷമേററ് ഒന്നു തളിൎത്തു അവർ അവരവരുടെ അംശങ്ങൾ ഭഗവാൻെറ സഹായത്തിന്നായി

ഭൂമിയിലേക്കു് അയച്ചു. അവർ സുഗ്രീവാദികളായി അവതരിച്ചു.

അയോദ്ധ്യയിൽ പുത്രകാമേഷ്ടി നിർവ്വിഘ്നം നടക്കുകയാണു്. അവസാനദിവസം അഗ്നികുണ്ഡത്തിൽനിന്നു് തേജസ്വിയായൊരാൾ ആവിർഭവിച്ചു. അദ്ദേഹത്തിൻെറ കയ്യിൽ ഒരു പായസപ്പാത്രമുണ്ടു്. അതു് ദശരഥൻെറ നേക്കു് നീട്ടിപ്പറഞ്ഞു:—

"അങ്ങിതു് ഭാൎയ്യമാക്കു് കൊടുക്കു."

ആ രാജപുംഗവൻ അതു് ഭക്തിപൂൎവ്വം വാങ്ങി. ഋത്വിക്കുകളടക്കം എല്ലാവരും അമ്പരപ്പോടെ അങ്ങുമിങ്ങും നോക്കി. എന്തൊരസാധാരണ സംഭവം! എന്തത്ഭുതാവഹമായ കാഴ്ച!

വൈഷ്ണവതേജസ്സാണു് അതിലടങ്ങിയിരിക്കുന്നതു്. ആ മഹാരാജാവു് ഭക്ത്യാദരങ്ങളോടെ ആ പാത്രവുമായി ഭാൎയ്യമാരുടെ അടുത്തുചെന്നു. കൌസല്യക്കും കൈകേയിക്കും സമാംശമായി വീതിച്ചുകൊടുത്തു. സുമിത്രക്കു് ആ അംശങ്ങളിൽനിന്നു് കൊടുക്കാൻ പറഞ്ഞേല്പിച്ചു. അവൎക്കതിൽ സന്തോഷമേയുള്ളു. അവരതു് ചെയ്തു.

അധികം കാലതാമസം വേണ്ടിവന്നില്ല; അവർ ഗൎഭിണികളായി. പല സ്വപ്നങ്ങളും അവർ കണ്ടുതുടങ്ങി. അവരന്തഃപുരത്തിൽ കിടക്കുകയാണു്. കൺമിഴിച്ചു നോക്കിയപ്പോൾ കാവൽക്കാരുടെ തലയിൽ ശംഖചക്രഗദാ പത്മങ്ങളങ്ങനെ പ്രകാശിക്കുന്നു. ഉടനെ സ്വൎണ്ണനിറത്തിലുള്ള ഒരു ഗരു

ഡൻ വന്നു. അവരതിൻെറ പുറത്തുകയറി. ഗരുഡൻ ആകാശത്തിലേക്ക് പറന്നു. സ്വർഗ്ഗം, വൈകുണ്ഠം, ബ്രഹ്മലോകം അയ്യ! എത്ര നല്ല നല്ല പ്രദേശങ്ങ൦. അവരവിടമെല്ലാം കണ്ടു. അതാ മഹാലക്ഷ്മി അകമ്പടി സേവിക്കാൻ വരുന്നു വിടൎന്ന താമരപ്പൂവ് വിശറിയാക്കി കയ്യിൽ പിടിച്ചിട്ടുണ്ട്. കൌസ്തുഭം അവളുടെ മുലക൦കിടയിൽ ഞാന്നുകിടക്കുന്നുണ്ട്. എന്തൊരു സൌഭാഗ്യമാണവ൪ക്കു്! അതാ സപ്തൎഷിക൦ വരുന്നു ആകാശഗംഗയിലവർ കുളിച്ചുവരുകയാണ്. ഉച്ചത്തിൽ വേദമോതുന്നു. കമണ്ഡലുവിൽനിന്ന് വെള്ളമെടുത്ത് ആ ദിവ്യൎഷിക൦ അവരുടെ മുഖത്ത് തളിച്ചു. അവരുണൎന്നു. അതേ പള്ളിയറ! അതേ പട്ടുമെത്ത!

പുലൎന്നാൽ ആ റാണിക൦ക്കു് പല കഥകളും പറയാനുണ്ട്. മഹാരാജാവിന്നതുകേട്ട് മതിവന്നില്ല. സ്വപ്നമായിക്കൊള്ളട്ടെ എങ്കിലും അദ്ദേഹത്തിന്നതിൽ ചില വിശ്വാസങ്ങ൦ തോന്നി. അവ്യക്തങ്ങളായ ചില സത്യങ്ങ൦ വെളിപ്പെട്ടു

ഗൎഭം പൂൎത്തിയായി മൂന്നുപേരും പ്രസവിച്ചു കൌസല്യയുടെ മകൻ രാമൻ. കൈകേയിയുടെ മകൻ ഭരതൻ; ലക്ഷ്മണനും ശത്രുഘ്നനും സുമിത്രയുടേയും.

അയോദ്ധ്യയൊട്ടാകെ ആഹ്ലാദം വഴിഞ്ഞൊഴുകി ആ ആനന്ദത്തിൽ ഭൂലോകത്തിലെ ഒരു പുൽക്കൊടിപോലും പങ്കുകൊണ്ടു.

ആ ചോരക്കുഞ്ഞുങ്ങൾ ഉണ്ണികളായി. മഹാ രാജാവിൻെറ മടിയിൽ അല്ലലുമാടലുമറിയാതെ അവർ വളൎന്നുവന്നു.

# അദ്ധ്യായം 11.

രാജകുമാരന്മാൎക്ക് പത്തുപന്ത്രണ്ടുവയസ്സേ ആയിട്ടുള്ളു ഒരു ദിവസം വിശ്വാമിത്രമഹൎഷി രാജധാനിക്കെഴുന്നെള്ളി. ദശരഥൻ ആ മഹൎഷിവൎയ്യനെ എതിരേററുവണങ്ങി.

ഇരുവരുമിരുന്നു. കുശലപ്രശ്നത്തിന്നുശേഷം മഹൎഷി ഉദ്ദിഷ്ടമന്നയിച്ചു.

"ആശ്രമത്തിൽ രാക്ഷസന്മാരെക്കൊണ്ട് യാതൊരു സ്വൈരവുമില്ല. വിശുദ്ധകൎമ്മങ്ങൾ മുഴുവനും അവർ മലിനപ്പെടുത്തുകയാണ്. യാഗം ആരംഭിച്ചാൽ അതു് പൂൎത്തിയാക്കാനവരനുവദിക്കയില്ല അതുകൊണ്ട് മഹാരാജാവേ; അങ്ങു് രാമനെ എൻെറക്കൂടെ ഒന്നയച്ചുതരണം."

ദശരഥൻ വിഷമിച്ചു: ആ ഭയങ്കരാകാരന്മാരുടെ വായിലേക്ക് ഉണ്ണിയെ വലിച്ചെറിയുകയോ? വയ്യ. അദ്ദേഹ പറഞ്ഞു.

"മഹൎഷേ! അങ്ങെന്താണരുളിച്ചെയ്യുന്നതു്? രാമൻ ഒരു കൊച്ചുകുഞ്ഞല്ലെ? കുട്ടിക്കളി വിട്ടിട്ടില്ല. അവനെ ആ അരക്കരോടമർചെയ്യാൻ ഞാനെങ്ങനെ പറഞ്ഞയക്കും?"

മഹർഷിക്കറിയാം, രാമൻ വെറുമൊരു രാജകുമാരനല്ലെന്നു് ആ ദിവ്യതേജസ്സിന്നു് ബാല്യവുമില്ല വാർദ്ധക്യവുമില്ല രാക്ഷസവംശത്തെ മുഴുവനും ചാമ്പലാക്കാൻ ആ ഒരു തീപ്പൊരിമാത്രം മതി. പക്ഷെ ആ മഹാരാജാവിൻെറ നിലയതല്ലല്ലോ. എത്രകാലത്തെ ആശയുടേയും അഭ്യർത്ഥനയുടേയും ഫലമായാണു് ആ ഉണ്ണികളുളവായതു്: ആ കോമളമുഖങ്ങളിൽ അദ്ദേഹം അമർത്തി ചുംബിക്കാറില്ല. ക്ലേശത്തിൻെറ കണികപോലും ആ പിഞ്ചുഹൃദയങ്ങൾ അറിയാനിടവരുത്താറില്ല. അങ്ങനെയൊക്കെയാണെങ്കിലും ആ അഭ്യർത്ഥന നിരസിക്കുകയോ? രഘുവിൻെറ വംശത്തിൽപിറന്ന അദ്ദേഹത്തിനതു് യോജിച്ചതാണോ? ഒരു പക്ഷെ ജീവൻതന്നെ ചോദിച്ചേക്കാം. അദ്ദേഹത്തിനതു് പിഴുതെറിഞ്ഞുകൊടുക്കാതിരിക്കാൻ സാദ്ധ്യമല്ല. ആ പിതാവു് മഹർഷിയുടെ അഭ്യർത്ഥന നിരസിച്ചില്ല. അദ്ദേഹം കൊച്ചുമകനെ വിളിച്ചു് മഹർഷിയുടെ കയ്യിലേല്പിച്ചു. കൂടെ ലക്ഷ്മണനേയും.

മഹർഷി ഏററുവാങ്ങി. ആ പിതാവു് ഓമനകളുടെ നെറുകയിൽ ചുംബിച്ചു ആ കണ്ണുകൾ ചുരന്നു. കൊച്ചുമുടികളീറനായി. കുമാരന്മാർ വില്ലുമാവനാഴിയും തോളിലിട്ടു് വിശ്വാമിത്രനൊരുമിച്ചു് ഗോപുരംവിട്ടിറങ്ങി. രണ്ടു മാതൃഹൃദയങ്ങൾ അന്തഃപുരത്തിലിരുന്നു് വിങ്ങുകയാണു്. അവരുടെ സൌഭാഗ്യക്കുരുന്നുകൾ! ഈശ്വരാ! അവക്കപായമൊന്നും വരാതിരിക്കട്ടെ!

കുട്ടികളാണവർ. എങ്കിലും വില്ലും തോളിലേ ന്തി നടന്തുടങ്ങിയപ്പോഠം അവക്കൊരുശിരുതോന്നി. മലയെപ്പോലും മാററിനിത്താൻള്ള ഒരു ചങ്കുററം. ആ ബ്രഹ്മതേജസ്സിൻെറ പിറകേ ആ ക്ഷത്രിയതേജസ്സുകഠം നടന്നു.

വഴി കുറെ പിന്നിട്ടു. എരിപൊരികൊള്ളുന്ന വെയിലത്തു്. ഒരു തടാകത്തിന്നരികെയിരുന്നു് മഹഷി ബല, അതിബല എന്ന രണ്ടു മന്ത്രങ്ങഠം അവക്കുപദേശിച്ചുകൊടുത്തു. വിശക്കില്ല തളരുകയില്ല. അതാണു് ആ മന്ത്രങ്ങളുടെ ശക്തി. ആ ഉപദേശം ലഭിച്ചതോടെ എരിവെയിലത്തു് ചരൽത്താരയിലൂടെ നടക്കുന്ന കുമാരന്മാക്കു് കൊട്ടാരത്തിൽ അമ്മമാരൊത്തു് കളിക്കുകയാണെന്നേ തോന്നിയുള്ളു. മാത്രമല്ല ആ വൃദ്ധതാപസൻ പല പഴങ്കഥകളും പറഞ്ഞുകൊടുത്തു. ആ കഥയുടെ രസത്തിൽ അവർ പല്ലക്കിലാണു് പോകുന്നതെന്നു തോന്നിപ്പോയി.

കൂട്ടത്തിൽ താടകയുടേയും കഥ പറഞ്ഞു. "സുകേതുവെന്ന യക്ഷൻെറ മകളായിരുന്നു അവഠം. നന്ദൻെറ ഭാൎയ്യയും മകൻ മാരീചൻമൊത്തു് അവഠം അഗസ്ത്യനെ അക്രമിച്ചു അദ്ദേഹം അവളെ മനുഷ്യനെത്തിന്നുന്ന രാക്ഷസിയാവട്ടെ എന്നു് ശപിച്ചു. അവളിവിടെയാണു് താമസം"

കുമാരന്മാർ വില്ലുകുലച്ചു് ഞാണൊലിയുണ്ടാക്കി. തടാക അടുത്തെവിടെയോ ഉണ്ടായിരുന്നു. ഒരു കരിങ്കാറുപോലെ ഉടിമുഴക്കിക്കൊണ്ടു് അവരുടെ

നേക്കെത്തി. ആനയുടെ അസ്ഥിക്കൂടമാണ് അവളുടെ കണ്ണാഭരണം ഗതിവേഗത്തിൽ ഇരുപുറത്തുമുള്ള മരങ്ങൾ ഉലഞ്ഞിരുന്നു. അതാ അവളടുത്തെത്തി. ഭൂകമ്പത്തിൻെറ സഹോദരി. കാട്ടുതീയിൻെറ പെററമ്മ. അഗ്നിപർവ്വതങ്ങളുടെ അനന്തരവൾ. ആ ഭയങ്കരി അടുത്തുവന്ന് ഒന്നു വാപൊളിച്ചാർത്തു. ആ പാതാളത്തിൽ കുറെ കരാളദംഷ്ട്രകൾ അങ്ങുമിങ്ങും ഏർകോണിച്ച് നില്പുണ്ട്. അവളൊന്നലറി അടുത്തുള്ള മരങ്ങളുടെ കൊമ്പുകളിടിഞ്ഞുവീണു ആ കുമാരന്മാർ കാറേല്ക്കാത്ത ദീപനാളങ്ങൾപോലെ ഉറച്ചുനിന്നു.

താടക അടിക്കാൻ കൈയോങ്ങി. ശ്രീരാമനു് സംശയമുണ്ടായില്ല; കുലച്ചുപിടിച്ച വില്ല് തൊടുത്തുകഴിഞ്ഞു ആ മാറത്തെ മലഞ്ചുരത്തിൽ അത് ആണ്ടുതറച്ചു. പൊങ്ങിയ കൈ താണു. തല തോളിലേക്ക് ചാഞ്ഞു. "ബ്ധീം" ഭൂമികുലുക്കമുണ്ടാക്കിക്കൊണ്ട് ആ സത്വം നിലംപതിച്ചു.

മഹർഷി സന്തോഷിച്ചു. അദ്ദേഹം രാക്ഷസസംഹാരികളായ പല അസ്ത്രങ്ങളും മന്ത്രസഹിതം ഉപദേശിച്ചുകൊടുത്തു.

ആശ്രമത്തിലെത്തി. ശിഷ്യഗണങ്ങൾ എതിരേല്ക്കാൻ ഒരുങ്ങിനില്ക്കുന്നുണ്ട്. മാൻകിടാങ്ങൾ ഓടിവന്ന് കാല്ക്കലെത്തി ഗതി തടസ്സപ്പെടുത്തുന്നു പൂമരങ്ങൾ പുഷ്പാഞ്ജലി പൊഴിക്കുന്നു. അതുവരേയും അവർ ഭയന്നാണ് കഴിച്ചുകൂട്ടിയതു്. അവരുടെ

സംരക്ഷണത്തിനാളെത്തി. ആ ഹൃദയങ്ങളിൽ അപ്പോഠം ആഹ്ലാദമേയുള്ളു.

യജ്ഞം തുടങ്ങി. കുമാരന്മാർ ഒരുങ്ങിനിന്നു. അവരൊന്ന് മേലോട്ടുനോക്കി ഭയങ്കരമായൊരു രാക്ഷസസൈന്യം! ഇടക്കത്തു് കാർമേഘത്തിനിടയി ലൊളിക്കുന്നു. ഇടക്ക് പല്ലിളിച്ച് കാറിത്തുപ്പുന്നു! പച്ചിറച്ചി താഴോട്ടു വലിച്ചെറിയുന്നു! കഴുകന്മാർ ചിറകടിച്ച് പറക്കുന്നു! ആ കാററടിയേററ് കൊടി ക്കൂറകഠം കിടന്നു പിടക്കുന്നു! ഭയങ്കരതയുടെ നാക്കു കഠംപോലെ!

ശ്രീരാമനൊന്നു് സൂക്ഷിച്ചുനോക്കി. രണ്ടുപേ രാണതിൽ പ്രമാണികഠം. മാരീചനാണൊരുവൻ. അവനെ അമ്പെയ്തു് വീഴ്ത്തി. സുബാഹുവാണ് രണ്ടാമൻ. അവനെ കത്തിയമ്പുകൊണ്ട് കണ്ടിച്ച് കഴുകന്മാക്ക് വിളമ്പിക്കൊടുത്തു. നേതാക്കഠം പോ യതോടെ ആകാശം അല്പനേരത്തിനുള്ളിൽ തെളി ഞ്ഞുകണ്ടു.

യാഗം സമാപിച്ചു. ആയിടക്കാണ് മിഥില യിൽനിന്നു് ഒരു ക്ഷണം വന്നതു്. ജനകൻ ഒരു യാഗം തുടങ്ങുന്നുണ്ടത്രെ! അതിൽ വിശ്വാമിത്രൻെറ സാന്നിദ്ധ്യമഭ്യർത്ഥിച്ചിരിക്കുന്നു. അദ്ദേഹം പുറപ്പെട്ടു. രാജകുമാരന്മാരേയും ഒരുമിച്ചു കൊണ്ടുപോയി. വഴി ക്ക് മിഥിലാരാജധാനിയിലെ ആ വിശേഷപ്പെട്ട വില്ലിൻെറ കഥ പറഞ്ഞു മനസ്സിലാക്കി. അതാക്കും കുലയേററാനാവാത്തതാണുപോലും!

വഴിക്ക് ഒരു പാറ കാട്ടിക്കൊടുത്തു. ശ്രീരാമനതിന്മേൽ ചവിട്ടി. അതഹല്യയായി മാറി. ആ സുന്ദരിയുടെ കഥയും വിവരിച്ചുകൊണ്ട് വിശ്വാമിത്രൻ വീണ്ടും നടന്നു.

ആ മഹർഷിവര്യൻ ദശരഥകുമാരന്മാരുമൊരുമിച്ച് വരുന്നവിവരം ജനകൻകേട്ടു. അദ്ദേഹം എതിരേററ് സല്ക്കരിച്ചു.

യാഗംകഴിഞ്ഞു. ആ ബ്രഹ്മർഷി രാജർഷിയോട്ട് പറഞ്ഞു:—"കുട്ടികൾക്ക് ആ വില്ലൊന്ന് കാണ്ടാൽ കൊള്ളാമെന്നുണ്ട്."

"എന്തിന്?" ജനകൻ ഉത്സുകനായി

"ഒന്നു കുലച്ചുനോക്കട്ടെ. കുട്ടികളല്ലെ?"

"അതേ അതുതന്നെയാണ് ഞാനും സംശയിക്കുന്നത്. വലിയ കൊമ്പനാനകൾക്കുപോലും തകക്കാനാവാത്ത കോട്ടയുണ്ടോ ഒരു കുഞ്ഞാനക്കിടാത്തൻ തകക്കുന്നു!"

ജനകന് ആ സുകുമാരകളേബരങ്ങളെ എടുത്തുമ്മവെക്കാനാണ് തോന്നുന്നത്. ഈ പനനീർപ്പൂക്കൾകൊണ്ടാണോ കരിമ്പാറ തല്ലിത്തകക്കാനൊരുങ്ങുന്നത്! അദ്ദേഹം അല്പം അന്ധാളിച്ചു നില്പായി.

വിശ്വാമിത്രൻ വിവരിക്കാൻ ഭാവിച്ചു. പക്ഷെ ഇടക്ക് നിത്തി അവസാനം ഒരുവിധം സമ്മതം വാങ്ങി.

ജനകൻ പരിജനങ്ങളോട്ട് വില്ലുകൊണ്ടുവരുവാൻ ആജ്ഞ നൽകി. ഒരു കൂട്ടമാളുകൾ താങ്ങിപ്പിടിച്ചാണതു് കൊണ്ടുവന്നതു്.

ഇര വിഴുങ്ങിയ മലമ്പാമ്പുപോലെ അതു് മണിമണ്ഡപത്തിൽ കിടക്കുകയാണു്. ശ്രീരാമൻ ഒരു ക്ലേശവും കൂടാതെ അതു് ഇടംകൈകൊണ്ടെടുത്തു് കുത്തിനിറുത്തി. വലംകൈകൊണ്ടു് ഞാൺപിടിച്ചു് വലിച്ചു. കുലയേററാനൊരുങ്ങിയതേയുള്ളു. ആ വില്ലു് നടുമുറിഞ്ഞു് നിലംപതിച്ചു; ഇടിവെട്ടുന്ന ശബ്ദത്തോടുകൂടി. കാണികളെല്ലാമമ്പരന്നു. ജനകൻ ആ ഓമനയെചെന്നു് വാരിയെടുത്തു. ആ മുടിപാറുന്ന നെറുകയിൽ അദ്ദേഹത്തിൻെറ ചുണ്ടുകൾ അല്പനേരം അമൎന്നുനിന്നു.

വില്ലുകുലക്കുന്നവന്നു് സീതയെ കൊടുക്കാമെന്നൊരു തീരുമാനമുണ്ടു്. അവൾ ഭൂഗൎഭത്തിൽനിന്നുളവായവളാണു്. ആ കന്യകയെ വീരാഗ്രണിയായ ശ്രീരാമന്നു് കൊടുക്കണം. ജനകൻ അയോദ്ധ്യയിലേക്കു് പുരോഹിതനെ അയച്ചു. ദശരഥൻ വിവരമറിഞ്ഞു. ഒരു രാജാവിന്നുവേണ്ട പരിവാരത്തോടെ അദ്ദേഹം മിഥിലയിലെത്തി. ജനകൻ എതിരേററു. സുശക്തനായൊരു രാജാവെന്നനിലക്കും ഉൽകൃഷ്ടനായൊരു ബന്ധുവെന്നനിലക്കും മിഥിലാധിപൻ അയോദ്ധ്യാധിപതിയെ പൂജിച്ചു. ഇരുവരും ആ ബാന്ധവത്തിലാഹ്ലാദിച്ചു.

വിവാഹം ആഘോഷപൂൎവ്വം നടന്നു. ശ്രീരാമൻ സീതയെ വേട്ടു ലക്ഷ്മണൻ അവളുടെ അനുജത്തി ഊൎമ്മിളയെ. ജനകൻെറ അനുജനാണു് കുശദ്ധ്വജൻ. അദ്ദേഹത്തിന്നു് രണ്ടു പെൺകിടാങ്ങളു

ണ്ടു്. മാണ്ഡവിയും ശ്രുതികീൎത്തിയും. ഭരതശത്രുഘ്ന ന്മാർ അവരേയും വിവാഹം കഴിച്ചു.

വളരെ യോജിപ്പ്. സകലൎക്കും സന്തോഷത്തി ന്നതിരില്ലാതായി. ദശരഥൻ മക്കളും വധുക്കളുമൊ രുമിച്ച് യാത്രയായി. ജനകൻ കുറച്ചുദൂരം അനു യാത്രചെയ്തു് മടങ്ങി.

ആ കുമാരന്മാർ അച്ഛൻ പിറകെ അങ്ങനെ പോവുകയാണ്. കൂട്ടുകാരികളെക്കൂടികിട്ടിയതോ ടെ അവൎക്കുന്മേഷം വൎദ്ധിച്ചു. ആ കൊച്ചു കുമാരിക ളുടെ ഭാഗ്യം! മാൎഗ്ഗമദ്ധ്യത്തിലുള്ള മാമരങ്ങൾ അവ രെ ആശീർവ്വദിച്ചു.

വഴി കുറെ പിന്നിട്ടിരിക്കുന്നു. എന്തോ ചില ആപൽസൂചനകൾ കാണുമാറായി. കാററു് എതി രായി വീശുന്നു! കൊടിമരങ്ങൾ മുറിഞ്ഞുവീഴുന്നു! സൂൎയ്യബിംബത്തിൻ ചുററും ഭയങ്കരമായ പരിവേ ഷം! കുറുക്കന്മാരുടെ ഓരി!

ദശരഥൻ ചോദിച്ചു—"ഗുരോ! ഇതെന്താണു് കഥ?"

"സാരമില്ല" വസിഷ്ഠനാശ്വസിപ്പിച്ചു.

അതാ ഒരു പ്രഭാമണ്ഡലം പ്രത്യക്ഷപ്പെടുന്നു! അതടുത്തടുത്തു വരുന്നുണ്ടു്. ഒരു കാട്ടുതീപോലെ! ചുഴലിക്കാററുപോലെ! അവർ സൂക്ഷിച്ചുനോക്കി, അതെ! അതു് മഹൎഷി പരശുരാമനാണു്. കയ്യിൽ വില്ല്. മാറിൽ ഉപവീതം.

ദശരഥന് പരിഭ്രമമായി. ക്ഷത്രിയനെ നാമാവിശേഷമാക്കലാണ് അദ്ദേഹത്തിൻെറ ജീവിതലക്ഷ്യം. ഈ കൊച്ചുകുഞ്ഞുങ്ങളെ അദ്ദേഹമെന്തു ചെയ്യും? ആ മഹഷിയുടെ അമ്പിന്നിരയാവുകയെന്നതു് ഓക്കാൻപോലും വയ്യ.

മഹഷി അടുത്തെത്തി. ദശരഥൻ കാൽകഴുകിക്കാനൊരുങ്ങി. ആ ഭയങ്കരൻ അതു് ഗണിച്ചതേയില്ല. തീപ്പറക്കുന്ന കണ്ണുകൾകൊണ്ടു് ശ്രീരാമനെ ഒന്നു ചുഴിഞ്ഞുനോക്കി.

വില്ലെടുത്തു് യുദ്ധത്തിനൊരുങ്ങിയപോലെ ആ കൊടുങ്കാററ് ചീറിയടുത്തു. ശ്രീരാമൻ ഒരു മലപോലെ അവിടെ ഉറച്ചുനിന്നു. മഹഷി അലറി:—

"നീ ഇത്ര പ്രമാണിയായോ? ഞാനെത്ര ക്ഷത്രിയന്മാരെ കണ്ടിരിക്കുന്നു? എത്ര പേരെ കൊന്നിരിക്കുന്നു! ക്ഷത്രിയ കുലത്തിൽ ജനിച്ച ഒരു കൊച്ചുകുട്ടിയുടെ ഉയച്ച്പോലും എനിക്കു് പൊറുക്കാനാവില്ല. ഉറങ്ങികിടക്കുന്ന പാമ്പിനെ കല്ലെറിഞ്ഞു് നീയുണത്തിക്കഴിഞ്ഞു. ഇനി എനിക്ക് പടം വിടത്താതിരിക്കാൻ സാദ്ധ്യമല്ല.

ശ്രീരാമൻ വന്ന ചിരി ചുണ്ടുകൊണ്ടമത്തി. ആ ചിരി മഹഷിയുടെ കോപാഗ്നിയെ ആളിക്കത്തിച്ചു. അദ്ദേഹം പല്ലിറുമ്മിത്തുടന്നു:—

"മറെറാരു മഹാരഥന്മാക്കും കുലക്കാനാവാത്ത ആ വില്ല് നീ കണ്ടിച്ചുകളഞ്ഞില്ലേ? അതിന്നു് കാരണം? പറയ്? ഉം? നീയല്ലെ അതിന്നു് കാരണം?

"അതെ" ശ്രീരാമൻ ആ തീ ഒന്നു ചിനക്കിക്കൊടുത്തു.

ആ കൂസലില്ലായ്മ മഹർഷിയുടെ ആത്മാഭിമാനത്തിൽ മുള്ളുപോലെ തറച്ചു അദ്ദേഹം കോപത്തിൻെറ ചൂടുകൊണ്ടു് മലരു്പോലെ പൊട്ടിപ്പൊരിഞ്ഞു മഹർഷി തുടന്നു:—

"ആ പഴഞ്ചൻ വില്ലു് നീയൊടിച്ചു. അതിലിത്ര പൊങ്ങച്ചം നടിക്കാനൊന്നുമില്ല. ഇതാ എൻെറ വില്ലു്. ഇതെടുത്തൊന്നു കുലക്കുന്നതു് കാണട്ടെ!"

ശ്രീരാമൻ ഒരു കളിക്കോപ്പുപോലെ അതു വാങ്ങി അമ്പുതൊടുത്തു

അതാരുടെ നേക്കയക്കും? മഹർഷി വിറച്ചുതുടങ്ങി. ശ്രീരാമൻ പറഞ്ഞു:—

"അങ്ങൊരു ബ്രാഹ്മണനാണു് എന്തന്തമില്ലായ്മ കാണിച്ചാലും ഞാനങ്ങയെ ഉപദ്രവിക്കുകയില്ല. ഞാനൊരു ക്ഷത്രിയ കുമാരനാണു്."

മഹർഷി ശ്രീരാമൻെറ വൈഭവമറിഞ്ഞു. അല്പം ഒരിളിഞ്ഞ മട്ടിൽ അദ്ദേഹം പറഞ്ഞു:—

"അങ്ങയെ ഞാനറിയായ്കയല്ല. ഭൂലോകത്തിൽ രാക്ഷസനിഗ്രഹണത്തിനവതാരമെടുത്ത അങ്ങയുടെ ഉശിരൊന്നു കാണണമെന്നു കരുതി ഇങ്ങനെ ചെയ്തേന്നേയുള്ളു. ക്ഷത്രിയകുലം ഞാൻ ചാമ്പലാക്കിയിട്ടുണ്ടു്. കടലടക്കമുള്ള ഭൂമി മുഴുവനും ഞാൻ ദാനം ചെയ്തിട്ടുമുണ്ടു്. അങ്ങനെയുള്ള എനിക്കു് അങ്ങയിൽനിന്നുള്ള ഈ തോൽവിപോലും ഒരു നേട്ടമാണു്."

ശ്രീരാമൻ അതെല്ലാം കേട്ടു. താൻ ചെയ്ത അകൃത്യങ്ങാക്കു് ആ വയോധികനോടു് മാപ്പപേക്ഷിച്ചു ആ കാലുകാം തൊട്ടു് നെറുകയിൽവെച്ചു.

"അങ്ങയുടെ സകല ആശകളും നിറവേറട്ടെ."

മഹഷി ആ കുമാരനെ അകമഴിഞ്ഞാശീർവ്വദിച്ചു.

ആബ്രഹ്മഷിമറഞ്ഞു. ദശരഥൻ ആ ഓമനയെ ചെന്നു് കെട്ടിപ്പിടിച്ചു് നൂറുവട്ടം നെറുകയിൽ മുകന്നു. ആകൊച്ചുമകൻ മരണത്തിൻെറ വായിൽനിന്നു് മടങ്ങിയെത്തിയതാണു്.

അയോദ്ധ്യയിലെത്തി. തെരുവിലിരുപുറത്തും മാളികകളുടെ ജനലുകളിലും പൌരന്മാരികർ തിങ്ങിക്കൂടിയിട്ടുണ്ടു്. അലങ്കരിച്ച രാജവീഥിയിലൂടെ ആ വധൂവരന്മാർ അരമനയിലെത്തി

അമ്മമാർ ആ കൊച്ചുദമ്പതികളെ വാരിയെടുത്തു. അവർ അവരെ മാറി മാറി മുകന്നു. കണ്ണുകാം വഴിഞ്ഞു മുലകാം ചുരന്നു.

## അദ്ധ്യായം 12.

ദശരഥന്നു് വയസ്സായി. പ്രഭാതത്തിലെ ദീപനാളംപോലെ ആ ചൈതന്യം മന്ദീഭവിച്ചുതുടങ്ങിനര, കൈകേയിയേക്കാാം മുമ്പുചെന്നു്, ആ വൃദ്ധൻെറ ചെവിയിലെത്തി മന്ത്രിക്കാൻ തുടങ്ങി 'ശ്രീരാമന്നു് കൊടുക്കണേ രജപട്ട'മെന്നു്.

ശ്രീരാമൻെറ പട്ടാഭിഷേകം തീച്ച്യയാക്കി. നഗരജനങ്ങളെല്ലാം അത്യധികം ആഹ്ലാദിച്ചു. കൈകേയിക്കുമാത്രം അത്ത് പിടിച്ചില്ല.

അവളതിന്നു വിലങ്ങുതടിയായിനിന്നു. മുമ്പുവാഗ്ദാനംചെയ്ത വരങ്ങഠം രണ്ടും അവഠം ഭത്താവിനോടാവശ്യപ്പെട്ടു. പതിനാലുവഷം ശ്രീരാമനെ കാട്ടിലയക്കണം. ഭരതന്ന് രാജ്യഭാരം കൊടുക്കണം. ആ വൃദ്ധൻ കണ്ണുനീർതൂകി. ഇടറുന്ന തൊണ്ടകഠംകൊണ്ട് ഒരു വിധം സമ്മതംമൂളി.

ശ്രീരാമൻ കാട്ടിലേക്കു പുറപ്പെട്ടു. അഭിഷേകത്തിനണിഞ്ഞ പട്ടുവസ്ത്രങ്ങളഴിച്ച് മരവുരിയുടുത്തപ്പോഠം ആ ധീരവ്രതൻെറ മുഖത്ത് ഒരു ഭാവപ്പകച്ച്യയും കണ്ടില്ല. കാണികളത്ഭുതപ്പെട്ടു. സീതയും ലക്ഷ്മണനും അദ്ദേഹത്തെ അനുഗമിച്ചു.

അച്ഛൻെറ പ്രതിജ്ഞാപാലനത്തിന്നുവേണ്ടി ആ വേഷത്തിൽ യുവരാജാവ് ദണ്ഡകാരണ്യത്തിലെത്തി.

മഹഷിയുടെ ശാപം ഫലിച്ചു. ദശരഥൻ പുത്രദുഃഖത്താൽ ഇഹലോകം വെടിഞ്ഞു. ആ സമയത്ത് ഭരതനും ശത്രുഘ്നനും അമ്മാമൻെറ അരമനയിലായിരുന്നു. അനാഥരായ പ്രജകഠം അവരെ ആളെയയച്ചു വരുത്തി ഭരതൻ അപ്പോഴാണ് വിവരമറിഞ്ഞത്. അദ്ദേഹം അമ്മയുടെ അവിവേകത്തെ ആക്ഷേപിച്ചു. അമ്മ നല്കിയ ആ രാജപദവി അദ്ദേഹം കാൽകൊണ്ട് ചവിട്ടിത്തള്ളി.

ആ ത്യാഗി സൈന്യസമേതം പുറപ്പെട്ടു ജ്യേഷ്ഠനെ കണ്ടുപിടിക്കണം. അമ്മയുടെ അന്തമില്ലായ്മ ധരിപ്പിക്കണം. അങ്ങനെ സമ്മതിപ്പിച്ച് അയോദ്ധ്യയിലേക്ക് കൂട്ടിക്കൊണ്ടുവരണം ഇതാണഭിലാഷം

അന്വേഷിച്ചറിഞ്ഞ് അവസാനം ചിത്രകൂടത്തിലെത്തി. അച്ഛൻെറ ദനനീയമായ മരണവാർത്തയറിയിച്ചു. തിരിയെവന്ന് രാജ്യഭാരം കയ്യേററുകൊള്ളാനഭ്യർത്ഥിച്ചു.

ഇല്ല. അച്ഛൻെറ കല്പന ലംഘിക്കാനദ്ദേഹം ഭാവമില്ല. ആ ഉറച്ച നിലപാടിൽ നിന്നിളക്കാൻ അനുജനശക്തനാണ്. അവസാനം ആ കൊച്ചനുജൻ അപേക്ഷിച്ചു.

",ജ്യേഷ്ഠാ! ഞാനേതായാലും രാജ്യഭാരമേറെറടുക്കുന്നില്ല. ജ്യേഷ്ഠൻെറ മെതിയടികളെനിക്ക് തരൂ. ഞാനവയെ രാജ്യത്തിൻെറ അധിദേവതകളായി വെച്ചാരാധിക്കട്ടെ."

മെതിയടികൊടുത്തു. ഭരതനും സംഘവും നിരാശരായി മടങ്ങി. അയോദ്ധ്യയിലേക്കല്ല, നന്ദിഗ്രാമത്തിലേക്ക്. അവിടെ ബ്രഹ്മചാരിയായിരുന്ന് അദ്ദേഹം അയോദ്ധ്യാസാമ്രാജ്യമാകമാനം ഭരിച്ചു.

ശ്രീരാമൻ ചിത്രകൂടംവിട്ടു. പല ആശ്രമങ്ങളിലും അവർ അതിഥികളായി വാണു. പലരും പലതും

അവക്ക് സമ്മാനിച്ച ആതിഥേയരുടെ സ്നേഹബഹു മാനങ്ങറംക്കുമുമ്പിൽ രാജകീയ സുഖങ്ങറംപോലും വെറും തുച്ഛമാണെന്നവക്കു തോന്നി.

അവരങ്ങനെ കാട്ടിൽ സഞ്ചരിക്കുകയാണ്! വിരാധനെന്ന രാക്ഷസൻ അവരുടെ മാർഗ്ഗം തടഞ്ഞു കൈനീർത്തിയാൽ ചക്രവാളത്തിലെത്തും. തലയുയ ർത്തിയാൽ മാനത്തിൻെറ മച്ചിന്മേലടിക്കും. വല്ലാ ത്തൊരു ജന്തു!

അവൻ സീതയെ ഒന്നുനോക്കി. ഒരു മുക്കുററി പ്പൂവുപോലെ അവളെ പതുക്കെ നുള്ളിയെടുത്തു. ഒരു പൊന്നിൻതരിപോലെ അവനവളെ സൂക്ഷി ച്ചുവെച്ചു.

ശ്രീരാമൻെറ വില്ലൊന്നു പുളഞ്ഞു. വിരാധ ൻെറ തല കൊടുമുടിയിടിഞ്ഞപോലെ താഴെ വീണു.

വീണ്ടും തോടുകറം താണ്ടി. കാടുകറം പിന്നി ട്ടു. മലകറം കയറിമറിഞ്ഞു. അവരങ്ങനെ പഞ്ച വടിയിലെത്തി. അഗസ്ത്യൻെറ അരുളപ്പാടിനാൽ അവരവിടെ താമസമാക്കി.

അങ്ങിനെയിരിക്കുമ്പോഴാണ് ശൂപ്പണഖയുടെ വരവ്. അവറം കാമാന്ധയായാണവിടെ എത്തി യതു്. വന്നപഴിക്കവറം സീതയുടെ മുമ്പിൽവെച്ചു തന്നെ ശ്രീരാമനോടപേക്ഷിച്ചു

"അങ്ങെത്ര സുന്ദരനാണ്! എനിക്ക് പററി യൊരാളാണങ്ങ്! അങ്ങെൻെറ ഭത്താവാകണം."

ആ പുളപ്പിളകിയ പെണ്ണിനോട് ശ്രീരാമനെന്തു് പറയാനാണ്. അദ്ദേഹത്തിനൊരു തമാശ തോന്നി ഇങ്ങനെ പറഞ്ഞു:—

സുന്ദരിയായ പെൺകൊടി! നിനക്കു് കാണാനില്ലേ? ഇവളെൻെറ ഭാൎയ്യയാണ്. അതാ എൻെറ അനുജൻ നില്ക്കുന്നു. അവനെ സമീപിച്ചാൽ മതി. നിൻെറ സൌന്ദര്യത്തിന്നു് യോജിച്ചവനവനാണ്.

ശൂൎപ്പണഖ ഒന്നു പൊങ്ങി. അവൾ ചില ശൃംഗാരചേഷ്ടികൾ കാട്ടിക്കൊണ്ടു് ലക്ഷ്മണനെ സമീപിച്ചു. അവൾ മുറുക്കിച്ചുവപ്പിച്ച ആ മഞ്ചാടിക്കുരുപ്പല്ലു് പുറത്തുകാട്ടി പുഞ്ചിരിച്ചു് കാളസൎപ്പം പുളയുന്നപോലെ ലക്ഷ്മണൻെറ നേൎക്കൊരുശൃംഗാരനോട്ടം നോക്കി.

"കൊള്ളാം."

ലക്ഷ്മണൻ പൊട്ടിച്ചാടുന്ന ചിരി ചുണ്ടുകൊണ്ടു് അണ കെട്ടിനിൎത്തി.

"ഞാൻ ബ്രഹ്മചൎയ്യം കൈവരിച്ചിരിക്കയാണ്. ജ്യേഷ്ഠനെതന്നെ സമീപിച്ചുകൊള്ളു." ലക്ഷ്മണൻ ഒഴിഞ്ഞുമാറി.

അവൾ വീണ്ടും ശ്രീരാമനെ സമീപിച്ചു. വീണ്ടും ലക്ഷ്മണനെ. അങ്ങനെ ഒരു കടത്തുവഞ്ചിപോലെ ഇരുകരക്കും ചെന്നണഞ്ഞു.

ഇരുവരും അവളെ അമ്മാനമാടുന്നതുകണ്ടു് സീതക്കു് ചിരിപൊട്ടി. ആ ചിരി ഇടിമിന്നൽപോലെ ആ രാക്ഷസിയുടെ ഹൃദയത്തിൽ ആഞ്ഞുതറച്ചു.

അവരം ചൊടിച്ചു. ആ അവമാനമവരംക്കു് സഹിക്കാൻ കഴിഞ്ഞില്ല. അവരം ഉടനെത്തന്നെ ആ മോഹിനീവേഷം വെടിഞ്ഞു് സ്വന്തം രൂപം കൈക്കൊണ്ടു.

തീജ്ജ്വാലപോലെ ചെമ്പിച്ച മുടി. ചക്കക്കുരു മുള്ളുപോലെ പരുത്തുന്തിയ കവിരം. മഷിപിടിച്ച ദേഹം. ആനക്കുഴിയേക്കാളാഴമുള്ള പൊക്കിരം. മുറംപോലുള്ള നഖങ്ങരം. എൻറപ്പാ! ആ സത്വം കണ്ടതോടെ സീത ഭർത്തൃശരീരത്തിലൊട്ടിച്ചേർന്നു

ഒട്ടും താമസിച്ചില്ല; ലക്ഷ്മണൻ വാളൂരി. ആ ഭയങ്കരിയുടെ മൂക്കും മുലകളുമരിഞ്ഞുവീഴ്ത്തി. അടക്കാനാവാത്ത വേദനയോടും പകയോടുംകൂടി വിരം പോലുള്ള വിരൽ ആ കുമാരന്മാരുടെ നേരെ ചൂണ്ടിക്കൊണ്ടു് അന്തരീക്ഷം കിടുങ്ങുമാറ് അലറി.

"നോക്കിക്കൊ!!"

നിണമണിഞ്ഞ ആ സത്വം അഞ്ജിനെത്തന്നെ ഖരദൂഷണത്രിശരസ്സുകളെ സമീപിച്ച് വിവരമറിയിച്ചു.

"എവിടെ അവർ?"

ആയുധമൂരി കലികൊണ്ടു് ഖരൻ ചോദിച്ചു.

"അവിടെ, ആ പഞ്ചവടിയിൽ."

ആ വികലാംഗി ഒരവലക്ഷണംപോലെ അവരുടെ മുന്നിൽ വഴികാട്ടി നടന്നു.

ശ്രീരാമൻ അവരുടെ വരവ് അകലെനിന്നു തന്നെ കണ്ടു. സീതയെ ലക്ഷ്മണൻെറ കയ്യിലേല്പിച്ച് ഒരുങ്ങിനിന്നു.

ആയിരക്കണക്കിനാണരക്കന്മാർ. അദ്ദേഹമൊററക്കണ്ടു°. പക്ഷെ അടർ തുടങ്ങിയപ്പോഠം അദ്ദേഹവും ആയിരക്കണക്കിനുണ്ടെന്നവക്ക് തോന്നിപ്പോയി. ആ സുകുമാരൻ ഒരു കാട്ടുതീപോലെ അവരിൽ പടന്നുപിടിച്ചു. വെറും ചീരച്ചെടികഠംപോലെ അവരുടെ കഴുത്തുകഠം അനായാസേന അറിഞ്ഞുതരിഞ്ഞു വീഴ്ത്തി.

ശൂർപ്പണഖ ഒററപ്പെട്ടു അവഠം ആ ചുട്ടനീററത്തോടെ ലങ്കയിലെത്തി. ജ്യേഷ്ഠനോട് വിവരം പറഞ്ഞു. സ്വന്തം സഹോദരിയുടെ വിരൂപണം! എട്ടപ്പുള്ള തൻെറ തലകളിൽ ശ്രീരാമൻ ആഞ്ഞുചവിട്ടുന്നപോലെ ആ രാക്ഷസചക്രവത്തിക്കുതോന്നി.

"ആട്ടെ. ഞാനവന് കാട്ടികൊടുക്കാം" ഒരീററപ്പാമ്പുപോലെ ആ പത്തു പടങ്ങളും ഒന്നായി ചീറി.

അദ്ദേഹം ഒരു സന്യാസിവേഷം ചമഞ്ഞു. മാതുലനായ മാരീചനെ പൊന്മാനായി ചമയിച്ചു പഞ്ചവടിയിലെത്തി. പൊന്മാൻ സീതയെ ആകർഷിച്ചു അതിനെ പിടിക്കാൻ സീത ഭർത്താവിനെ നിബ്ബന്ധിച്ചു. മാനിനു പുറകെ അദ്ദേഹം ബഹുദൂരം പോയി. മാരീചൻ അമ്പേററു നിലവിളിച്ച് നിലം പതിച്ചു. ആർത്തനാദം കേട്ട് ഭർത്താവിൻെറ അപാ

യംഭയന്നു് സീത ലക്ഷ്മണനെ സഹായത്തിന്നു് നിർബ്ബന്ധിച്ചു. അദ്ദേഹം മനമില്ലാമനസ്സോടെപോയി. ഒററപ്പെട്ട സീതയെ രാവണൻ അപഹരിച്ചു് വിമാനത്തിലേററി. വഴിക്കു് ജടായുനേരിട്ടു. ചന്ദ്രഹാസം കൊണ്ടദ്ദേഹമതിൻെറ ചിറകരിഞ്ഞു് വീഴ്ത്തി. അങ്ങനെ രാക്ഷസരാജൻ സീതയുമൊത്തു് ലങ്കയിലെത്തി.

രാമലക്ഷ്മണന്മാക്കു് മറിമായം മനസ്സിലായി. സീതയുടെ വിരഹം അവരെ വല്ലാതെ കരയിച്ചു. അവരന്വേഷിച്ചുനടന്നു. അവശനിലയിൽ കിടക്കുന്ന ജടായുവിനെ അവർ മാർഗ്ഗമദ്ധ്യേ കണ്ടെത്തി. ആ പക്ഷിയിൽനിന്നു് വിവരം വിസ്തരിച്ചറിഞ്ഞു. ജടായു മരണമടഞ്ഞു. ആ കുമാരന്മാർ മൃതസംസ്ഥാരം യഥാവിധി നടത്തി.

പിന്നീടു് കബന്ധനിൽനിന്നു് ബാലിസുഗ്രീവന്മാരുടെ കഥയറിഞ്ഞു. ആ ഉപകാരത്തിന്നു് ശ്രീരാമനദ്ദേഹത്തിന്നു് ശാപമോക്ഷം കൊടുത്തു. രാജ്യവും ഭാര്യയും പോയ്പ്പോയ സുഗ്രീവനുമായി ആ സമവ്യസനി സഖ്യം ചെയ്തു.

ബാലിയെക്കൊന്നു സുഗ്രീവനെ വാനരസമ്രാട്ടായി അഭിഷേകംചെയ്തു കല്പനയനുസരിച്ചു് സീതാന്വേഷണത്തിന്നു് വാനരന്മാരങ്ങുമിങ്ങും സഞ്ചരിച്ചു. ഹനുമാൻ സമ്പാതിയിൽനിന്നു് വിവരമറിഞ്ഞു. അദ്ദേഹം സമുദ്രം ചാടി ലങ്കയിലെത്തി. അശോകവനികയിൽവെച്ചു് സീതയെ കണ്ടുമുട്ടി. രാക്ഷസസ്ത്രീകളുണ്ടു് ചുററുപാടുമിരിക്കുന്നു. പാതാള

ക്കണ്ണികറം! കരിമ്പനക്കാലികറം! കണ്ടാമൃഗപ്പല്ലികറം! മലമുലച്ചികറം!

രാത്രിയാണ്. കാട്ടാനകറംപോലെ രാക്ഷസികറം കിടന്നുറങ്ങുന്നു. ഇരുമ്പുരാവുന്നപോലെ ഓരോന്നും കിടന്ന് ക്രൂക്കംവലിക്കുന്നു ഹനുമാൻ താഴെ ഇറങ്ങിവന്നു സീതക്ക് അടയാളമായി അംഗുലീയം കൊടുത്തു ആവൂ! അവറംക്ക് സമാധാനമായി.

ഹനുമാൻ അക്ഷനെക്കൊന്നു. ആ കപി രാക്ഷസന്മാരുടെ പിടിയിൽപെട്ടു. ലങ്കാനഗരം മുഴുവനും ചുട്ടെരിച്ച് സമുദ്രംചാടി ശ്രീരാമൻെറ അടുത്ത് തിരിച്ചെത്തി

ആ വിരഹി ഉൽക്കണ്ഠിതനായി. സീതയെ വീണ്ടെടുക്കാനാണ് പിന്നത്തേ ശ്രമം. വാനരസൈന്യങ്ങളുമായദ്ദേഹം പുറപ്പെട്ടു സമുദ്രതീരത്തിൽ താവളമടിച്ചു. ആ പുരുഷപുംഗവനെ വിഭീഷണൻ വന്ന് കണ്ടു. സഹായത്തിനുപകരമായി അദ്ദേഹത്തെ രാക്ഷസരാജാവാക്കി വാഴിച്ചുകെള്ളാമെന്ന് വാക്കു കൊടുത്തു.

സമുദ്രത്തിൽ ചിറകെട്ടിപ്പൊക്കി. ആ സൈന്യം ലങ്കയിലെത്തി കോട്ടവളഞ്ഞു യുദ്ധംതുടങ്ങി. വാനരസൈന്യം കണ്ടമാനം അടിച്ചുകയറി മരങ്ങറം പറിച്ച് ഗോപുരങ്ങറം തച്ചുപൊളിച്ചു പാറകറം പുഴക്കിയെറിഞ്ഞു. മുൽഗരങ്ങറം തകർത്തു. മലകറം പുഴക്കിയെറിഞ്ഞ് പടയാനകളെ ചമ്മന്തിയാക്കി.

ഇന്ദ്രജിത്ത് നാഗാസ്ത്രംകൊണ്ട് രാമലക്ഷ്മണ ന്മാരെ കെട്ടിവരിഞ്ഞു ഗരുഡൻ പറന്നെത്തുമ്പോഴേക്കും അവ ഇഴഞ്ഞ് കിഴിഞ്ഞു് പ്രാണനും കൊണ്ടു് പാഞ്ഞു

രാവണൻ ചീറിയെത്തി അദ്ദേഹം ലക്ഷ്മണന്റെ മാറ് ലക്ഷ്യമാക്കി വേലെറിഞ്ഞു. ഏററതു് ലക്ഷ്മണനെങ്കിലും പിളൎന്നതു് ശ്രീരാമന്റെ ഹൃദയമാണു്. അരനിമിഷത്തിനുള്ളിൽ ഹനുമാൻ മൃതസംജ്ജീവിനി കൊണ്ടെത്തി. ലക്ഷ്മണൻ ഉണൎന്നു. അദ്ദേഹത്തിന്ന് പൂർവ്വാധികമുശിരിളകി. വീണ്ടും വില്ലുകുലച്ചു. അര്ക്കപ്പെണ്ണുങ്ങൾ നെഞ്ഞത്തടിച്ച് നിലവിളിക്കൂട്ടി

മേഘനാദന്റെ പാടവമൊന്നും ഫലിച്ചില്ല. അയാളുടെ ഗർജ്ജിതം ഇടിമുഴക്കംപോലെ നിസ്സാരമായി. വില്ല് മഴവില്ലുപോലെ മാഞ്ഞുപോയി. കുംഭകൎണ്ണൻ ഒഴിച്ചില്ല അയാൾ പെണ്ങളെപ്പോലെയായിരിക്കുന്നു. ശരീരത്തിന്റെ പല വശവും കാണാനില്ല. കട്ടമാങ്ങപോലെ ചോരയിൽ കുളിച്ചിരിക്കുന്നു അയാൾ ശ്രീരാമന്റെ നേക്കാഞ്ഞടുത്തു. മനയോല വെട്ടിയടൎത്തുന്ന ഒരു കൂററൻ കൊടുമുടിപോലെ. ശ്രീരാമൻ കൂസിയില്ല. അമ്പുകൊണ്ടു് അയാളുടെ ശിരസ്സ് ആ അടക്കളത്തിലിട്ടു് പന്തുകൊട്ടി.

രാക്ഷസസൈന്യത്തിന്നിനി നില്ക്കള്ളിയില്ലാതായി. അവരെല്ലാം കുരങ്ങച്ചന്മാരുടെ അടിയും

തൊഴിയുമേററ് എല്ലുനുറുങ്ങിക്കഴഞ്ഞി. അസ്ത്രമേററ വീണ അവയവങ്ങൾ അവിടവിടെ കിടന്നു് പുളയുന്നുണ്ടു്.

രാവണന്നു് സഹിച്ചില്ല. 'ഒന്നുകിൽ രാവണൻ അല്ലെങ്കിൽ രാമൻ.' എന്നലറി ആർത്തുകൊണ്ടു് ആ ദശകന്ധരൻ എതിരാളിയുടെ നേക്കടുത്തു.

രാവണൻ തേരിലാണു് വരുന്നതു്. ശ്രീരാമനു് കാലാൾപ്പടമാത്രമേയുള്ളു. ദേവേന്ദ്രനതു് കണ്ടറിഞ്ഞു് സ്വർഗ്ഗത്തിൽനിന്നൊരു തേരയച്ചുകൊടുത്തു.

ശ്രീരാമൻ ആ രാക്ഷസചക്രവർത്തിയെ നേരിട്ടുകണ്ടു. ദിക്പാലന്മാരെ വിജയിച്ച, ശിവനെ സ്വന്തം തലകൾ ചിഴതു് പ്രീണിപ്പിച്ച, കൈലാസപർവ്വതം കൊണ്ടു് പന്താടിയ ആ അരാതിയുടെ നേരെ അദ്ദേഹത്തിന്നാദരം തോന്നി.

യുദ്ധം തുടങ്ങി. ഇരുവക്കും വാശിമുറുകി. വിജയലക്ഷ്മി വരണമാലയുമായി ഇരുചേരിയിലേക്കും നടന്നു് കുഴഞ്ഞി.

രാവണൻ ശതഘ്നിയെടുത്തു് പ്രയോഗിച്ചു. മുള്ളിലത്തടിപോലെ കൂരാണികൾ നിറഞ്ഞ ആ ആയുധം തേരിലെത്തുന്നതിനുമുമ്പുതന്നെ ശ്രീരാമൻ കത്തിയമ്പുകൊണ്ടു് കണ്ടിച്ചുകളഞ്ഞു.

അവസാനം ശ്രീരാമൻ ബ്രഹ്മാസ്ത്രമെടുത്തു. അതു് ആകാശത്തിൽ എത്തിയപ്പോൾ പത്തുതലകളുള്ള പാമ്പുപോലെ തന്നെത്താൻ പിളന്നു. രാവണ

നറിഞ്ഞില്ല. ആ പത്തു തലകളും അതു് ഒന്നായി അരിഞ്ഞുവീഴ്ത്തി.

ലോകം തെളിഞ്ഞു. ദേവതകഠം പുഷ്പവൃഷ്ടി ചെയ്തു. അശോകവനികയിൽ അഴലാണ്ടിരിക്കുന്ന സീതയെ അദ്ദേഹം അഗ്നിവിശുദ്ധിചെയ്തംഗീകരിച്ചു. വിഭീഷണനെ ലങ്കാധിപതിയാക്കി അഭിഷേകം ചെയ്തു. സീതാലക്ഷ്മണന്മാരുമൊരുമിച്ചു് അദ്ദേഹം പുഷ്പകവിമാനത്തിൽ ലങ്കയിൽനിന്നു മടങ്ങി.

## അദ്ധ്യായം 13.

ആ ദമ്പതികഠം ആകാശത്തിലൂടെ സഞ്ചരിക്കയാണു്. അഗാധമായ അലയാഴി താഴെ കാണുമാറായി. ശ്രീരാമൻ ആ പതിവ്രതക്കു് ഓരോ കാഴ്ചയും വിവരിച്ചുകൊടുത്തു.

പ്രിയേ! അതാ അങ്ങോട്ടുനോക്കു മലയപർവ്വതംവരെ നീണ്ടുകിടക്കുന്ന ചിറ കാണാനില്ലേ? അതു് നിന്നെ വീണ്ടെടുക്കാൻവേണ്ടി കടൽപ്പരപ്പിനെപ്പകുത്തു് ഞങ്ങഠം കെട്ടിയുണ്ടാക്കിയതാണു്.

ഈ അപാരമായ പാരാവാരം ആരുടെ നിൎമ്മാണമാണെന്നു് നിനക്കറിയില്ല. നമ്മുടെ പൂർവ്വികന്മാരുടെ കൈവിരുതാണിതു്. യാഗാശ്വത്തെ കപിലൻ പാതാളത്തിലൊളിപ്പിച്ചപ്പോഠം അവർ ഭൂമി കുഴിച്ചന്വേഷിച്ചു. ആ കുഴിയാണിതു്. തണ്ണീരുണ്ണികളെ പ്രസവിക്കാൻ മുകിലുകഠം ഗർഭംധരിക്കുന്നതിതി

ൽനിന്നാണ്. രത്നങ്ങളെ ഇതു് ഹൃദയത്തിന്നുള്ളിൽ വെച്ച് വളർത്തുന്നു. നിൻെറ പുഞ്ചിരിയെ അനുകരി ച്ചെത്തുന്ന പൂന്തിങ്കളില്ലെ, അതു് ഉദയംകൊണ്ടതി തിൽനിന്നാണത്രെ.

നോക്കൂ! ഈ സൌഭാഗ്യശാലിയായ സമുദ്രം എത്രയെത്ര നദികളുടെ മുഖമാണ് മതിവരാതെ മുകരുന്നതു്! അധരപുടങ്ങൾ പരസ്പരമമന്നു പോകു മ്പോൾ അവർ ലഹരികൊണ്ടു് തുള്ളിച്ചാടുന്നു.

അതാ ആ നദീമുഖത്തുതന്നെ ഒന്നു സൂക്ഷിച്ചു നോക്കൂ. വലിയ മത്സ്യങ്ങളവിടെ വാപിളന്നു നില്ക്കു ന്നതു് കാണാം. എന്തിന്നാണെന്നോ? നദിയിൽ നിന്നു വരുന്ന വെള്ളമെല്ലാം ഇവ വായിൽ നിറക്കും. അതിൽപ്പെട്ട ജീവികളെയെല്ലാം വിഴുങ്ങും. വെള്ളം തലയിലെ ദ്വാരം വഴി പുറത്തേക്ക് തള്ളിവിടും. അവയുടെ പിഴപ്പു് അങ്ങിനെയാണ്.

കടലാനകൾ പൊങ്ങിവരുന്നതാണ് അക്കാ ണുന്ന നുരക്കൂട്ടം. അതിൻെറ നടുവിൽ നോക്കൂ! ഇരുപുറവും നുരയുടെ വെൺചാമരവുമണിഞ്ഞു് ആ മസ്തകം പൊന്തിനില്ക്കുന്നതു്. അതിനപ്പുറത്തു് മാനം മുട്ടുന്ന അലകൾപോലെ കാണുന്നതു് പാമ്പുകളാ ണ്. അവ കാററു കുടിക്കാൻ പുറത്തേക്ക് തല കാട്ടിക്കിടക്കുകയാണ്. സൂര്യകിരണം തട്ടുന്നതുകൊ ണ്ട് തിളങ്ങുന്ന മണികളാൽ നിന്നക്കവയെ തിരിച്ച റിയാൻ സാദ്ധ്യമാണ്.

അവർ കരകണ്ടുതുടങ്ങി. കടലിൻെറ പച്ചക്കരപോലെ ചക്രധാരികളായ കരിമ്പനകൾ അവരെ എതിരേല്ക്കാൻ തയാറായി നില്ക്കുന്നു.

കരയിലെത്തി. മദിച്ചുനില്ക്കുന്ന കവുങ്ങിൻതോട്ടങ്ങൾകൊണ്ടിരുളടഞ്ഞ പരിസരപ്രദേശങ്ങൾ; ചിപ്പികൾ തകൎന്നു വേറിട്ട മുത്തുകൾ ചിതറിക്കിടക്കുന്ന മണൽത്തിട്ടുകൾ; ആ കാഴ്ചകളെല്ലാം സീതക്കു് പുത്തരിയായിത്തോന്നി.

മാല്യവാൻ പർവ്വതത്തിന്നടുത്തിരിക്കുന്നു. ആ കൊടുമുടി മാനം താങ്ങിയങ്ങനെ നിലകൊള്ളുന്നു. അവിടെവെച്ചാണു് വിരഹിയായ ശ്രീരാമനും ഇടവപ്പാതിയിലെ മേഘവും ഒരുപോലെ കണ്ണീർ പൊഴിച്ചതു്.

ആ വിരഹി അക്കാലം മുഴുവനും കരളുരുകിക്കൊണ്ടാണു് കഴിച്ചുകൂട്ടിയതു്. പുതുവെള്ളത്തിൻെറ മണം. ആൎത്തിരമ്പിവരുന്ന അടമാരി. ചുണ്ടു്പിളുൎത്തിക്കാട്ടുന്ന അടമ്പിൻ പൂക്കൾ. ഇക്കിളിയാക്കിക്കൊല്ലുന്ന മയിലുകളുടെ കേകാരവം. ഗുഹകൾ മുഴക്കുന്ന ഇടിമുഴക്കം. അതെല്ലാം അദ്ദേഹത്തിൻെറ വിരഹവേദനയെ ആയിരമായിരം മടങ്ങു് വൎദ്ധിപ്പിച്ചതാണു്.

അടുത്തു് പമ്പാനദി വെള്ളിത്തകിടുപോലെ വെട്ടിത്തിളങ്ങുന്നുണ്ടു്. അന്നിതിൽ ചക്രവാകങ്ങൾ ധാരാളമുണ്ടായിരുന്നു. പൂവനും പിടയും ആമ്പലല്ലികൾ കൊത്തി പരസ്പരം പകൎന്നുകൊടുത്തിരു

ന്നതു് അദ്ദേഹം എത്ര തവണ ഹൃദയത്തുടിപ്പോടെ കണ്ടിട്ടുണ്ടു്! ആ നദിയുടെ തീരത്തിൽ ഒരു കൊച്ചശോകം കുനിഞ്ഞു നില്ക്കുന്നുണ്ടു്. അതു് തൻെറ പ്രണയിനിക്ക് ചൂണ്ടിക്കാട്ടിക്കൊടുത്തു് അദ്ദേഹം പറഞ്ഞു:—

"അതാ, പൂങ്കുലയുടെ ഭാരംകൊണ്ടു് കുനിഞ്ഞു നില്ക്കുന്ന ഒരശോകത്തെ നാണംകുണുങ്ങി നില്ക്കുന്നു. അതിനെ നീയാണെന്നു് തെററിദ്ധരിച്ച് അന്നൊരു ദിവസം ആ തളിർചുണ്ടുകളിൽ ഞാനാഞ്ഞുമുക ന്നു. അണച്ചുപുൽകുവാൻ ഞാൻ കൈ നീട്ടി. പിറകിൽനിന്നു് ലക്ഷ്മണൻ വന്നെന്നെത്തടഞ്ഞു. അയ്യേ! എനിക്ക് നാണമായി രണ്ടുമൂന്നു ദിവസ ത്തോളം ഞാനവൻെറ നേരിട്ടു് നോക്കിയതേയില്ല."

നോക്കൂ! അതാ പഞ്ചവടി! നിനക്കോർമ്മയി ല്ലേ? ആ കാണുന്ന തേന്മാവിൻതൈകൾ നീ കുടം വെള്ളം കോരി നനച്ചുവളർത്തിയവയാണു്! അമ്മയില്ലാത്ത കുട്ടികളെപ്പോലെ അവ ഇന്നു് കാരച്ചിരിക്കുന്നു.

ആററുവഞ്ഞിക്കുടിലുകൾ നിറഞ്ഞ ഗോദാ വരീതീരം അവരുടെ ദൃഷ്ടിയിൽപെട്ടു. അഗസ്ത്യാശ്ര മത്തിൽനിന്നുത്തിയുയരുന്ന ഹോമധൂമപടലം തുളച്ചുകൊണ്ടു് പുഷ്പകം മുന്നോട്ടുതന്നെ കുതിച്ചു പാഞ്ഞു.

മാണ്ഡകർണ്ണി, സുതീക്ഷ്ണൻ, ശരഭംഗൻ അ ങ്ങനെ പല മഹർഷിവര്യന്മാരുടേയും ആശ്രമങ്ങൾ പല സ്മരണകളുമുളവാക്കിക്കൊണ്ടു് അദ്ദേഹം സീത ക്ക് കാട്ടിക്കൊടുത്തു.

ചിത്രകൂടം! വെള്ളച്ചാട്ടങ്ങാംകൊണ്ടു് ഉത്തരീയമണിഞ്ഞു് ആ പർവ്വതം തലപൊക്കി നില്ക്കുന്നു! ഒരു മദിച്ച കൂററൻപോലെ!

തള്ളിച്ച തരിമ്പുമില്ലാതെ തെളിഞ്ഞൊഴുകുന്ന ഗംഗാനദിയാണടുത്തു്! ആ പർവ്വതത്തിൻെറ പാശ്ചത്തിൽ ഭൂമിയണിഞ്ഞ മുത്തുമാലപോലെ ആ പാവനനദി ഒരു കെട്ടിലമ്മയുടെ ഗൌരവത്തോടെ പ്രവഹിക്കുന്നു അതിൻെറ തീരത്തു് നിഷാദരാജാവായ ഗുഹൻെറ നഗരം കണ്ടതോടെ അയോദ്ധ്യയിലെത്തിക്കഴിഞ്ഞെന്നു് സീതക്കു് തോന്നി.

സരയൂനദിയായി ഉത്തരകോസലത്തിലെ ജീവജാലങ്ങാംക്കു് പൊതുവെയുള്ള പെററമ്മയാണവാം. ആ ജനനി മുല ചുരത്തി, തിരക്കൈകാംകൊണ്ടു് അവരെ മാടിവിളിച്ചു

ഹനുമാൻ മംഗളവാത്ത മുമ്പുതന്നെ അയോദ്ധ്യയിൽ ചെന്നറിയിച്ചിട്ടുണ്ടു്. നഗരമൊന്നാകെ ആ വിശ്വവിജയിയെ എതിരേല്ക്കാൻ നദിക്കരയിലെത്തിയിരിക്കുന്നു.

വിമാനം മണൽതിട്ടിലിറങ്ങി. തലയിൽ ജടയും അരയിൽ മരവുരിയുമായി ഭരതൻ പ്രായംചെന്ന പൌരപ്രമാണികളും മന്ത്രികളുമൊത്തു് എതിരേററു. ആ യുവയതിയിൽ അവക്ക്ത്യധികമാശ്ചര്യം തോന്നി. സമ്പന്നയായൊരു രാജ്യലക്ഷ്മിതന്നിയേ മടിയിൽ വന്നുകയറുക. അവളെ അല്പംപോലും ആസ്വദിക്കാതെ ഒരു യുവാവു് ഇത്രയുംകാലം കഴിച്ചു

ക്കുട്ടുക. സാധാരണക്കാരന് സങ്കല്പിക്കാൻപോലുമാവാത്ത ഒന്നാണത്. അദ്ദേഹം വാളിൻെറ വായ്ത്തല നക്കുകയാണ് ചെയ്തത് തെല്ലുപോലും പരുക്കേല്ക്കാതെ! അത്ഭുതംതന്നെ!

ചിരാഭിലഷിതമായ സമാഗമം! വാനരന്മാർ, രാക്ഷസന്മാർ; മനുഷ്യന്മാർ, ഈ മൂന്നുവർഗ്ഗക്കാരുമുണ്ടതിൽ. ആർ ആരെയെല്ലാം കെട്ടിപ്പുണർന്നു, ആർ ആരുടെയെല്ലാം അടിപണിത്തു. ആർ ആരുടേയെല്ലാം നെറുക മുകന്നു. ഇതൊന്നും വിവരിക്കാൻ സാദ്ധ്യമല്ല. അല്പനേരത്തേക്കു് ആ മൂന്നു സമുദായക്കാരും ഒന്നായപോലെ തോന്നി.

അപരിചിതരെ പരിചയപ്പെടുത്തി. ആദരാഹ്നരെ ആദരിച്ചു. അവരങ്ങനെ അലംകൃതമായ രാജവീഥിയിലൂടെ അരമനയിലേക്ക് കുതിച്ചു.

മണിമാളികക്കു് മുകളിൽ ഉഴറുന്ന കണ്ണുകളുമായി അമ്മമാർ നില്ക്കുന്നുണ്ടു്. ആ അനർഘനിമിഷം! അവരെണ്ണിയെണ്ണി കാത്തിരുന്നതാണ്. അവരുടെ ദൃഷ്ടികൾ ജനലിലൂടെ ഭ്രാന്തെടുത്ത് പായുന്നുണ്ടു്. 'അവരെവിടെ? അവരെവിടെ?' അതുതന്നെയാണ് ആ ജനനിമാരുടെ ഹൃദയം മിടിക്കുന്നതു്!

അതാ കൊടിക്കൂറ! വിമാനം! ജനക്കൂട്ടം! അവ തെരുവിൽക്കൂടെ ഒഴുകിവരുന്നു! അവർ ഗോപുരത്തിലെത്തിക്കഴിഞ്ഞു.

ആ കുമാരന്മാർ സീതയുമൊരുമിച്ച് അമ്മമാരുടെ കാല്ക്കൽവീണു. അവർ വിശ്വവിജയികളായ

ആ ഓമനകളെയെടുത്തു് മുറുകെ പുണന്നു. നീണ്ട പതിനാലുവഷത്തോളമനുഭവിച്ച യാതനകഠം ആ നിമിഷത്തിന്നുള്ളിൽ മാഞ്ഞുപോയി. ആ അമ്മമാർ വഴിഞ്ഞ മിഴികളും ചുരന്ന മുലകളുമായി വളരെ നേരം മതിമറന്നു് നിന്നുപോയി.

## അദ്ധ്യായം 14.

പഴക്കവും തഴക്കവും ചെന്ന അമാത്യന്മാരുടെ ആദ്യവസാനത്തിൽ ശ്രീരാമചന്ദ്രൻെറ പട്ടാഭിഷേകം നടന്നു. അമ്മമാരുടെ ആനന്ദബാഷ്പംകൊണ്ടാണ് അതാദ്യമാരംഭിച്ചതു്. സ്വൎണ്ണകുംഭങ്ങളിൽ കൊണ്ടുവന്ന പാവനതീൎത്ഥങ്ങഠം കൊണ്ടതു് അവസാനിപ്പിക്കുകയും ചെയ്തു.

അഭിഷേകാനന്തരം കുലരാജധാനിയിലേക്കുള്ള എഴുന്നെള്ളത്തായി. വിശിഷ്ടരായ മഹൎഷിമാർ പ്രായംചെന്ന മന്ത്രികഠം, വിജയമാഘോഷിക്കുന്ന രാക്ഷസന്മാർ, ആഹ്ലാദംകൊണ്ടാൎത്തുവിളിക്കുന്ന വാനരന്മാർ, ഇവരുടെ അകമ്പടിയോടെ ആൎഭാടവുമാഡംബരവും തികഞ്ഞ പള്ളിത്തേരിൽ ഇരുന്നുകൊണ്ടു് ആ രാജപുംഗവൻ എഴുന്നെള്ളുകയാണ്. ഭരതൻവെൺകൊററക്കുട പിടിച്ചിട്ടുണ്ടു്. ലക്ഷ്മണനും ശത്രുഘ്നനും വെഞ്ചാമരം വീശുന്നുണ്ടു്. ആ ആഘോഷത്തിൽ ലോകമൊട്ടാകെ പങ്കുകൊണ്ടു.

പിറകെ സീതയുമുണ്ട്. അവളൊരു ഡോലിയിലാണ് അമ്മമാർ അവളെ അഴകിലലങ്കരിച്ചിട്ടുണ്ട്. ആ സൌഭാഗ്യവതിയെ രാജവീഥിയിലിരുവശവുമുയൎന്നുനില്ക്കുന്ന മാളികകളുടെ ജനൽപ്പഴുതിലൂടെ നാഗരികതരുണികൾ കണ്ടു കൈകൂപ്പി.

അവരെഴുന്നെള്ളുന്നതു് ഒരു പുണ്യനിലയത്തിലേക്കാണ്. ദശരഥൻ സ്വൎഗ്ഗം പൂകിയതു് ആ അരമനയിൽവെച്ചാണ്. അതിന്നു നിശ്ശൂന്യമാണ്. ലോകത്താൽ ആകമാനം വെറുക്കപ്പെട്ട കൈകേയിമാത്രം ആ ശ്മശാനത്തിൽ ഒരു ജീവച്ഛവമായി നിശ്വസിക്കുന്നുണ്ട്. നവാഭിഷിക്തനായ ആ രാജപുംഗവൻ നിറഞ്ഞ കണ്ണുകളുമായി ആ മണിയറയിൽ പ്രവേശിച്ചു.

കൈകേയി ഒരു പ്രേതംപോലെ അവിടെ നില്ക്കുന്നുണ്ട്. ആ ഉദാരൻ ചെറിയമ്മയുടെ കാൽതൊട്ടു് നെറുകയിൽ വെച്ചു് കൈകൂപ്പിക്കൊണ്ടു പറഞ്ഞു:—

'അമ്മേ, അമ്മയൊട്ടും വ്യസനിക്കേണ്ട. അമ്മ ചെയ്തതു് നല്ലതുതന്നെ. അന്നു അച്ഛനെ വരത്തിൻെറ കാൎയ്യത്തിലത്ര നിൎബ്ബന്ധിച്ചില്ലെന്നിരിക്കട്ടേ; അച്ഛൻ സത്യത്തിൽനിന്നു ഭ്രംശിക്കുമായിരുന്നില്ലേ? നരകത്തിലാണ്ടുപോകുമായിരുന്നില്ലേ?'

ആ മാതാവിന്നു ആ വാക്കുകൾ കേട്ടപ്പൊഴേ അദ്ദേഹത്തിൻെറ മുഖത്തുനോക്കാൻ കഴിഞ്ഞുള്ളൂ. അവർ മകൻെറ നെറുകയിൽ കൈവെച്ചു് നന

ഞ്ഞ കണ്ണുകഠംകൊണ്ടു് നിരക്ഷരമായി ക്ഷമാപ ണം ചെയ്തു.

മഹർഷിമാർ തിരിച്ചുപോയി. പത്തുപതിന ഞ്ചുദിവസത്തോളം സുഖമായിത്താമസിച്ച് സീ തകൊടുത്ത ഓണപ്പുടവകളുമായി വാനരന്മാരും രാക്ഷസന്മാരും ശ്രീരാമനോടു വിടവാങ്ങി. സംഭ ബഹുലമായ തൻെറ ജീവിതത്തിൻെറ ഉത്തരാദ്ധം സമ്പന്നമായ ഒരു രാജ്യഭാരത്തോടെ ആ ധമ്മത ല്പരൻ എഴുതിത്തുടങ്ങി.

ആവശ്യങ്ങഠംക്കദ്ദേഹം പണം പുല്ലുപോലെ വലിച്ചെറിഞ്ഞു. വിഘാതങ്ങഠംക്ക വിനാശംവരു ത്തി അതുകാരണം കമ്മങ്ങഠം മുറയ്ക്കു അഭിവൃദ്ധി പ്പെട്ടുവന്നു. ലോകം ഒരു പിതാവിനെയാണ് നി യന്താവായ അദ്ദേഹത്തിൽ കണ്ടതു്. ആ മഹാരാ ജാവു വിനീതനായൊരു പുത്രനെന്ന നിലക്ക് ലോ കത്തിൻെറ ആടലുമല്ലലുമകററുകയും ചെയ്തു

രാജ്യകാര്യങ്ങളെല്ലാം ഭംഗിയായി നിറവേററി ക്കഴിഞ്ഞാൽ ഒരു നിശ്ചിതസമയത്തു് അദ്ദേഹം സഹ ധമ്മിണിയുമൊത്തു് വിഷയസുഖങ്ങളനുഭവിക്കുകപ തിവാണു്. പഞ്ചവടി, അശോകവനിക, അങ്ങനെ പലതിനെ സംബന്ധിച്ചും അനുഭൂതങ്ങളായ അനേ കമനേകം അവശതകഠം അനുസ്മരിച്ചുകൊണ്ടു് അവരാനന്ദിച്ചു.

സീതയുടെ മിഴി കറുത്തുതുടങ്ങി. മുഖം വിള ത്തുവന്നു. തളിർമേനി ഒട്ടാകെഒന്നു മെലിഞ്ഞു. ആ

ഭാവഭേദം അവളുടെ പ്രാണനാഥന്ന് അനനുഭൂതമായൊരാനന്ദമുളവാക്കി. സീത പറഞ്ഞില്ല. രാമചന്ദ്രൻ കേട്ടതുമില്ല. എങ്കിലും ആ രഹസ്യം അദ്ദേഹമറിഞ്ഞു.

ഒരു രാത്രിയാണ്. സീത പള്ളിയറയിൽ മണിമഞ്ചത്തിന്നരികെ നില്ക്കുകയാണ്. ആ ചുണ്ടുകൾക്കിടയിൽ ഒരു പുഞ്ചിരിയുറയുന്നുണ്ട്. അതു നാണംകൊണ്ട് നനഞ്ഞിട്ടുണ്ട്. ആ കാമകോമളൻ അവളെ വാരിയെടുത്തു മടിയിലിരുത്തി മതിവരാതെ ചുംബിച്ചു അദ്ദേഹം ചോദിച്ചു:—

'പ്രിയേ, നിനക്കു നിറവേറാത്ത വല്ല ആഗ്രഹവുമുണ്ടോ?'

അവൾക്ക് നാണംകൊണ്ട് ഇക്കിളിയായി. ആ ചുണ്ടുകളനങ്ങി.

'ഇല്ല'

'എങ്കിലും ഒരഭിലാഷം പറയൂ. എനിക്കതു നിറവേററിത്തന്നാലേ സുഖമുള്ളൂ.'

മറെറാന്നിൻമവൾക്കാഗ്രഹമില്ല. ഒരൊററ ആശമാത്രം ആ ഹൃദയത്തിൽ നാമ്പെടുത്തുനില്ക്കുന്നുണ്ട്. ഗംഗാതടത്തിൻെറ പരിസരത്തിലുള്ളതപോവനങ്ങൾ അവൾക്കൊന്നുകൂടികണ്ടാൽ കൊള്ളാമെന്നുണ്ട്. ആതാപസകുമാരികളുമായുള്ള സ്നേഹബന്ധം ഒന്നു പുതുക്കുവാനവൾക്കാഗ്രഹമുണ്ട്. ദർഭപ്പുൽത്തകിടികളിൽ മയങ്ങിക്കിടക്കുന്ന സിംഹക്കുട്ടികളേയും മാന്തണലുകളിൽ അയവിറക്കിക്കിടക്കുന്ന മാൻകുട്ടിക

ളേയും ഇരുകൈകളിലുമെടുത്ത് താലോലിക്കാൻ അവഠം വെമ്പുകയാണ്. അവഠം ആ ആഗ്രഹം പ്രാണനാഥനെ അറിയിച്ചു. അദ്ദേഹത്തിന്നു അതു ഒരനുഗ്രഹമായിത്തോന്നി. പ്രിയതമയ്ക്കദ്ദേഹം വാക്ക് കൊടുത്തു

ഒരു ദിവസം പ്രഭാതമാണ്. അരമനയിൽ ഉയൎന്ന മാളികക്കുമേലെ ചക്രവൎത്തി ഇരുന്നരുളുകയാണ്. അദ്ദേഹം ജനലുകളിലൂടെ കണ്ണോടിച്ചു. സമൃദ്ധമായ അയോദ്ധ്യാനഗരം അററവുമതിരുമില്ലാതെ വിശാലമായങ്ങനെ കിടക്കുന്നുണ്ട്. വ്യാപാരശാലകളിരുപുറവുമുള്ള രാജവീഥികഠം, ഓളങ്ങളാൽ തോണികളമ്മാനമാടുന്ന സരയൂനദി, കസവുവേഷ്ടിയും കല്യാണക്കുപ്പായവുമായി സുഭിക്ഷത്തിലാറാടി നടക്കുന്ന പൌരന്മാർ, കായ്കളും പൂക്കളുമായിത്തഴച്ചുനില്ക്കുന്ന പൂവാടികഠം; ആ ജനക്ഷേമതൽപ്പരൻെറ ഹൃദയം കോരിത്തരിച്ചു.

ഭദ്രൻ അനുമതിവാങ്ങി തൊഴുകയ്യുമായി തിരുമുമ്പിലെത്തി. അയാഠം വിശ്വസ്തനായ ഒരു ചാരനാണ്. തൻെറ ഭരണരീതിയെപ്പററി പൊതുജനങ്ങളുടെ അഭിപ്രായം നിഗൂഢമായറിയാൻ ആ ധൎമ്മരാജാവ് നിയോഗിച്ചിരിക്കയാണയാളെ. പ്രജകളുടെ യോഗക്ഷേമങ്ങളെപ്പററി അദ്ദേഹം ചോദിച്ചറിഞ്ഞു. സംതൃപ്തിജനകമായൊരു മറുപടിയാണദ്ദേഹത്തിന്നു ലഭിച്ചതു്. തന്നെപ്പററി പൌരന്മാരുടെ അഭിപ്രായമെന്തെന്നദ്ദേഹം തുടൎന്നാരാഞ്ഞു. ആ

വിശ്വസ്തൻ നിശ്ശബ്ദനായി നിന്നതേ ഉള്ളു. അയാളുടെ ആ നിലപാട് അദ്ദേഹത്തിന്നുല്ക്കണ്ഠയുളവാക്കി.

'പറയാം ഒട്ടും ഭയപ്പെടേണ്ട.'

രാജാവ് നിർബ്ബന്ധിച്ചു.

ദാസന്നിനിയും ഒളിച്ചുവെയ്ക്കാൻ സാദ്ധ്യമായില്ല. അയാറം പറഞ്ഞു:—

'അവിടത്തെപ്പററി ആദരപൂർവ്വം അഭിനന്ദിക്കാത്ത ഒരാളുപോലും അയോദ്ധ്യയിലില്ല. പക്ഷേ രാക്ഷസരാജധാനിയിൽ താമസിച്ച തമ്പുരാട്ടിയെ കൈക്കൊണ്ടതു് പലക്കും തൃപ്തികരമല്ല'

ശ്രീരാമൻെറ ഹൃദയം ചുററികകൊണ്ടടിച്ചപോലെ ചതഞ്ഞു. അദ്ദേഹം കത്തവ്യത്തിൻെറ ചുഴിയിൽപ്പെട്ടു് വീപ്പുമുട്ടി. പൊതുജനങ്ങളുടെ ആക്ഷേപം അവഗണിക്കുന്നതു് രാജധമ്മമല്ല. ദോഷം ലേശവുമില്ലാത്ത സഹധമ്മിണിയെ പരിത്യജിക്കുന്നതു് മനുഷ്യത്വവുമല്ല. അദ്ദേഹം ആ രണ്ടു വികാരങ്ങളുടെ വടംവലിയിൽപെട്ടു ഞെരുങ്ങിപ്പോയി.

ആ പ്രജാസേവകൻ തീരുമാനിച്ചു. 'ഇല്ല, ഞാനിനി അവളെ കൈക്കൊള്ളുകയില്ല. ഞാൻ ഒരിക്കലും ഈ അപവാദംകൊണ്ടു് രഘുവംശം ദൂഷിപ്പിക്കാനിടകൊടുക്കില്ല. യശോധനരായ രാജാക്കന്മാക്കു് ലൌകികോപഭോഗങ്ങളേക്കാറം പേരും പെരുമയുമാണു് അഭിലഷണീയമായിട്ടുള്ളതു്. അതെ, അവളെ പരിത്യജിക്കുകതന്നെ.'

അദ്ദേഹം അക്കാര്യം അനുജന്മാരുമായാലോചിച്ചു. പരിത്യാഗത്തിന്നുള്ള തീരുമാനം അവരെ അറിയിച്ചു. സങ്കടകരമായ ആ പ്രശ്നം അദ്ദേഹമിങ്ങനെ ഉപസംഹരിച്ചു:—“ഏതായാലും എണ്ണത്തുള്ളി വെള്ളത്തിൽ വീണുകഴിഞ്ഞു. ഇനിയതു് പല നിറത്തിലും പരക്കാതിരിക്കുകയില്ല. അതു കണ്ടുകൊണ്ടു് എനിക്കു് ജീവിതവും സാദ്ധ്യമല്ല. അതിനാൽ നിങ്ങളോടെൻെറ അഭ്യർത്ഥനയാണു്; എൻെറ തീരുമാനത്തിൽ നിങ്ങളാരും വിലങ്ങളിച്ചുനില്ക്കരുതു്.”

അവരാരും ഒന്നും മിണ്ടിയില്ല. പ്രതികൂലിച്ചുമില്ല, അനുകൂലിച്ചുമില്ല. അദ്ദേഹം ഒരു തീരുമാനത്തിലുറച്ചിരിക്കുന്നു. അതിൽനിന്നിളക്കുവാൻ ആക്കും ശക്തിയില്ല

അദ്ദേഹം ലക്ഷ്മണനെ സാകൂതമൊന്നുനോക്കി. ജ്യേഷ്ഠൻെറ ഉപദേശം അപ്പടിയനുഷ്ഠിക്കുവാനേ അദ്ദേഹത്തിന്നറിയൂ. അനന്യദുർവ്വഹമായ ആ കർത്തവ്യത്തിൽ അനുജനെ നൃപതി നിയോഗിച്ചു അദ്ദേഹം പറഞ്ഞു.

“നിൻെറ ജ്യേഷ്ഠത്തി പണ്ടുകണ്ട ആശ്രമങ്ങളെല്ലാമൊന്നുകൂടിക്കാണണമെന്നാഗ്രഹിക്കുന്നു അവളിന്നു് ഗർഭിണിയാണു്. ഞാനവൾക്കു വാക്കുകൊടുത്തിട്ടുമുണ്ടു്. ആ ആഗ്രഹപൂർത്തിയുടെ പേരിൽ നീയവളെ ഇവിടെനിന്നു കൊണ്ടുപോണം. വാല്മീകിയുടെ ആശ്രമത്തിലെത്തിയാൽ അവളെ അവിടെ വിട്ടു് ഇങ്ങോട്ടു് മടങ്ങണം.”

കാരണവന്മാരുടെ കല്പനയെ ചോദ്യംചെയ്യു ന്നതു് അനന്തരവന്മാക്ക് യോജിച്ചതല്ല. ജ്യേഷ്ഠ ന്റെ കല്പന ആ വിനീതൻ ശിരസാവഹിച്ചു

സുമന്ത്രൻ രഥംതെളിച്ചു കള്ളമറിയാത്ത സീ തയുമൊത്തു് ലക്ഷ്മണൻ പുറപ്പെട്ടു. തന്റെ അഭീ ഷ്ടം നിറവേറുന്നതിലെത്രമാത്രമുത്സുകനാണ് പ്രാ ണനാഥനെന്നു്കരുതി ആ പതിവ്രത ഉള്ളുകൊണ്ടു സന്തോഷിച്ചു. പാവം! അവളറിഞ്ഞില്ല, ആ കല്പ കവൃക്ഷം മുള്ളുകൈനിയായി മാറിയതു്.

ലക്ഷ്മണന്റെ മുഖം കരിവാളിച്ചിട്ടുണ്ടു്. സീത യുടെ നേക്കുയരുന്നില്ല. ആ സർവ്വമംഗളയുടെ വല ങ്കണ്ണു് പിടക്കുന്നു! വലങ്കയ്യു് തുടിക്കുന്നു! ആ ഭർതൃ ദേവത ഹൃദയംകൊണ്ടു നേന്നു. 'ഈശ്വരാ! ആര്യ പുത്രന് അമംഗളമൊന്നുമുണ്ടാകാതിരിക്കട്ടേ!'

നഗരങ്ങൾ ഉൾനാട്ടുകൾ, പർവ്വതങ്ങൾ, ഭയങ്കര വനങ്ങൾ, പുളഞ്ഞൊഴുകുന്ന പുഴകൾ, സുഭിക്ഷം വിളയുന്ന വയലുകൾ അങ്ങനെ പലതുമ വർ പിന്നിട്ടു്; ഗംഗാനദിയുടെ തീരത്തെത്തി.

മണൽത്തിട്ടിലിറങ്ങി. വഞ്ചിവഴിക്കവരക്കര കടന്നു ഗംഗാമാതാവു് ഗൌരവംപൂണ്ട മുഖഭാവ ത്തോടെ ആ ഭയങ്കരകൃത്യത്തിൽനിന്നു ലക്ഷ്മണനെ വിലക്കി.

അക്കരെക്കെത്തി ലക്ഷ്മണന്നു് എന്തു ചെയ്യണ മെന്നറിവില്ല. അദ്ദേഹത്തിന്റെ കണ്ണീരിന്റെ അ ണപൊട്ടി. കണ്ഠം ഗദ്ഗദംകൊണ്ടടഞ്ഞു. ആ കുളി

ർമേഘത്തിൽനിന്ന് ഇടിത്തീയിതാ വീണുകഴിഞ്ഞു. —ആധർമ്മൈകതൽപരൻെറ നിശിതശാസനം!

അവൾ നിലംപതിച്ചു. കുറച്ചുനേരത്തേക്കവളൊന്നുംതന്നെയറിഞ്ഞില്ല. ലക്ഷ്മണൻെറ പരിചരണമാണ് അവൾക്ക് ബോധമുളവാക്കിയത്. തലയ്ക്കടിയേററപോലെ, തീനാളത്തിലകപ്പെട്ടപോലെ, ഹൃദയം കൊത്തിവലിക്കുന്നപോലെ ആ അബലയ്ക്കു തോന്നിപ്പോയി. പക്ഷേ അവൾ പതിവ്രതയാണ്. ആര്യപുത്രനെപ്പററി ഒരക്ഷരമവളുരിയാടിയില്ല. സ്വന്തം ദുഷ്ടതത്തെ അവൾ പഴിച്ചു.

സ്വയമാശ്വസിക്കാൻ വയ്യാത്ത ലക്ഷ്മണനുണ്ടോ സീതയെ ആശ്വസിപ്പിക്കാനാവുന്നു? അദ്ദേഹം ഇത്രമാത്രം പറഞ്ഞു.

'ദേവി' ഞാനിതിൽ നിരപരാധിയാണ്. എൻെറ കൈയും നാവും അസ്വാതന്ത്ര്യം ബന്ധിച്ചിരിക്കയാണ്. ജ്യേഷ്ഠൻെറ നിർദ്ദേശം നിറവേററുക മാത്രമേ ഞാൻ ചെയ്യുള്ളു. എനിക്കു മാപ്പുതരണം" ആ സ്നേഹശീലൻ ദേവിയുടെ കാൽപിടിച്ചുകരഞ്ഞു

അവൾ അനുജനെ എഴുന്നേൽപ്പിച്ചു. ആ കവിളിൽനിന്നു കണ്ണീർ തുടച്ചുകൊണ്ടു പറഞ്ഞു. "ലക്ഷ്മണ, എനിക്കു നിൻെറ പേരിൽ ഒരു പരിഭവവുമില്ല. ഈ സ്നേഹം എന്നെന്നും നിലനില്ക്കട്ടേ; നിനക്ക് ദീർഘായുസ്സ ദൈവം നൽകട്ടേ."

അവൾ തുടർന്നു.

"അമ്മമാക്ക് നീ എൻെറ വിനീതനമസ്കാരങ്ങളറുളണം. രഘുവംശം അററുപോവാത്തവിധം എന്നിൽ ബീജം നാമ്പെടുത്തിട്ടുണ്ട്. അത് ഇടയ്ക്കെങ്കിലും അവരനുസ്മരിക്കട്ടെ ഞാൻ എന്നാൽ തന്നെ ചരിതാത്ഥയാണ്. പിന്നെ മഹാരാജാവിനോടുകൂടി ഒരു കാൎയ്യം പറയേണ്ടതുണ്ട്. ഞാൻ പറഞ്ഞതായി നീ ചെന്നു പറയണം.

"അങ്ങയുടെ കൺമുമ്പിൽവെച്ച് അഗ്നിവിശുദ്ധിചെയ്ത എന്നെ ആളുകറം പറഞ്ഞതുകേട്ടു പരിഹാസ്യയാക്കി പരിത്യജിച്ചല്ലോ അതങ്ങയുടെ പഠിപ്പിന്നുചേൎന്നതോ തറവാടിന്നുചേൎന്നതോ?"

ആ സാദ്ധ്വിയ്ക്കു കോപവും വ്യസനവും സഹിക്കാൻ സാധിച്ചില്ല തള്ളിവരുന്ന ആവേഗം അവറം തൊണ്ടകൊണ്ടിറുമ്മിനിത്തി.

അത് ശ്രീരാമൻെറ കൊള്ളരുതായ്മയെന്ന് അവറംക്ക് ചിന്തിക്കാൻ വയ്യ അതെല്ലാം ആ ഭാഗ്യഹീനയുടെജന്മാന്തരദുരിതമായിരിക്കാം. അതനുഭവിക്കാതിരിക്കാൻ വയ്യ അവറം ആ ജീവിതമതോടുകൂടി അവസാനിപ്പിക്കുമായിരുന്നു. പക്ഷേ, അതു വയ്യല്ലോ. ആ വയററിൽ രഘുകുലബീജം കുടികൊണ്ടുകഴിഞ്ഞിട്ടുണ്ട് ആ ദീപനാളം അവറംക്ക് കെട്ടാറാതെ സൂക്ഷിക്കേണ്ടതുണ്ട്. ആ പതിവ്രത തീരുമാനിച്ചു. പ്രസവംവരെ എങ്ങനെയെങ്കിലും ജീവിക്കുക. അതിനുശേഷം ആ പുരുഷപുംഗവൻതന്നെ അനന്തരജന്മങ്ങളിലും ആത്മനാഥനായി വരുവാൻവേണ്ടി

തപസ്സനുഷ്ഠിക്കുക, ഒരു പതിവ്രതയുടെ കത്തവ്യ മാണതു്.

ആ ധീരഹൃദയ ലക്ഷ്മണനെ യാത്രയാക്കി. ഒരു മണിനാദംപോലെ അദ്ദേഹം മന്ദമന്ദം അകന്നുമാ ഞ്ഞു. അല്പനേരം അവളേകാകിനിയായി ആ ആ റവക്കത്തു്നിന്നു. അവളുടെ ഹൃദയം വീണ്ടുംപൊ ട്ടി. അമ്പോററ കൊച്ചുപാവയെന്നോണം അവാം ആ നിലത്തുകിടന്നു പടഞ്ഞുകരഞ്ഞു!

വാത്മീകിമഹഷി ആ കരച്ചൽകേട്ട അദ്ദേഹം ഒഭ്യും ചമതയുമറിയുവാൻ ആററവക്കത്തുക്ക പു റപ്പെട്ടതാണു്. നിലവിളിയെ ലക്ഷ്യമാക്കി അദ്ദേ ഹം തിരിച്ചു. അടുത്തുവന്നു് അവളെ സൂക്ഷിച്ചുനോ ക്കി. സീത!

അവാം അമ്പരന്നുനില്ക്കുന്ന മഹഷിയെക്കണ്ടു. സാരിത്തുമ്പുകൊണ്ടു കണ്ണീർ തുടച്ചു് ആ പിതാവി ൻെറ കാല്ക്കൽവിണു. അദ്ദേഹം ആ മകളുടെ നെറ കയിൽ കൈവെച്ചനുഗ്രഹിച്ചു.

അദ്ദേഹം പറഞ്ഞു:— "അന്തസ്സാരമില്ലാത്ത ബഹുജനങ്ങളുടെ വാക്കുകേട്ടു് ശ്രീരാമചന്ദ്രൻ നി ന്നെപ്പരിത്യജിച്ചു അതു ഞാൻ ദിവ്യദൃഷ്ടികൊണ്ടറിയുന്നു. നീ ഒട്ടും വിഷമിക്കേണ്ട. മററൊരച്ഛൻെറ ഗൃഹത്തിൽവന്നു താമസിക്കുന്നുവെന്നു കരുതിക്കൊ ണ്ടാൽ മതി.

"ശ്രീരാമൻ ചെയ്ത ഇപ്പണി കറെക്കടന്നുപോ യെന്നു പറയാതിരിക്കാൻ വയ്യ. എനിക്കദ്ദേഹത്തി

ൻെറ പേരിൽ അതികഠിനമായി അരിശംവരുന്നു ണ്ടു്. പല അസാധാരണകൃത്യങ്ങളുമദ്ദേഹം ചെയ്തി ട്ടുണ്ടു്. ദുഷ്ടന്മാരെയെല്ലാം ഉന്മൂലനാശം ചെയ്തു. സത്യസന്ധനാണദ്ദേഹം. സകല ഗുണങ്ങളുമുണ്ട ദ്ദേഹത്തിന്നു്. എങ്കിലും ഈ കണ്ണിൽച്ചോരയി ല്ലാത്ത കമ്മം എനിക്കു കണ്ടിരിക്കാനാവില്ലതന്നെ.

"അതെന്തെങ്കിലുമാവട്ടെ വന്നതു വന്നു. വരൂ; എൻെറ ആശ്രമത്തിലേക്കു്. ദശരഥൻ എൻെറ സു ഹൃത്താണു് ജനകൻ എൻെറ ശിഷ്യനമാണു്. എ ത്രയോ ഉയൎന്ന പദവിയിലിരുന്നതുളേണ്ട നീ ഈ നിലയിൽ വന്നുപെട്ടല്ലോ. എനിക്കലിവുതോന്നുന്നു. വരൂ; അവിടെ താപസികളുണ്ടു്. അവർ നിനക്ക വിടെ സകല സൌകൎയ്യങ്ങളും ചെയ്തുതരും. ഒട്ടും പ രിഭ്രമിക്കേണ്ട മകളേ, എന്നെ അച്ഛനായിക്കരുതി ക്കൊള്ളൂ."

മഹൎഷിനടന്നു. പിറകേ ജാനകിയും. സന്ധ്യ യായി അവർ ആശ്രമത്തിലെത്തി. ഗൎഭിണിയായ അവളെ വൃദ്ധതാപസികൾക്കേല്പിച്ചുകൊടുത്തു. അ വർ അവളെ അദ്ദേഹത്തിൻെറ കൈയിൽനിന്നു് പ്രസാദംപോലെ ഇരുകൈകളും നീട്ടിവാങ്ങി.

താപസികൾ ഒരു പൎണ്ണകുടി അവൾക്കൊഴി ച്ചുകൊടുത്തു. ഓടലെണ്ണവിളക്കു് കത്തിച്ചുവെച്ചു. മാന്തോൽവിരിച്ചു കിടക്കാനൊരുക്കി. അവൾ അ തിലിരുന്നു ഒന്നു നിശ്വസിച്ചു ആ മങ്ങിയവെളിച്ച ത്തിൽ.

## അദ്ധ്യായം 15.

ലക്ഷ്മണൻ മടങ്ങിയെത്തി ശ്രീരാമനോടു പരിത്യാഗവൃത്താന്തമെല്ലാം പറഞ്ഞു. അദ്ദേഹത്തിനു നന്നേ കുണ്ഠിതമുണ്ട് എന്തുചെയ്യാം പ്രജാക്ഷേമതൽപരനായ അദ്ദേഹം, തക്കസന്ദർഭം വരട്ടേ, ജീവിതംകൂടി വലിച്ചെറിയാൻ തയ്യാറാണ്.

കുറച്ചു മാസങ്ങൾ കഴിഞ്ഞു ഒരു ദിവസം മഹാരാജാവു് അരമനയിലിരുന്നരുളുകയാണ് യമുനാതീരവാസികളായ കുറെ മഹർഷികൾ അവിടെ വന്നെത്തി. ലവണാസുരൻെറ ഉപദ്രവം പൊറുക്കവയ്യാതെയാണവർ വരുന്നതു്.

അവർ വിവരമുണർത്തിച്ചു അദ്ദേഹം ശത്രുഘ്നനെ അവരുടെകൂടെ പറഞ്ഞയച്ചു ജ്യേഷ്ഠൻെറ അനുഗ്രഹവുമേററ് നിർഭീകനായ ആ യുവരാജാവ് അവരുമൊത്തു് യാത്രയായി വഴിക്ക് അവർ വാല്മീകിയുടെ ആശ്രമത്തിൽ ഒരു രാത്രി തങ്ങി। അതേ രാത്രിയാണ് സീത പ്രസവിച്ചതു്. രണ്ടു് ആൺകുട്ടികൾ! അദ്ദേഹം വിവരം മഹർഷിയോടു ചോദിച്ചറിഞ്ഞു. അതു സീതയാണത്രെ. ആ അനുജൻ എത്രമാത്രമാനന്ദിച്ചിരിക്കണം!

പുലർന്നു. അവർ പുറപ്പെട്ടു. യമുനാതീരത്തിലുള്ള മധുവനത്തിലെത്തി. ലവണൻ മനുഷ്യസാന്നിദ്ധ്യം മണത്തറിഞ്ഞു് അവരുടെ നേർക്കോടിയെത്തി അവൻ ആ കൊടുംകാട്ടിൽനിന്നു് വന്യമൃഗങ്ങളുടെ കപ്പം

പിരിച്ച് വരുകയാണ് പുകപിടിച്ച ദേഹം പന്നി ക്കൊഴുപ്പിൻെറ നാററം. തീജ്വാലപോലെ ചെമ്പിച്ച മുടി അങ്ങനെ ആ ഇറച്ചിക്കൊററൻ ചുടലത്തീപോലെ ആളിയെത്തി അവനലറി.

“ഹ ഹ ഹ ഹ! കിട്ടി! തരത്തിനുകിട്ടി! വളരെ നാളായി ഇറച്ചിയുള്ളൊരു മനുഷ്യനെ പൊളിച്ച്തിന്നിട്ട്. ഈ താടിക്കാരൻ തന്തപ്പടികളുടെ എല്ല് ചവച്ചുതുപ്പിത്തുപ്പിമടുത്തു. നില്ലെടാ അവിടെ!”

അവൻ ഒരുക്കൻ തടി മുത്തങ്ങപ്പുല്ലുപോലെ പറിച്ചെടുത്ത് ശത്രുഘ്നൻെറ നേർക്കോടിയെത്തി.

ശത്രുഘ്നൻ അമ്പുതൊടുത്തു. മരം ഇടക്കുവെച്ച തന്നെ മുറിഞ്ഞുവീണു. അവൻ ചിററി. പല്ലിറുമ്മി. നടുചതഞ്ഞ കരിമൂർഖനെപ്പോലെ പുരികം കിടന്നു പുളഞ്ഞു. അവൻ വിട്ടില്ല കുറെ കരിമ്പാറകൾ പെരുവിരൽകൊണ്ട് കുത്തിപ്പുഴക്കി. അവനതുകൊണ്ടേറുതുടങ്ങി കാട്ടാനകൾപോലെ ചിന്നംവിളിച്ചെത്തുന്ന അവയെ ശത്രുഘ്നൻ ഇന്ദ്രാസ്ത്രംകൊണ്ട് മണൽത്തരിയാക്കി.

അവസാനം കൈകൊണ്ടായി യുദ്ധം. അവൻ വലംകൈ പൊക്കി. ഒരു കരിമ്പനത്തടിപോലെ ആകാശത്തിലതു പടം വിടർത്തിനിന്നു. ശത്രുഘ്നൻ അതത്ര ശ്രദ്ധിച്ചില്ല. ഒരമ്പെടുത്തു തൊടുത്തു. അവൻെറ മാറ് പിളന്നു. ചെമ്മണ്ണ് കുത്തിക്കുതിന്ന കൊടുമുടിപോലെ ആ പെരുംഭൂതം മലന്നടിച്ച വീണു. ആവു! മഹർഷികളൊരു നെടുവീർപ്പിട്ടു.

യുവരാജാവിൻെറ ധീരകൃത്യത്തെ മഹർഷികളടക്കം എല്ലാവരും ശ്ലാഘിച്ചു. ആ കുലീനൻ കുനിഞ്ഞ തലയുമായി അതെല്ലാം കേട്ടു.

കാളിന്ദിയുടെ തീരത്തിൽ അദ്ദേഹം മനോഹരമായ മഥുരാനഗരി നിർമ്മിച്ചു. ആ പ്രതാപശീലൻ അവിടം വാണരുളി.

വാല്മീകിയുടെ ആശ്രമം അക്കാലത്തു് ഉല്ലാസസരസമായിരിക്കയാണു്. അതു് ആഹ്ലാദത്തിലാറാടുകയാണു്. ആ കുഞ്ഞുങ്ങൾക്കു് മഹർഷി കുശനെന്നും ലവനെന്നും പേരിട്ടു കുലോചിതമായ വിദ്യാഭ്യാസം ചെയ്യിച്ചതിനുശേഷം ആ ആദികവി സ്വകൃതിയായ രാമായണം മുഴുവനും അവരെ പാടിപ്പഠിപ്പിച്ചു.

ശത്രുഘ്നനു് സുബാഹുവെന്നും, ബഹുശ്രുതനെന്നും രണ്ടു് മക്കളാണുള്ളതു്. മധുരയും വിദിശയും അവർക്കിരുവർക്കുമേൽപ്പിച്ചുകൊടുത്തു് അദ്ദേഹം അയോദ്ധ്യയിലേക്കുതന്നെ മടങ്ങി. ജ്യേഷ്ഠൻ പുത്രരുണ്ടായ കഥ അദ്ദേഹം മിണ്ടിയില്ല. പറയരുതെന്നു് വാല്മീകി വിലക്കിയിട്ടുണ്ടു്; അന്നുതന്നെ

അങ്ങനെയിരിക്കെയാണു് ഒരു ബ്രാഹ്മണൻ അവിടെ വന്നതു്. മരിച്ചുകഴിഞ്ഞ മകനെ മടിയിൽനിന്നിറക്കി അദ്ദേഹം ഗോപുരദ്വാരത്തിൽ കിടന്നു മുറവിളി തുടങ്ങി.

ആ അകാലമൃത്യുവിനു കാരണമുണ്ടു്. അദ്ദേഹത്തിൻെറ പ്രജകൾ സ്വധർമ്മാനുഷ്ഠാനത്തിൽനിന്നല്പം വ്യതിചലിച്ചിരിക്കുന്നു. ബ്രാഹ്മണനനുഷ്ഠി

ക്കേണ്ടതാണ് തപസ്സ്. അതു ശംബൂകനെന്നൊരു ശൂദ്രനനുഷ്ഠിക്കാൻ തുടങ്ങിയിരിക്കുന്നു!

രഘുവീരന് ലജ്ജതോന്നി ധർമ്മം പുലരുന്ന തന്റെ നാട്ടിൽ ആ ധർമ്മതൽപ്പരൻ ആയുധവുമേന്തിപ്പുറപ്പെട്ടു. പല സ്ഥലങ്ങളിലും അദ്ദേഹം തിരഞ്ഞുനടന്നു. ഒരിടത്തും അധർമ്മത്തിന്റെ കണികപോലും കാണാൻ കഴിഞ്ഞില്ല

അവസാനം ഒരു കാട്ടിലെത്തി മാനം മുട്ടിനില്ക്കുന്നൊരുമരം. അതിന്റെ കൊമ്പിന്മേൽ പെരുവിരൽ കൊണ്ടിറുക്കിപ്പിടിച്ച് തലകീഴായി ഒരാൾ തപസ്സുചെയ്യുന്നു. താഴെ തീ കത്തിയാളുന്നുണ്ട്. അതിന്റെ ചൂടേററ് ഉടൽ കരിവളിച്ചിരിക്കുന്നു. പുകയേററ് കണ്ണുകൾ ചോരച്ചിട്ടുണ്ട്. ചെമ്പിച്ച ജട! ആ ധർമ്മരാജാവ് അടുത്തെത്തിച്ചോദിച്ചു:—

'അങ്ങാര്?

'ഞാൻ ശംബൂകനെന്നൊരു ശൂദ്രനാണ്'

താപസനുത്തരം നല്കി.

'ശൂദ്രന് തപസ്സിന്നധികാരമില്ല. നീ വദ്ധ്യനാണ്.'

ശ്രീരാമൻ വാളിന്റെ വായ്ത്തലപോലെ മൂർച്ചയുള്ള ഒരു വിധി വിധിച്ചു.

അദ്ദേഹം വാളൂരി ആ പ്രകാശംചിതറുന്ന മുഖം ഉടലിൽനിന്നു അറുത്തുമാററി. അങ്ങനെ ആ താപസൻ സ്വർല്ലോകം പൂകി.

ശ്രീരാമൻ മടങ്ങി. വഴിക്കഗസ്ത്യനെക്കണ്ടുമുട്ടി. മഹർഷി ഒരു വള സമ്മാനിച്ചു. അതുമണിഞ്ഞു ആ

കൃതകൃത്യൻ അയോദ്ധ്യയിലെത്തി. അത്ഭുതം തന്നെ! മരിച്ച കുട്ടി കൺമിഴിച്ചു. ഉറക്കത്തിൽനിന്നെന്ന പോലെ എഴുന്നേററിരുന്നു. ബ്രാഹ്മണൻ സംതൃപ്തനായി ഇല്ലത്തേക്കുമടങ്ങി.

സാമ്രാജ്യം പ്രശാന്തമായി. ആടലുമല്ലലുമഴിമതിയുമില്ലാതെ ആ ധാർമ്മികൻെറ തണലിൽ നാടു മുഴുവനും സുഭിക്ഷത്തിലാറാടി. അദ്ദേഹം അശ്വമേധത്തിന്നൊരുക്കംകൂട്ടി. കുതിരയെ വിട്ടു രാക്ഷസന്മാരും വാനരന്മാരും മാനുഷന്മാരും അയോദ്ധ്യയിലേക്കു പലപല ഉപഹാരങ്ങളുമായി വന്നുചേർന്നു. നിമന്ത്രണം ലഭിച്ച മഹർഷിമാർ രാജകീയസൽക്കാരമേററു സംതൃപ്തരായി അയോദ്ധ്യയിലെ തിക്കിനും തിരക്കിനും ഒരു കയ്യും കണക്കുമില്ല.

യാഗം വിചാരിച്ചതിലധികം ഭംഗിയായിക്കഴിഞ്ഞു. കുറച്ചുകാലം മുമ്പുവരെ യാഗം മുടക്കുകയായിരുന്നു രാക്ഷസരുടെ പതിവു്. അവരാണിപ്പോൾ അതിൻെറ ആദ്യവസാനക്കാർ. യാഗത്തിൻെറ ചടങ്ങെല്ലാം കഴിഞ്ഞു. അവസാനമായി ഒരു കലാപരിപാടിയുണ്ടായിരുന്നു. അതിൽ കുശലവന്മാരുടെ ഗാനമുൾക്കൊള്ളിച്ചിട്ടുണ്ടു്. അവർ രാമായണം പാടാൻ തുടങ്ങി. മഹർഷി ആ കുമാരന്മാരെ മുമ്പുതന്നെ നന്നായി പഠിപ്പിച്ചിട്ടുണ്ടു്. അവർ പാടിത്തുടങ്ങി. ശ്രീരാമൻെറ കഥ! വാത്മീകിയുടെ കൃതി! കരടില്ലാത്തകണ്ഠം. സദസ്യർ ആകമാനം ആശ്ചര്യവും ആകർഷണീയതയുംകൊണ്ടു് നിശ്ചലരായിനി

നുപോയി. മാത്രമല്ല, മഹാരാജാവിന്നും ആ ബാല ഗായകക്കും ആകൃതിയിലെന്നല്ല പലതിലും സാദൃശ്യവുമുണ്ട് എന്തോ! ആക്കറിയാം? അവക്കൊരെത്തും പിടിയും കിട്ടിയില്ല. അതിലേറെ ആശ്ചര്യം അവക്ക് മറെറാന്നിലാണുണ്ടായത്. മഹാരാജാവവക്ക് പാരിതോഷികമായിപട്ടും വളയും സമ്മാനിച്ചു. അവരതു സ്വീകരിച്ചില്ലപോലു!

ശ്രീരാമൻ സാശ്ചര്യം ചോദിച്ചു:

'ആരാണ് നിങ്ങാ? ആരാണ് നിങ്ങളെ പഠിപ്പിച്ചത്? ആരുടെ കൃതിയാണിതു?'

അച്ഛൻ മക്കളോടാണ് ചോദിക്കുന്നത്. ആ രഹസ്യം ശത്രുഘ്നനേ അറിയൂ. കുതിച്ചുചാടുന്ന ഹൃദയത്തെ അദ്ദേഹം പിടിച്ചുനിർത്തി

ഗായകർ മറുപടിപറഞ്ഞു:—'ഞങ്ങാ മുനികുമാരന്മാരാണ്. വാത്മീകിമഹർഷിയാണ് ഞങ്ങളെ ഇത്രത്തോളമാക്കിയത് കൃതിയുടെ കവിയും അവിടന്നാണ്'

ശ്രീരാമൻെറ ആശ്ചര്യമിരട്ടിച്ചു. അദ്ദേഹം ലക്ഷ്മണനൊരുമിച്ച് വാത്മീകിയെ സമീപിച്ചു. ആ ഗാനത്തിന്ന് പ്രതിഫലമായി അദ്ദേഹം തൻെറ രാജ്യം മുഴുവനും പ്രദാനംചെയ്തു.

മഹർഷിക്കെന്തിനാണ് രാജ്യം? അദ്ദേഹത്തിനു ഒരാഗ്രഹമേ ഉള്ളു. ആ ദാമ്പത്യം വീണ്ടും സുമംഗലമാക്കണം. മരവുരിയുടുത്ത മകളെ വീണ്ടും മംഗള

ഭൂഷയണിഞ്ഞ മഹാറാണിയാകണം. ആ കുമാരന്മാരുടെ ചമത മുറിച്ച് തഴകിയ കയ്യിൽ ചെങ്കോലും, ജടപിടിച്ച തലയിൽ കിരീടവും അണിഞ്ഞു കാണണം. ആ ത്യാഗിയുടെ ജീവിതസാധനകളെല്ലാം അതിനെ ലക്ഷ്യമാക്കിയാണ്. അദ്ദേഹം അത് സ്വീകരിച്ചില്ല. ഇതുമാത്രം വെളിവാക്കി.

'മഹാരാജാവേ, ആ കുമാരന്മാർ അങ്ങയുടെ സന്തതികളാണ്. അവരുടെ അമ്മ ഇന്നു ജീവിച്ചിരിപ്പുണ്ട്. ഗംഗാതീരത്തിൽ അടിക്കാടുപോലെ അങ്ങു് വലിച്ചെറിഞ്ഞ ആ രത്നഗർഭയെ ഞാനാണെടുത്തു വളർത്തിയതു്. അങ്ങക്കറിയില്ല, ഒരു പതിവ്രതയുടെ ഹൃദയയാതനകൾ! തലോടിയ കൈകൊണ്ടു് തല്ലിപ്പുറത്താക്കുക, പുഞ്ചിരി തൂകിയ ചുണ്ടുകൊണ്ടു് 'ഛീ' എന്നാട്ടുക, മഴവില്ലു വിടുർത്തിക്കാട്ടിയ മഴമുകിൽ ഇടിത്തീവർഷിക്കുക, എന്തൊരു വൈപരീത്യമാണതു്. എല്ലാം മറന്നു് അങ്ങ് ആ ലോകപാവനിയെ കൈക്കൊള്ളണം. അതേ എനിക്കാഗ്രഹമുള്ളൂ. മഹാരാജാവേ, അങ്ങെൻെറ ആഗ്രഹം നിറവേററില്ലേ?' ആ വൃദ്ധൻെറ തൊണ്ടയിടറി.

ശ്രീരാമൻെറ കണ്ണുകൾ നിറഞ്ഞു. എങ്കിലും അദ്ദേഹം ധീരസ്വരത്തിൽ പറഞ്ഞു:

പിതാവേ, അവിടത്തെ മകൾ വിശുദ്ധയാണെന്നെനിക്കറിയാം. പക്ഷേ രാക്ഷസഗൃഹത്തിലല്ലേ വാണിരുന്നതു്. പ്രജകളവളെ തെററിദ്ധരിച്ചു കഴിഞ്ഞു. അവർ ഇനി അവരെ വിശ്വസിപ്പി

ക്കട്ടെ ഞാനവളെ സ്വീകരിച്ചുകൊള്ളാം. കുട്ടികളോടുകൂടി'

ശരി. വാല്മീകി സമ്മതിച്ചു. അദ്ദേഹം സീതയെ അയോദ്ധ്യയിലേക്കു കൊണ്ടുവരുവാൻ ശിഷ്യരെ പറഞ്ഞേല്പിച്ച് അവരുമൊത്ത് അവിടംവിട്ടു.

അടുത്ത ദിവസം പുലന്നു. ശ്രീരാമൻ പൌരജനങ്ങളെ വിളിച്ചുകൂട്ടി വിവരം പറഞ്ഞു. അദ്ദേഹം വസിഷ്ഠനോട് അഭിപ്രായമാരാഞ്ഞു

ആ സുചരിത വന്നെത്തി. ലവകുശന്മാരുമുണ്ട് കൂടെ. കാഷായവസ്ത്രം, പ്രശാന്തവും ധീരവുമായ മുഖഭാവം. പക്ഷേ ദൃഷ്ടി കുലീനതകൊണ്ടൊന്നു കുനിഞ്ഞിട്ടുണ്ട്. അവഠം ഭത്താവിൻെറ ദൃഷ്ടിപഥത്തിൽവന്നു കൈകൂപ്പി. പൌരരൊട്ടാകെ തലകുനിച്ചു; വിളഞ്ഞ നെൽക്കതിരുകഠംപോലെ.

വാല്മീകി ആ സഭാമണ്ഡലത്തിൽ ഇരിക്കുന്നുണ്ട്. അദ്ദേഹം അവളെക്കണ്ടു ആ പിതാവ് സ്നേഹസ്വരത്തിൽ കല്പിച്ചു.

'മകളേ! ഇങ്ങടുത്തുവരൂ ഇവരുടെ സംശയം തീർക്കൂ'

ആ പതിവ്രതക്ക് ഇതിൽപ്പരമവമാനമെന്ത്? തന്നെ വ്യഭിചാരിണിയെന്നു വിധിച്ച പൌരരുടെ മുമ്പിൽനിന്ന് അല്ലെന്നു പറയണംപോലും. ആയിരമായിരംനാക്കുകളടക്കാൻ ഈയൊരു നാക്കിനു സാദ്ധ്യമാണോ? അവഠം ആവേശംകൊണ്ടു പറഞ്ഞു:—

"വാക്കുകൊണ്ടോ മനസ്സുകൊണ്ടോ പ്രവൃത്തികൊണ്ടോ ഞാനെന്റെ ഭർത്താവിനെയല്ലാതെ മറെറാരാളെയും സ്പർശിച്ചിട്ടില്ല. വിശപസാക്ഷികൾക്കറിയാവുന്ന ഈ പരമാത്ഥം പറയിക്കാൻ എന്നെ ഇങ്ങോട്ട് വലിച്ചിഴച്ചു വരുത്തിയല്ലോ. അതിനിടവരുത്തിയ പൌരജനങ്ങൾക്കിടയിൽ ഇനി ഞാൻ ജീവിക്കാനിഷ്ടപ്പെടുന്നില്ലതന്നെ. സർവ്വംസഹയായ മാതാവേ, എന്നെ ആ ജഠരത്തിൽത്തന്നെ മറയ്ക്കണമേ."

ഉടനെ ഭൂമി പിളന്നു. ആ പിളപ്പിൽനിന്ന് ഒരു ജ്യോതിസ്സ് ഉദിച്ചുപൊങ്ങി. അതിന്റെ മദ്ധ്യത്തിൽ വസുന്ധരാദേവി പ്രത്യക്ഷപ്പെട്ടു ഒരു വലിയ പാമ്പിന്റെ പത്തികൾക്കുമേലെ കണ്ണുനീർ വാത്ത് സമുദ്രത്തിന്റെ ഈറൻതുണിയുമുടുത്ത് നിലകൊള്ളുന്ന ആ ദേവിയെക്കണ്ടതോടെ പൌരജനങ്ങൾക്കെല്ലാം ഭക്തിയുമത്ഭുതവും ഒപ്പം ഉദയംകൊണ്ടു. ആ മാതാവ് പൊട്ടാറായ അഗ്നിപർവ്വതംപോലെ നിലകൊള്ളുന്ന തന്റെ മകളെ വാരിയെടുത്തു മാറോടണച്ചു.

ആ തേജസ്സതാ അണഞ്ഞുപോകുന്നു. അമ്മയുടെ മാറത്ത് കിടന്ന് ആ കലങ്ങിയ കണ്ണുകൾകൊണ്ട് ഭർത്താവിനോടവൾ വിടചോദിച്ചു. അദ്ദേഹം വിലക്കി പക്ഷേ എല്ലാം ഒപ്പംകഴിഞ്ഞു. അമ്മയും മകളും മണ്ണിലേക്കു മറഞ്ഞുപോയി. അച്ഛനും മക്കളും മാത്രം മണ്ണിനുമേലെ അവശേഷിച്ചു.

ഭരതൻ ഗന്ധർവ്വരാജാവിനെ വിജയിച്ച് ഗാന്ധാരദേശം കീഴടക്കി. തക്ഷശിലയെന്നും പുഷ്ക്കരാവതിയെന്നും രണ്ടു് നഗരങ്ങളദ്ദേഹം അവിടെ നിർമ്മിച്ചു. തക്ഷനും പുഷ്ക്കരനും അദ്ദേഹത്തിൻെറ മക്കളാണു്. അവരുടെ പേരിൽ നിർമ്മിച്ച ആ രണ്ടു് നഗരവും അവക്കുതന്നെ ഏല്പിച്ച് അദ്ദേഹം അയോദ്ധ്യയിലേക്കുതന്നെ മടങ്ങി.

ലക്ഷ്മണൻെറ മക്കൾ അംഗദനും ചന്ദ്രകേതുവുമാണു്. ശ്രീരാമൻെറ കല്പനപ്രകാരം ലക്ഷ്മണൻ അവരെ കാരാപഥരാജ്യത്തിൽ വാഴിച്ചു.

ഇനി ശ്രീരാമൻെറ പുത്രന്മാരാണുള്ളതു്. അവരിൽ കുശനെ കുശാവതിയിലും ലവനെ ശരാവതിയിലും വാഴിച്ചു. വാർദ്ധക്യമടുത്തപ്പോൾ അനുജന്മാരുമൊത്ത് അദ്ദേഹം വാനപ്രസ്ഥത്തിന്നു വടക്കോട്ടുപോയി.

## അദ്ധ്യായം 16.

പ്രതാപികളായ പുതിയ രാജാക്കന്മാർ അവരവരുടെ രാജ്യങ്ങൾ വാണു. സുഖവും സുഭിക്ഷവും നാട്ടിലങ്ങോളമിങ്ങോളമലതല്ലി. അവരിലേഴപേരുംകൂടി കുശനെ ചക്രവത്തിയായംഗീകരിച്ചു. ഒരെതിർപ്പും കുഴപ്പവുമുണ്ടായില്ല.

ആ വംശം അങ്ങനെ എട്ടായിപ്പെരുകി. അവ വീണ്ടും പെരുകി. വദാന്യരും കുലീനരുമായ അത്തരം രാജാക്കന്മാർ എത്ര ഉണ്ടായാലും ലോകത്തിനു മതിയാവില്ലതന്നെ.

ഒരു ദിവസം പാതിരയായിക്കാണും; കുശൻെറ ശയനമുറിയിൽ ഒരു സ്ത്രീ കാണപ്പെട്ടു. ഒരു വിരഹിണിയുടെ വേഷമാണവൾക്ക്. കുശനറിഞ്ഞിട്ടില്ല. അദ്ദേഹം ഒന്നുനോക്കി. അവൾ കൈകൂപ്പി.

അടച്ചുഭദ്രമായ ഈ മുറിക്കുള്ളിൽ ഇവളെങ്ങനെ ചാടിവീണു? അദ്ദേഹമത്ഭുതപ്പെട്ട് ചോദിച്ചു:–

"നിങ്ങളാരാണ്? ഈ അസമയത്ത് കതകടച്ച മുറിയിൽ എങ്ങനെ കടന്നുവന്നു? ഈ വേഷത്തിൽ എന്താണ് നിങ്ങൾക്കുവേണ്ടത്? പരസ്ത്രീകളെപ്പരാമർശിക്കപോലും ചെയ്യാത്തവരാണ് രഘുവംശരാജാക്കളെന്നു നിങ്ങൾക്കറിയില്ലേ?"

ആ സ്ത്രീ അയോദ്ധ്യാനഗരിയുടെ അധിദേവതയാണ് അവളിന്നു അനാഥയായിരിക്കുന്നു. ശ്രീരാമാദികൾക്കു പിറകേ അവിടത്തെ പൌരപ്രമുഖരും പോയിക്കഴിഞ്ഞു. അവരുള്ളപ്പോൾ എത്ര സുഭിക്ഷമായാണ് ആ നഗരം വിളങ്ങിയിരുന്നത്! ഇന്നോ, അതു മുച്ചൂടും മുടിഞ്ഞുമരുവനമായിരിക്കുന്നു; അവരുടെ അനന്തരാവകാശികളിരിക്കേ. അവൾ കുശനോടു വിവരമെല്ലാം ഉണർത്തിച്ചു

കോട്ടമതിലുകൾ തകർന്നിരിക്കുന്നു വെണ്മാടങ്ങൾ ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്നു രാജവീഥികളിൽ നട്ടുച്ചക്കുപോലും കുറുക്കന്മാർ ഓരിയിടുന്നു. നഗരനാരികൾ നീന്തിത്തുടിച്ചിരുന്ന ക്രീഡാതടാകങ്ങളിൽ കാട്ടുപോത്തുകൾകൊമ്പിട്ടടിക്കുന്നു. കോണിപ്പടവുകളിൽ ഇന്നു, മഹിളമാർ നടന്ന മൈ

ലാഞ്ചിപ്പാടുകളല്ല; മാനിനെക്കൊന്ന പുള്ളിപ്പുലികളുടെ ചെന്നിണപ്പാടുകളാണു് കാണുന്നതു്. തൂണുകളിൽ വരച്ചിരുന്ന പെൺപ്രതിമകളുടെ നിറം മങ്ങി ആകെ വിളറിയിരിക്കുന്നു അവയുടെ മുലക്കച്ചകൾ പാമ്പുകളുടെ വളുകളായി മാറീയിരിക്കയാണു് വെള്ളതേച്ച് തെളിഞ്ഞുനിന്നിരുന്ന മാളികകൾ മുമ്പു വെണ്ണിലാവിനു് വെണ്മകൂട്ടിയിരുന്നു. ഇന്നോ, പുല്ലും പായലുംപൊന്തി ഇരുളടഞ്ഞുകിടക്കുന്ന അവ അന്ധകാരത്തിന്നു് മാററുകൂട്ടുകയാണു്."

കുശൻ ആ ദയനീയസ്ഥിതിയെല്ലാം വിസ്തരിച്ചുകേട്ടു. അവൾ ഒരഭ്യർത്ഥനയോടുകൂടി അതവസാനിപ്പിച്ചു.

"അങ്ങയുടെ പൂർവ്വികന്മാർ പരിലസിച്ചിരുന്ന രാജധാനിയാണതു്. അങ്ങു് ദയവായി ഇവിടം വിട്ടു് ആ പുരാണനഗരിയെ ജീർണ്ണോദ്ധാരണം ചെയ്തു് അവിടെ വാണരുളണം"

ആ അധിദേവത അന്തർദ്ധാനംചെയ്തു.

പുലന്നു രാത്രിയിലെ സംഭവം അദ്ദേഹം മന്ത്രിമാരുടെ ഒരു സഭയിൽവെച്ചു് വെളിപ്പെടുത്തി. എല്ലാവരും സന്തോഷിച്ചു. അദ്ദേഹം കുശാവതിയെ ശ്രോത്രിയന്മാക്കു് കൊടുത്തു് അയോദ്ധ്യയിലേക്കു പുറപ്പെട്ടു. സകലസൈന്യപരിവാരങ്ങളോടുംകൂടി.

ആ പരിച്ഛദം, സഞ്ചരിക്കുന്ന രാജധാനിതന്നെയെന്നു തോന്നി. തളിരിട്ട ഉദ്യാനവൃക്ഷങ്ങൾക്കുപകരം കൂറകൾ പാറുന്ന കൊടിമരങ്ങളുണ്ടു്. ക്രീഡാപ

വൃതങ്ങളുടെ സ്ഥാനത്തു് കൊമ്പനാനകളുണ്ടു്. മണിമാളികകഠം ഇവിടെ തേരുകളാണു്. ഇടിഞ്ഞുപൊളിഞ്ഞ അയോദ്ധ്യയിലേക്കു് ഒരു പുതിയ രാജധാനിനടന്നുചെല്ലുകയാണു്.

അയോദ്ധ്യയിലെത്തി ആശ്വാസത്തിൻറനെടുവീർപ്പുപോലെ സരയൂനദിയിലെ കുളിർകാററുവീശുന്നു വരണ്ടനിലത്തു പുതുമഴവീണപോലെ പ്രദേശട്ടാകെ ഒന്നു പച്ചപിടിച്ചു അല്പം ദിവസങ്ങഠക്കമൊള്ളിൽ ആ നഗരത്തിന്നു പൌരാണികമായ പ്രൌഢിയും അന്തസ്സും വീണ്ടുകിട്ടി.

ഒരു വേനൽക്കാലമാണു്. നീണ്ട പകലുകഠം. വലിഞ്ഞുചുരുങ്ങിയ രാവുകഠം പിണങ്ങിപ്പിരിഞ്ഞ ദമ്പതികളെന്നോണം അവ രണ്ടും ചുട്ടുനീറിത്തുടങ്ങി. കുളങ്ങളിലെ വെള്ളം പടവുപടവുകളായിറങ്ങി. തരുണികളുടെ അരമറയ്ക്കാൻപോലുമില്ലാതായി. പൂക്കാലം പെൺമണികളുടെ പൂഞ്ചായലുകളിൽ അഭയംതേടി.

സൂര്യൻ സിന്ദൂരം ചിതറുന്ന ഒരു സായാഹ്നം. കുശൻ കുറെ തരുണിമാരുമൊത്തു് ജലക്രീഡക്കൊരുങ്ങി. സരയൂനദിയിൽ; അരയ്ക്കുവെള്ളത്തിൽ; അവർ കടവിലൂടെ തിക്കിത്തിരക്കിയിറങ്ങി. തോഠംവളകഠം തട്ടിയുരുമ്മി. ചിലങ്കകഠം ചിലച്ചു പുഴയിലെ അരയന്നങ്ങളൊന്നു പകച്ചുപോയി.

ഒരുവഠം വെള്ളമൂത്തു. മററവഠം അതടിച്ചു. മുത്തുമണികഠംപോലെ അതു് ഊത്തവളുടെ മുഖത്തു

തന്നെ തിരിഞ്ഞുതറച്ചു. കണ്ണുകഠം കലങ്ങി. തലമുടി അഴിഞ്ഞുലഞ്ഞു. പത്തിക്കീററുകഠം കുതിന്നലിഞ്ഞു. ആഭരണങ്ങഠം അലങ്കോലപ്പെട്ടു. അങ്ങനെ വിനോദമാരംഭിച്ച യുവതികളുടെ ഇടയിലേക്കു രാജാവും പള്ളിത്തോണിവിട്ടിറങ്ങി. സിന്ദൂരം കലക്കിയ വെള്ളക്കുഴൽകൊണ്ടു അവരദ്ദേഹത്തെ ചാമ്പിയെതിരേററു. ആ യുവരസികൻ അവരുമൊത്തു് ഇഷ്ടംപോലെ ആ നദിയിൽ ചാടിമദിച്ചു.

കുളികഴിഞ്ഞു. കരക്കുകയറി. കൈയിന്മേൽ നോക്കിയപ്പോഠം വള കാണാനില്ല. അതു് അച്ഛനണിയിച്ചതാണു്. അതുള്ളിടത്തോളം വിജയവുമൈശ്വര്യവും അദ്ദേഹത്തെ വിട്ടുപിരിയില്ല. അദ്ദേഹം കല്പനകൊടുത്തു. പലരും മുങ്ങിത്തപ്പി. നിരാശരായി അവർ തമ്പുരാനെ വിവരമറിയിച്ചു.

“അടിയങ്ങഠം വളരെപ്പണിപ്പെട്ടു; ഫലിച്ചില്ല. പക്ഷേ അടിയങ്ങഠംക്കു് ബലമായൊരു സംശയമുണ്ടു്. നദിയുടെ കയത്തിൽ കുമുദൻ എന്നൊരു നാഗത്താൻ ഉണ്ടു്. അവൻ അതപഹരിച്ചുകാണും.”

കുശൻെറ കണ്ണുകഠം ചുവന്നു. താമസമുണ്ടായില്ല. അദ്ദേഹം ഗാരുഡാസ്ത്രം തൊടുത്തു. തൊടുത്തതേഉള്ളു; ആ കയമാകെയൊന്നു ക്ഷോഭിച്ചു. ഓളങ്ങഠം മുഴുത്തുപൊന്തി. വെള്ളം അങ്ങോട്ടുമിങ്ങോട്ടും തേങ്ങി. മഥിച്ച പാലാഴിയിൽനിന്നു കല്പവൃക്ഷം പൊങ്ങിവരുംപോലെ കുമുദൻ പടങ്ങളുമുയർത്തി ആ കയത്തിൽനിന്നു പൊങ്ങിവന്നു: ഒരു കന്യകയുമു

ണ്ടു് കയ്യിൽ. വണങ്ങിവരുന്ന കുമുദനെക്കണ്ടതോടെ രാജാവു് ഗാരുഡാശാസ്ത്രം പിൻവലിച്ചു സപ്പരാജൻ അടുത്തുവന്നു ഉയൎന്ന പടങ്ങൾ കുനിച്ചു പറഞ്ഞു.

'മഹാവിഷ്ണുവിൻെറ അംശഭൂതനായ അവിടത്തെ അടിയനു നല്ലപോലെ അറിയാം. അങ്ങനെയിരിക്കെ അവിടേക്കഹിതമായി അടിയൻ വല്ലതും ചെയ്യാനൊരുങ്ങുമോ? അടിയനിതിൽ നിരപരാധിയാണു്! ഇതാ ഇവളടിയൻെറ കൊച്ചുപെങ്ങളാണു്. ഇവൾ കയത്തിൻെറ അടിത്തട്ടിൽനിന്നു പന്തുകൊട്ടുകയായിരുന്നു. പന്തിനോടൊപ്പം കണ്ണുകളും പൊന്തി. മേലോട്ടുനോക്കിയപ്പോഴാണു് നക്ഷത്രം പൊട്ടിവീഴുംപോലെ മോതിരം വീഴുന്നതുകണ്ടതു്. അവളതെടുത്തു് വിരലിലണിഞ്ഞു. അതറിയാതെചെയ്തൊരപരാധമാണു്. അതിന്നു പ്രതിവിധിയായി അടിയനിതൊന്നുചിതമായിത്തോന്നുന്നു. അവിടത്തെ ശുശ്രൂഷക്കായി ഇവളെയും സന്നിധിയിലേല്പിക്കുന്നു. സ്വീകരിക്കാൻ തിരുവുള്ളമുണ്ടാകണം.''

ആ സപ്പരാജൻ മോതിരത്തോടൊപ്പം കുമുദ്വതിയേക്കൂടി അദ്ദേഹത്തെ ഏല്പിച്ചു. പട്ടമഹഷിയായി തനിക്കാരുമില്ലല്ലോ തക്ഷകകുലജാതയായ ആ തരുണിയെ ആ കുലീനൻ സന്തോഷപൂർവ്വം സ്വീകരിച്ചു. വിധിപൂർവ്വകം അവളെ വിവാഹം കഴിച്ചു.

# അദ്ധ്യായം 17.

കുശന് കുമുദ്വതിയിൽ അതിഥിയെന്നൊരു പുത്രനുണ്ടായി. ആ കുമാരൻ വളൎന്ന് യുവരാജാവായി. വിനയം, വിദ്യ, ശൌൎയ്യം, ക്ഷാത്രതേജസ്സ് മുതലായ ഉൽകൃഷ്ട ഗുണങ്ങൾകൊണ്ട് അദ്ദേഹം അച്ഛന്റേയും അമ്മയുടേയും വംശം ഭാസുരവും ഭാവുകപരിപാവനവുമാക്കി; സൂൎയ്യൻ ദക്ഷിണായനത്തേയും ഉത്തരായനത്തേയുംപോലെ.

കുശൻ കുലാചാരമൎയ്യാദമനുസരിച്ച് ഒരു തവണ ദേവേന്ദ്രനെ സഹായിക്കാൻപോയി. ദുൎജ്ജയനെന്ന അസുരനെ അദ്ദേഹം യുദ്ധത്തിൽ കൊന്നു. ദുൎഭാഗ്യമെന്നുതന്നെ പറയട്ടേ; അദ്ദേഹവും അവിടെവെച്ചു തന്നെ മരണപ്പെട്ടു.

അതിഥി മഹാരാജാവായി. വിദൂരത്തുനിന്നു കൊണ്ടുവന്ന തീൎത്ഥജലങ്ങൾകൊണ്ട് അദ്ദേഹത്തെ പുരോഹിതന്മാരഭിഷേകംചെയ്തു. ദക്ഷിണയേക്കാൾ കനത്ത അനുഗ്രഹം അവരദ്ദേഹത്തിന്നു നല്കി. ആ ശുഭാവസരത്തിൽ അദ്ദേഹം പല സൽക്കൎമ്മങ്ങളും ചെയ്തു. ജയിൽപ്പുള്ളികൾക്കു മാപ്പുകൊടുത്തുവിട്ടു. വധശിക്ഷയ്ക്കു വിധിച്ചവരെ മാനസാന്തരം വരുത്തി സന്തോഷിപ്പിച്ചു. ഒട്ടകങ്ങളുടെ പുറത്തുനിന്നു ഭാരമിറക്കി. പശുക്കളെ കറക്കാതെവിട്ടു. കൂട്ടിലിട്ട കിളികളെ തുറന്നുവിട്ടു.

അഭിഷേകാനന്തരം അണിയറയിൽ ചെന്നലംകൃതനായ അദ്ദേഹം വിവാഹത്തിന്നൊരുങ്ങി

നില്ക്കുന്ന രാജ്യലക്ഷ്മിയുടെ വരനായിത്തന്നെ ശോഭിച്ചു. ആ അഭിഷേകജലം നിലത്ത് വറ്റുന്നതിനുമുമ്പുതന്നെ അദ്ദേഹത്തിൻെറ പ്രതാപം പാരിടമാകെപ്പരന്നു. കുലഗുരു വസിഷ്ഠൻെറ മന്ത്രശക്തിയും ആ ലോകൈകധനുർദ്ധരൻെറ അസ്ത്രസാധനയും കൂടിയിണങ്ങിയപ്പോഠം ലോകത്തിലൊന്നുംതന്നെ അസാദ്ധ്യമായിക്കണ്ടില്ല. അച്ഛൻ അഭിവൃദ്ധിപ്പെടുത്തിയ ആ സാമ്രാജ്യം കർക്കിടകത്തിലെ മഴപോലെ അദ്ദേഹം കൂടുതൽ സമൃദ്ധവും അഭിവൃദ്ധവുമാക്കി. ആ സത്യസന്ധൻ പറഞ്ഞതൊന്നുംനിരർത്ഥകമായിരുന്നില്ല. കൊടുത്തത് തിരിയേ വാങ്ങിയില്ല. ശത്രുക്കളെ ഒന്നിളക്കി പ്രതിഷ്ഠിച്ചു. പറിച്ചുനട്ട ഞാറുപോലെ അവർ കൂടുതൽ പൊട്ടിത്തഴച്ചു.

നല്ല ചെറുപ്പം, തികഞ്ഞ സൌന്ദര്യം, നിറഞ്ഞ ഐശ്വര്യം. ഇതിലൊന്നുമതി മനുഷ്യനെ അധഃപതിപ്പിക്കാൻ. അദ്ദേഹത്തിനു ഇവ മൂന്നും ഉണ്ടായിരുന്നു. എന്നിട്ടും നിലവിട്ട് ഒന്നും ചിന്തിച്ചില്ല. പറഞ്ഞില്ല. പ്രവർത്തിച്ചില്ല. പ്രജകളുടെ ഹൃദയങ്ങളിൽ അദ്ദേഹം വേരൂന്നിക്കഴിഞ്ഞു. ഇനിയത് പുഴക്കിമാററാനാവില്ലതന്നെ. ഐശ്വര്യദേവതയായ ലക്ഷ്മി മിന്നൽക്കൊടിപോലെ ചപലയാണത്രെ. പക്ഷേ ഈ രാജപുംഗവനിൽ അവഠം ചാണക്കല്ലിലുരച്ച പൊന്നിൻവരപോലെ നിശ്ചലയായി നിലകൊണ്ടു. അത്ഭുതംതന്നെ!

അദ്ദേഹം രാജ്യമാസകലം ചാരന്മാരെ അഴിച്ചുവിട്ടിരുന്നു, സൂര്യൻ കിരണങ്ങളെയെന്നപോലെ. വിദൂരദേശങ്ങളിൽപ്പോലും അതുകൊണ്ടു് അദ്ദേഹത്തിനദൃശ്യമായൊന്നുമുണ്ടായിരുന്നില്ല ആ രാജാധിരാജൻെറ എല്ലാ പ്രവൃത്തികളും നിഗൂഢങ്ങളായിരുന്നു അവ കമ്പക്കലയിലെ മണികൾപോലെ ആരും കാണാതെത്തന്നെ പാകംവന്നു ഫലിച്ചു. അരാതികൾ അദ്ദേഹത്തിൻെറ പേരുകേട്ടാൽപോലും വിറച്ചിരുന്നു. എന്നിട്ടും ശത്രുക്കൾക്കു് ദുർഗ്ഗമമായ കോട്ടകളദ്ദേഹം പണിതു. സിംഹം ഗുഹകളിൽ പാക്കാറുണ്ടു്. അതു കാട്ടാനകളെപ്പേടിച്ചിട്ടൊന്നുമല്ലല്ലോ. കഴിവദ്ദേഹത്തിന്നു ധാരാളമുണ്ടു് എങ്കിലും കൊള്ളാവുന്നവരോടെ അദ്ദേഹമെതിരിട്ടുള്ളൂ. കാററു മറക്കണ്ടു്; എന്നുവെച്ചു് കാട്ടുതീ പച്ചവെള്ളത്തിൽ ചെന്നു പിടിക്കാറില്ല

കൊള്ളയും കൊലയുമൊന്നും ആ രാജ്യത്തിലുണ്ടായിരുന്നതേ ഇല്ല. കച്ചവടക്കാർക്കു് വലിയ പുഴകൾ കളിപ്പൊയ്കകളായിത്തോന്നി. കാടുകൾ പൂങ്കാവുകളായി. വലിയ വലിയ മലകൾ സ്വന്തം മാളികകളായും.

ഭൂമിയെ അദ്ദേഹം സ്നേഹപൂർവ്വം സംരക്ഷിച്ചു. അതിന്നു പ്രതിഫലമായി അവൾ ഖനികളിൽനിന്നു പൊന്നും രത്നവും വാരിക്കൊടുത്തു. വയലുകളിൽനിന്നു വിളകൾ കുമ്പാരമായിക്കാഴ്ചവെച്ചു. കാടുകളിൽനിന്നു ആനകളേയും. അതുകൊണ്ടുണ്ടായ അഭിവൃദ്ധിക്കു് കയ്യും കണക്കുമില്ല. പക്ഷേ അതുകൊ

ണ്ടൊന്നും അതിഥിയുടെ വളച്ച് നിലച്ചില്ല. അഭിവൃദ്ധിയിലെത്തിയാൽ ക്രമേണ ക്ഷയോന്മുഖമാകുന്നതു് ചന്ദ്രനും സമുദ്രവുമാണു്. അദ്ദേഹമല്ല.

പ്രശംസിക്കത്തക്ക കർമ്മങ്ങളേ അദ്ദേഹം ചെയ്യുള്ളു. പ്രശംസിച്ചാൽ, അദ്ദേഹത്തിനു ലജ്ജയുമാണു്. അവരെ അദ്ദേഹത്തിന്നു വെറുപ്പുമാണു്. അങ്ങനെയൊക്കെയാണെങ്കിലും ആ അവികത്ഥനൻെറ പേരും പെരുമയും പെരുത്തതേഉള്ളു.

അങ്ങനെ അതിഥി സർവ്വൈശ്വര്യങ്ങളോടും കൂടി രാജ്യം ഭരിച്ചു. ഒരശ്വമേധം അദ്ദേഹവും വിജയപൂർവ്വം നടത്തി. ഇന്ദ്രൻ വേണ്ടടിക്കിൽ വേണ്ട കാലത്തു മഴ പൊഴിച്ചു. യമൻ രോഗങ്ങളൊന്നുമഴിച്ചുവിട്ടില്ല. വരുണൻ നദിയിലെ ഗതാഗതത്തിന്നു വെള്ളം ശരിപ്പെടുത്തി. കച്ചവടക്കാൎക്കു് സൌകൎയ്യം നല്കി. വൈശ്രവണൻ ഈടുവെപ്പു് സമ്പുഷ്ടമാക്കി. അങ്ങനെ ദിക്പാലന്മാർപോലും അദ്ദേഹത്തിൻെറ വരുതിക്കു കീഴ്വണങ്ങിനിന്നു.

# അദ്ധ്യായം 18.

അതിഥി നിഷധരാജാവിൻെറ മകളെയാണു് വിവാഹം കഴിച്ചതു്. അവരുടെ മകനെനിഷധനെന്നുതന്നെ വിളിച്ചുവന്നു. ആ പരമ്പര അങ്ങനെ തുടൎന്നു. നളൻ, നഭസ്സ്, പുണ്ഡരീകൻ തുടങ്ങി പല രാജാക്കന്മാരും നിഷധനെ തുടൎന്നു രാജ്യംവാണു. പറയത്തക്ക ഉയൎച്ചയും താഴ്ചയുമില്ലാതെ. അവസാ

നം സുദശ്നന്റെ മകൻ അഗ്നിവണ്ണന്നു രാജ്യഭാരം കിട്ടി.

അഗ്നിവണ്ണന്നു ചെറുപ്പമാണ്. നല്ല സൌന്ദയ്യം. അദ്ദേഹം കുറച്ചുവഷങ്ങളോളം രാജ്യം ഭരിച്ചു നോക്കി. ഒരു വിഷമം പിടിച്ചപണി! രാജ്യഭാരമെല്ലാം മന്ത്രിമാരിലപ്പിച്ച് അദ്ദേഹം അന്തഃപുരത്തിലെ രാജാവായി.

നൂറുകണക്കിന് യുവതികളില്ലാതെ അദ്ദേഹത്തിന് ഒരു ദിവസമെങ്കിലും കഴിയില്ല. കുറെ സല്ലപിക്കാൻ, കുറെ ജലക്രീഡക്ക്, കുറെ ദേഹം തിരുമ്മാൻ, കുറെ വിനോദയാത്രക്ക്. അങ്ങനെ അദ്ദേഹം ഒരുപരമരസികനായി അവരുടെയിടയിൽ വിലസി ആ സുഖിയന്ന് പ്രതിദിനം ഉല്ലാസം കൂടികൂടിവന്നു.

പ്രജകഠം അവരുടെ ഈശ്വരനെ ഒന്നു കാണാൻ കൊതിച്ചു. മാളികമുകളിൽ ജനൽപ്പഴുതിലൂടെ അദ്ദേഹത്തിന്റെ കൈയോ കാലോ ഒന്നു കണ്ടാൽമതി. "തമ്പുരാനേ! അടിയങ്ങഠംക്കൊന്നു ദശ്നം തരാനെങ്കിലും കനിവുണ്ടാകണേ, കനിവുണ്ടാകണേ" എന്നു മുറവിളിക്കുകയായി. സരസമായ സല്ലാപങ്ങഠംക്കിടയിൽ ആ ഓരിയിടൽ അദ്ദേഹത്തെ അസ്വസ്ഥനാക്കി അശരണരും നിരാശരുമായ പൌരർ അദ്ദേഹത്തിന്റെ നിഴൽകണ്ടു് നമസ്കരിച്ചുപോയി!

ഏതു സമയവും ആ യുവകോമളൻെറ മടിത്ത ട്ടിൽ ഒരു വിണ, അല്ലെങ്കിലൊരു വീണാവാണി, ഏതെങ്കിലുമൊന്നു സ്ഥലംപിടിച്ചിരിക്കും. മദിരയും മദിരാക്ഷികളുമില്ലാതെ ഒരുനിമിഷംപോലും കഴി ച്ചുകൂട്ടുക ദുസ്സഹമാണദ്ദേഹത്തിന്നു്. ആ കൊട്ടാരം യൌവനമദത്തിൻെറ ഒരു കൂത്തരങ്ങായിമാറി.

അങ്ങനെ വേനലും വർഷവും രാവുംപകലുമില്ലാ തെ ആ ചക്രവൎത്തി യൌവനസുഖമനുഭവിച്ചുകൊ ണ്ടിരുന്നു. സമൎത്ഥരായ മന്ത്രിമാരുടെ സാമൎത്ഥ്യമെ ന്നു പറയട്ടേ, രാജ്യം ശത്രുക്കളാരും ആക്രമിക്കുകയു ണ്ടായില്ല

രണ്ടുമൂന്നു വൎഷമേ അദ്ദേഹം അന്തഃപുരചക്ര വൎത്തിയായി വിലസിയുള്ളു. അപ്പോഴേക്കും ക്ഷയ ത്തിൻെറ ചിഹ്നങ്ങൾ ചിലതു് കണ്ടുതുടങ്ങി. ആ ദ്യമാദ്യം തുപ്പുന്നതിലല്പം ചോരകണ്ടു. ആ ചെറു പ്പം അതത്ര ഗണിച്ചതേഇല്ല. ചുമതുടങ്ങി. ഛൎദ്ദിതു ടങ്ങി. രക്തം! ദേഹം ക്രമേണ ഓജസ്സററു. ശക്തി കുറഞ്ഞു. പക്ഷേ വിഷയാസക്തി കൂടിക്കൂടിവന്നു. അതു് അടക്കണമെന്നുണ്ടു്; അസാദ്ധ്യമായിത്തോ ന്നി.

മുഖം കടലാസുപോലെ വിളൎത്തു. മാറിലെല്ലു കൾ തെളിഞ്ഞു ഏക്കം വ്യക്തമായും കണ്ടുതുടങ്ങി. ഉലപോലെ ആ ദേഹം ഏങ്ങിവലിക്കുമ്പോൾ തേ ജസ്സററ കണ്ണുകൾ തള്ളിത്തുറിച്ചു. സന്ധികൾ വേ

റിട്ടപോലെത്തോന്നിയ അദ്ദേഹത്തിന്നു തനിയെ നില്ക്കാൻവയ്യ, നടക്കാൻവയ്യ.

ചുമ വദ്ധിച്ചു. അതിന്നു് ഇലത്താളത്തിൻെറ നാദമായി കുരുതിയിൽ മുക്കിയ കവിടിപോലെ അദ്ദേഹം കഫം കാറിത്തുപ്പി.

ഒരു സഹധമ്മിണിയൊഴികേ മററാരുമടുത്തില്ല. യുവതികളെല്ലാം കൂപ്പയിൽനിന്നു കുരുവികളെന്നോണം പറന്നുപോയി അതിൽനിന്നവർ പലതും കൊത്തിത്തിന്നു വിശപ്പടക്കി. ഇന്നതു വെറുമസ്ഥികൂടം മാത്രമായവശേഷിച്ചിരിക്കയാണു്. ചുളിഞ്ഞുവിളത്ത തൊലികൊണ്ടതു് പൊതിഞ്ഞിരിക്കുന്നു അമിതമായ വിഷയതൃഷ്ണയുടെ പ്രദശ്നവസ്തു! നഗ്നമായ ദയനീയത!

മന്ത്രിമാർ യോഗംകൂടി. അതിൽ ആ അവശനിലയെപ്പററിപ്പയ്യാലോചനനടത്തി. അവരൊരു തീരുമാനത്തിലെത്തി.

ചുടുകാട്ടിൽ ചുടലത്തീ പുകഞ്ഞുകണ്ടു. മന്ത്രിമാരും ഏതാൻം ചില പൌരപ്രമുഖന്മാരും പുകഞ്ഞ ഹൃദയവും ഇരുണ്ട മുഖവുമായി അങ്ങുമിങ്ങും കാണപ്പെട്ടു. എങ്ങും ഒരനക്കമില്ല, ശബ്ദമില്ല.

ശോകമൂകമായൊരു പല്ലക്ക് അവിടെയെത്തി. വാഹകന്മാർ അതു് ആളിക്കത്തേറായ അഗ്നികുണ്ഡത്തിലേക്കുനീക്കി. അതിൽ അഗ്നിവണ്ണനുണ്ടു്. അദ്ദേഹത്തിൻെറ ഹൃദയം അപ്പോഠം മിടിക്കുന്നില്ല. അധി

കം താമസമുണ്ടായില്ല, വിഷയാഗ്നിതിന്നു തുപ്പിയ ആ അസ്ഥികൂടം ആ ചുടലത്തീയിൽകിടന്നു 'കടകട' എന്നു പൊട്ടിത്തുടങ്ങി.

ഗർഭിണിയായ സഹധർമ്മിണിയുടെ തേങ്ങൽ മാത്രം അന്തഃപുരത്തിലെ നഗ്നഭിത്തികൾ നിശ്ശബ്ദമായി കേട്ടു.

അടിയന്തരം കഴിഞ്ഞു ആ രാജസിംഹാസനം ശൂന്യമാണ്. സചിവന്മാർ ആ ഗർഭവതിയായ പട്ടമഹഷിയെ സാമ്രാജ്യത്തിന്റെ ചക്രവർത്തിനിയായഭിഷേകംചെയ്തു.

0 45

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA 2 Acc. No. 13240

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MA2
BHA-R

13240

ഭരതപിഷാരടി ഉ.വി
രഘുവംശം